
# മലങ്കര നാദം

RHYTHM OF FAITH


2018 ജനുവരി വാല്യം 3 ലക്കം 1



# ബത്തേരി രൂപതയുടെ പ്രാർത്ഥനാശംസകൾ



മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് കഴിഞ്ഞ 10 വർഷമായി സ്തുത്യർഹമായി നേതൃത്വം നൽകുന്ന അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് തിരുമേനി, ഭാരതകത്തോലിക്കാ മെത്രാൻ സംഘത്തിന്റെ തലവനെന്ന നിലയിലും, റോമിലെ കർദ്ദിനാൾ തിരുസംഘത്തിന്റെ ആലോചനക്കാരനെന്ന നിലയിലും; സഭയുടെ വിവിധ ഉന്നതാധികാര ശുശ്രൂഷകൾക്ക് നേതൃത്വം കൊടുക്കുന്ന ആത്മീയാചാര്യനെന്ന നിലയിലും നൽകിവരുന്ന സംഭാവനകൾ മഹത്തരമാണ്. ഭാരത സഭയുടെ വിവിധ ഭാഗങ്ങളിൽ പലതരത്തിലുള്ള വെല്ലുവിളികൾ ഉണ്ടാകുമ്പോൾ അവിടെയെല്ലാം ഓടിയെത്തി ദൈവീക സാന്നിദ്ധ്യം ആവുകയും, വളരെ പ്രത്യേകമായി കേരളത്തിലും, തമിഴ്നാട്ടിലും വീശിയടിച്ച ഓഖി ചുഴലിക്കാറ്റിൽ തകർന്നടിഞ്ഞ ജനവിഭാഗങ്ങളുടെ കണ്ണീരൊപ്പുവാൻ ബാവാതിരുമേനി നൽകിയ സാന്ത്വന ശുശ്രൂഷ ദൈവസ്നേഹത്തിന്റെയും കരുണയുടേയും ഉദാത്ത മാതൃകയാവുകയും ചെയ്തു. തിരുസഭസയ്ക്ക് ഈ കാലഘട്ടത്തിൽ അത്ഭുതാവഹമായ നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന കർദ്ദിനാൾ ക്ലീമീസ്ബാവാ തിരുമേനിക്ക് നാമഹേതുകത്തിരുനാളിന്റെ പ്രാർത്ഥനകളും ആശംസകളും സമർപ്പിക്കുന്നു.




മലങ്കരനാദം

ജനുവരി 2018

വാല്യം 3 ലക്കം 1



**രക്ഷാധികാരി**

മോസ്റ്റ് റവ. ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത

**സഹരക്ഷാധികാരികൾ**

വന്ദ്യ മോൺ. മാത്യു അറമ്പൻകുടി

വന്ദ്യ മോൺ. ഡോ. തോമസ് കാഞ്ഞിരമുകളിൽ

**ചീഫ് എഡിറ്റർ**

റവ. ഫാ. ഫിലിപ്പ് മാത്യു വെട്ടിക്കാട്ട്

+91 9446293293

frphilipbty@gmail.com

**പത്രാധിപർ**

റവ. ഫാ. ജോൺ ചരുവിള

റവ. ഫാ. പോൾ ആറ്റുപുറം

റവ. ഫാ. ജോർജ് കാലായിൽ

**സർക്കുലേഷൻ മാനേജർ**

റവ. ഫാ. ജെയിംസ് മലേപ്പറമ്പിൽ

+91 9446492543

**ഉപദേശകസമിതി**

ഡോ. ജോർജി കെ.ഇ.

ശ്രീ. സി.പി. തോമസ്

സി. ശുഭാ തെരേസ് ഡി.എം.

സി. പരിമള എസ്.ഐ.സി.

പ്രൊഫ. താരാ ജോൺസ്

ശ്രീ. ജോൺ മത്തായി കോലമല

ശ്രീ. ജോർജ് മാത്യു



**ഡിസൈനിംഗ് & പ്രിന്റിംഗ്**

സെന്റ് ജോസഫ്സ് പ്രസ്സ്

തിരുവനന്തപുരം 14



**വിലാസം**

മലങ്കരനാദം, ധർമ്മപീഠം

മലങ്കര കാത്തലിക്ക് ബിഷപ്പ്സ് ഹൗസ്

സുൽത്താൻ ബത്തേരി പി.ഒ., വയനാട്, കേരള - 673 592

ഫോൺ - 9446293293


# ഇതളുകൾ വിടരുമ്പോൾ...


എഡിറ്റോറിയൽ

പിതൃവചസ്സ്

ക്രിസ്തുമസ്:ശിശുത്വത്തിലേക്കുള്ള ക്ഷണം 6

അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് എപ്പിസ്കോപ്പ

അഭയം സന്മനസ്സുകളിൽ 9

പാണക്കാട് ഹൈദരലി ശിഹാബ് തങ്ങൾ

കിസ്തുമസ്: മതേതരത്വത്തിന്റെ നിതാന്ത കാഹളം 10

ഡോ. സുകുമാരൻ നായർ

ക്രിസ്തുമസ്: സ്നേഹബന്ധങ്ങൾ കൂട്ടിയിണക്കേണ്ട കാലം 11

അഭിവന്ദ്യ വർഗ്ഗീസ് ചക്കാലക്കൽ മെത്രാപ്പോലീത്ത

ക്രിസ്തുമസ്സ്: ദൈവമൊരുക്കിയ ശാന്തിയുടെ ഔഷധം 13

അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ മെത്രാപ്പോലീത്ത

ക്രിസ്തുമസ് ആശംസാ കാർഡുകൾക്കുമപ്പുറം 16

റവ. ഡോ. ജേക്കബ് പ്രസാദ്

ശാന്തിയുടെ നക്ഷത്രം 21

ഡോ. ജോർജ് ഓണക്കൂർ

പങ്കുവയ്ക്കാനായി ഒരു തിരുപ്പിറവി... 23

റവ. ഫാ. പീറ്റർ തോപ്പിൽ

കലണ്ടറിൽകണ്ട മുൾമരങ്ങൾ 25

ജോയ് തമലം

പുതുജീവിതത്തിലൂന്നിയ പുതുവർഷം 26

തങ്കം തോമസ്

പുത്തനാണ്ടിന്റെ പ്രതീക്ഷ 28

റവ. ഫാ. തോമസ് കല്ലൂർ

ഋതുഭേദങ്ങൾ 31

ഡോ. ഷേർലി സ്റ്റുവർട്ട്

മലങ്കരയുടെ ഒലീവ് മരം 33

വയലാർ ശരച്ചന്ദ്രവർമ്മ

പൊതുബോധം വിട്ടുവേണ്ട മതബോധം 34

ജോണി ലൂക്കോസ്

ഓഖി ദുരന്തം ഓർമപ്പെടുത്തുന്ന പാഠങ്ങൾ 37

ശ്രീവിദ്യ ശ്രീകുമാർ


വാർദ്ധക്ക്യകാല പരിപാലനയും നിയമപരിരക്ഷയും 39

ഡോ. തോമസ്കുട്ടി പനച്ചക്കൽ

പ്രമേഹം, അറിയേണ്ടതെല്ലാം. 42

Dr. Sabeer A Rasheed

ബോൺ നതാലേ 44



വായിക്കുക വരിക്കാരാവുക

മലങ്കര നാദം


**മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ**
**പ്രധാന പ്രസിദ്ധീകരണം**

**ജീവിതത്തിലെ സുഖദുഃഖങ്ങളിൽ നിങ്ങളോടൊപ്പം പങ്കുചേരുവാൻ**
**മലങ്കരനാദം ഏറെ ആഗ്രഹിക്കുന്നു.**

**മാമ്മോദീസാ, ആദ്യകുർബാന സ്വീകരണം, വിവാഹം, വിവാഹ വാർഷികം, മരണം, ഓർമ്മദിവസങ്ങൾ എന്നിവയുടെ അറിയിപ്പുകൾ മിതമായ നിരക്കിൽ മലങ്കരനാദം പ്രസിദ്ധീകരിക്കുന്നു.**

**അന്വേഷണങ്ങൾക്ക്**

**ചീഫ് എഡിറ്റർ, മലങ്കര നാദം, മാർ ഗ്രിഗോറിയോസ് കോളേജ് ഓഫ് ലോ**
**മാർ ഈവാനിയോസ് വിദ്യാനഗർ, നാലാഞ്ചിറ, തിരുവനന്തപുരം**
**Mob.: 9446293293**
**Email: frphilipbty@gmail.com**



# രക്ഷകരാകുവാനും.....
# രക്ഷിക്കപ്പെടുവാനും.....
# രക്ഷയ്ക്കായി കൊതിക്കുവാനും.....

മലങ്കരനാദം വായനക്കാർക്ക് എന്റെ ഹൃദയം നിറഞ്ഞ ക്രിസ്തുമസ്സ് - പുതുവത്സരാശംസകൾ....

കാലം തീവണ്ടിവേഗതയിൽ മുന്നോട്ട് കുതിക്കുമ്പോൾ കാലത്തിനൊപ്പമെത്തുവാൻ മനുഷ്യൻ കിണഞ്ഞ് പരിശ്രമിക്കുകയാണ്. നേട്ടത്തിൽ നോട്ടം വച്ചുള്ള നെട്ടോട്ടം വ്യഥാവിലാവാതിരിക്കുവാനായി ഒരു വഴിവിളക്കായി ക്രിസ്തുവെന്ന പുതുയുഗത്തിന്റെ പിറവി ആഗതമാവുകയായി.

പുതുവർഷത്തിന്റെ പ്രതീക്ഷകളിലേയ്ക്ക് പടികയറുവാൻ കാത്തിരുന്ന നമുക്ക്, പടിയിറങ്ങുന്ന പഴയ വർഷവസാനം സമ്മാനിച്ചത് കാറ്റിന്റേയും, കാത്തിരിപ്പിന്റേയും നൊമ്പരങ്ങളായിരുന്നു. അതിശക്തമായ ഓഖി ചുഴലിക്കാറ്റ് മരണവേഗതയിൽ വീശി അടിച്ചപ്പോൾ അതിനൊപ്പം പറന്നുപോയത്, തകർന്നുപോയത് കടപുഴകി വീണത് ഒരുപാട് മനുഷ്യരുടെ പ്രതീക്ഷകളും, സ്വപ്നങ്ങളും, ഉറ്റവരും,  ഉടയവരുമായിരുന്നു. അന്നത്തിനായി പോയവർ അതിരുകളില്ലാത്ത ലോകത്തിലേയ്ക്ക് അകന്നുപോയപ്പോൾ അലമുറയിട്ടുകരയുന്ന അമ്മമാരും, പെങ്ങന്മാരും, സഹോദരൻമാരും, കുഞ്ഞുങ്ങളും തിരാവേദനയായി മനസ്സിനെ പിടിച്ചുലയ്ക്കുന്നു. നഷ്ടങ്ങളുടെയും വേദനകളുടെയും തീരത്തണഞ്ഞിരിക്കുന്ന നമുക്ക് 2017 ലെ ക്രിസ്തുമസ് കാട്ടിത്തരുന്ന വലിയ ചിത്രം "ഉൾക്കടലിൽ സ്വജീവൻപോലും വെടിയാൻ തയ്യാറായി രക്ഷകരാകുന്നവരുടേയും, രക്ഷിക്കപ്പെട്ടവരുടേയും, രക്ഷയ്ക്കായി കൊതിച്ചവരുടേയും, ചിത്രമാണ്". രക്ഷകന്റെ ജനനം നാം ഘോഷിക്കുമ്പോൾ രക്ഷകൻ പങ്ക്വയ്ക്കുന്ന സന്ദേശവും ഇതുതന്നെയാണ്, "രക്ഷകരാകുക, രക്ഷിക്കപ്പെടുക, രക്ഷയ്ക്കായി കൊതിക്കുക".

ഓഖി തകർത്ത ബോട്ടിന്റെ പലകയിൽ അള്ളിപ്പിടിച്ച് മണിക്കൂറുകളോളം മരണത്തോട് മല്ലടിച്ച ഡെന്നി വിൻസെന്റ് തന്റെ സഹചാരികളോട് പറഞ്ഞു; "ഇനി എനിക്കാവില്ല. കൈയ്യും കാലും മരവിച്ചു. ഞാൻ പിടിവിടുകയാണ്. നിങ്ങളെങ്കിലും രക്ഷപ്പെടൂ". രക്ഷ ആഹ്വാനം ചെയ്ത് കടലിന്റെ ആഴങ്ങളിലേയ്ക്ക് ആഴ്ന്നിറങ്ങിയ തങ്ങളുടെ കുട്ടുകാരനെ കണ്ണീരോടെ കണ്ടുനിൽക്കുവാൻ മാത്രമേ ആ കുട്ടുകാർക്ക് കഴിഞ്ഞുള്ളൂ. മരണനേരത്തിലും അപരന്റെ രക്ഷ ആഗ്രഹിച്ച ഡെന്നി എന്ന മനുഷ്യൻ. മണ്ണിനെ രക്ഷിക്കുവാൻ.... വിണ്ണിൽ നിന്നിറങ്ങി വന്ന്, കുരിശിലെ വേദന നിറഞ്ഞ യാഗത്തിലൂടെ കടന്നുപോയപ്പോഴും ലോകത്തിന്റെ രക്ഷ ആഗ്രഹിച്ച തമ്പുരാന്റെ പ്രതിരൂപം. പുത്രനായ ഈശോ മരണത്തെ തോൽപ്പിച്ച് ഉയിർത്തെഴുന്നേറ്റ് ഇന്നും നമ്മുടെ ഇടയിൽ ജിവിക്കുന്നതുപോലെ സഹചാരികളുടെ രക്ഷ ആഗ്രഹിച്ച ഡെന്നി ഇന്നും ഒരുപാട് മനുഷ്യരുടെ മനസ്സുകളിൽ ജീവിക്കുന്നു.

ഈ വർഷത്തെ ക്രിസ്തുമസ് വേദന നിറഞ്ഞതാകുന്നുവെങ്കിലും പുൽക്കൂട് പങ്ക്വയ്ക്കുന്ന പ്രതീക്ഷയിൽ നമുക്ക് ജീവിക്കാം. "ഭയപ്പെടേണ്ട, ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു ഇന്ന് ജനിച്ചിരിക്കുന്നു (ലൂക്കാ 2:11). ചെറിയ കാര്യങ്ങളിൽ പോലും അപരന്റെ രക്ഷ ആഗ്രഹിച്ച് കൊണ്ട് രക്ഷകന്റെ മാതൃക പിൻചെന്നുകൊണ്ട് "രക്ഷകരാകുവാനും, രക്ഷിക്കപ്പെടുവാനും രക്ഷയ്ക്കായി കൊതിക്കുവാനും" നമുക്ക് പരിശ്രമിക്കാം.

**ഫാ. ഫിലിപ്പ് മാത്യു വെട്ടിക്കാട്ട്**
ചീഫ് എഡിറ്റർ, 9446 293 293

പിതൃവചസ്സ്

# ദൈവത്വവും മനുഷ്യത്വവും സ്വന്തമാക്കാൻ ഒരു ക്രിസ്തുമസ്സ്



രക്ഷകനായ യേശു ജനിച്ചതിന്റെ ഓർമ്മയാണ് ക്രിസ്തുമസ്സ്. ദൈവം മനുഷ്യനായതിന്റെ ആഘോഷമാണത്. ദൈവം ഭുമിയെ സ്പർശിച്ചതിന്റെ സ്മരണയാണ് ക്രിസ്തുമസ്സ്. അതൊരു ഇമ്മാനുവേൽ അനുഭവം. "ദൈവം നമ്മോടുകൂടെ" അനുഭവമാണ്. കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്നവൻ വിളിക്കപ്പെടും എന്ന പ്രവാചകവചനത്തിന്റെ (മത്താ. 1:22–23) പൂർത്തീകരണം അതാണ് ക്രിസ്തുമസ്സ്.

ദൈവം മനുഷ്യനോട് സംസാരിച്ച സ്നേഹത്തിന്റെ ഭാഷയാണ് ക്രിസ്തുമസ്സ്. തന്റെ ഏക ജാതനെ നല്കാൻ തക്കവണ്ണം. ഈ ലോകത്തെ സ്നേഹിച്ചു. (യോഹ. 1:16). ഇത് എല്ലാവർക്കും മനസ്സിലാകുന്ന ഹൃദയഭാഷയാണ്. ഈ ലളിതമായ ഭാഷ ഇന്നത്തെ മനുഷ്യൻ സംസാരിക്കുമ്പോൾ പലർക്കും മനസ്സിലാകുന്നില്ല. അമേരിക്കയിലെ വാഷിങ്ങ്ടൻ പട്ടണത്തിലെ കർദ്ദിനാൾ വൂൾ, ഒരിക്കൽ ടാക്സി കാറിൽ സഞ്ചരിക്കുമ്പോൾ ടാക്സിഡ്രൈവർ പറഞ്ഞു; "ഫ്രാൻസിസ്സ് മാർപ്പാപ്പ പറയുന്ന ദൈവത്തിന്റെ ഭാഷ ഞങ്ങൾക്ക് വേഗം മനസ്സിലാകുന്നു, നിങ്ങളിൽ പലരും സംസാരിക്കുന്ന ദൈവത്തിന്റെ ഭാഷ ഞങ്ങൾക്ക് മനസ്സിലാകുന്നില്ല" എന്ന്. ഫ്രാൻസിസ്സ് പാപ്പ സംസാരിക്കുമ്പോൾ പുൽക്കൂട്ടിൽ ജനിച്ച ശിശുവിന്റെ കനിവും, ആർദ്രതയുമുള്ള ഭാഷയായി മാറുന്നു. നമ്മിൽ പലരും സംസാരിക്കുമ്പോൾ ആർദ്രതയും കരുണയും അപ്രത്യക്ഷമാകുന്നു. ഇത് ദൈവം നമ്മോടു സംസാരിച്ച ഭാഷയല്ല, ഓഖി കൊടുങ്കാറ്റടിച്ച് ഭർത്താക്കന്മാരെയും മക്കളെയും കാണാതെ കടൽത്തീരത്ത് അലമുറയിടുന്ന അമ്മമാരുടെ ശബ്ദത്തിൽ ദൈവത്തിന്റെ ഭാഷയുണ്ട്. പുൽക്കൂട്ടിലെ ശിശുവിനെപ്പോലെ നിസ്സാഹായതയും, ദീനതയുടെയും കാരുണ്യത്തിന്റെയും ഭാഷ. ആ ഭാഷ മനസ്സിലാക്കാതെ തിരതല്ലിത്തകർത്ത തീരഭൂമിയിൽ മനുഷ്യശരീരങ്ങൾ ചത്ത മീനിനെപോലെ വന്നടിയുമ്പോൾ അതിന്റെ ദാർശനീകതയും പ്രത്യയശാസ്ത്രവും പ്രഘോഷിച്ചുകൊണ്ട് ചാനൽ ചർച്ചകൾ നടന്നത് ഭർത്താക്കന്മാരെയും മക്കളെയും നഷ്ടപ്പെട്ട അമ്മമാരെ സഹായിക്കാനല്ലാ മറിച്ച് കേരളത്തിൽ ചില ചാനലുകൾക്ക് ഭ്രാന്ത് പിടിച്ചിരിക്കുന്നുവെന്ന് ഓർമ്മപ്പെടുത്താനാണ്. മനുഷ്യത്വം വീണ്ടെടുത്ത് നല്ല മനുഷ്യനാകാനാണ് ക്രിസ്തുമസ്സ് ആഘോഷം. മനുഷ്യത്വം മരിക്കുകയും, മരവിക്കുകയും ചെയ്തിരിക്കുന്ന കടലോര ദുരന്തഗ്രാമങ്ങളിലാണ് ഈവർഷം ക്രിസ്തു ജനിക്കുക. അവിടെ ചെന്ന് പൊന്നും മീറയും കുന്തിരിക്കവും കാഴ്ചവച്ച് യേശുവിനെ വണങ്ങാനുള്ള ഹൃദയവിശാലത ഭരണാധിപന്മാർക്കും പൊതുസമൂഹത്തിനും സഭാധികാരികൾക്കും വിശ്വാസസമൂഹത്തിനും ഉണ്ടാകേണ്ട ക്രിസ്തുമസ്സ് ആഘോഷമാണ് ഈ വർഷത്തേത്. നഷ്ടപ്പെട്ട മനുഷ്യത്വവും, ദൈവത്വവും വീണ്ടെടുക്കുന്നതാണ് ക്രിസ്തുമസ്സ്.

ആംഗലേയ നോവലിസ്റ്റ് ചാൾസ് ഡിക്കൻസ് ഒരിക്കൽ പറഞ്ഞു; "ഞാൻ ക്രിസ്തുമസ് എന്റെ ഹൃദയത്തിൽ ആഘോഷിക്കും". നമ്മൾ ക്രിസ്തുമസ്സിന് പുൽക്കുടും, നക്ഷത്രവും, സാന്താക്ലോസും ഒക്കെ ആഘോഷത്തിന്റെ ഭാഗമാക്കുകയും, ഈ ആഘോഷത്തിന്റെ സന്ദേശമായ യേശു ഹൃദയത്തിൽ ജനിച്ചില്ലെങ്കിൽ, ക്രിസ്തുവില്ലാത്ത ആഘോഷമായി അത് മാറും. ഇതാ സർവ്വജനത്തിനും വേണ്ടിയുള്ള ഒരു സന്തോഷത്തിന്റെ സദ്വാർത്ത നിങ്ങളെ അറിയിക്കുന്നു, നിങ്ങൾക്കായി ഒരു രക്ഷകൻ പിറന്നിരിക്കുന്നു. (ലൂക്ക. 2:10–12) ക്രിസ്തുമസ്സ് സന്തോഷത്തിന്റെ തിരുന്നാളാണ്. രക്ഷകൻ പിറന്നതിന്റെ സന്തോഷം, ആഹ്ലാദം. ഇന്ന് ക്രിസ്തുമസ്സ് മൂന്ന് രീതിയിൽ ആഘോഷിക്കുന്നു. ഒന്ന്, ഒരു സെക്കുലർ ക്രിസ്തുമസ്സാഘോഷം. തിന്നുകുടിച്ച് ആർത്ത് ഉല്ലസിക്കുന്ന ക്രിസ്തുമസ്സ്. ഇത് തീറ്റസംസ്ക്കാരത്തിന്റെ സദ്വാർത്തയാണ്. അവിടെ 'രക്ഷകന്' പ്രസക്തിയില്ല. രണ്ട്, ബിസ്സിനസ്സ് ക്രിസ്തുമസ്സാണ്. Business christmas

സാധനങ്ങളുടെ വിറ്റുവരവിനെയും, ലാഭനഷ്ടങ്ങളെയും കേന്ദ്രീകരിച്ചുള്ള ആഘോഷമാണ്. ക്രിസ്തുമസ്സ്കാലത്ത് എത്രമാത്രം വിറ്റുവരവ് നേടാൻ പറ്റും എന്നതിന്റെ കണക്കെടുപ്പ്. മൂന്നാമത്തേത്, ഒരു മിഷനറി ക്രിസ്തുമസ്സാണ്. അത് ഹൃദയത്തിലെ ക്രിസ്തുമസ്സാണ്. ഹൃദയത്തിൽ ആഘോഷിക്കപ്പെടുന്ന ക്രിസ്തുമസ്സിന് നമുക്ക് സ്നേഹം പകരാൻ പറ്റും, കരുണകാണിക്കാൻ പറ്റും, സമാധാനം പങ്കുവയ്ക്കാൻ പറ്റും. ഈ വിശാലതയുടെ മിഷൻ ഏറ്റെടുക്കുന്ന ക്രിസ്തുമസ്സാണ് ഹൃദയത്തിലെ ക്രിസ്തുമസ്സ്. നമ്മുടെ ക്രിസ്തുമസ്സ് ആഘോഷം ഇതാകണം.

ക്രിസ്തുമസ്സ് നമുക്കു നല്കുന്ന മറ്റൊരു സന്ദേശം പ്രതീക്ഷയുടെയും പ്രത്യാശയുടെയും സന്ദേശമാണ്. ഈ ക്രിസ്തുമസ്സോടുകൂടി 2017 കടന്നുപോവുകയും 2018 നെ നാം സ്വാഗതം ചെയ്യുകയുമാണ്. ജീവിതം ഒരു യാത്രയാണ്. ഒരിക്കൽ ആരംഭിച്ച് അവസാനിക്കുന്ന യാത്ര. 2017 ന് നന്ദി. 2018 ന് സ്വാഗതം എന്നു പറയുമ്പോൾ, 2017 ൽ ലഭിച്ച നിരവധിയായ നന്മകൾക്ക് നന്ദി പറയണം. നമുക്ക് ലഭിച്ച അനുഗ്രഹങ്ങൾ, അവസരങ്ങൾ, അനുഭവങ്ങൾ, ആരോഗ്യം, സന്തോഷം, ദുഃഖം, നേട്ടങ്ങൾ, സൗകര്യങ്ങൾ, അറിവ്, ആനന്ദം, ജോലി, കടന്നുപോയ അപകടങ്ങൾ! ദൈവം നമ്മെ ഉള്ളംകയ്യിൽ എടുത്തതിന് നന്ദി. H.G. Hollane എന്ന എഴുത്തുകാരൻ പറയുന്നത്, "ഓരോ നല്ല പ്രവൃത്തിയും ദൈവത്തിലേക്കുള്ള കാൽവയ്പ്പാണ്". യേശുവിന്റെ പുൽക്കൂടിലേക്കുള്ള ദൂരമാണ് യഥാർത്ഥ സന്തോഷത്തിന്റെയും സൗഭാഗ്യത്തിന്റെയും ദൂരം. യേശുവിന്റെ പുൽക്കൂട്ടിൽ നാം സമ്പാദിച്ചവയും, ഇനിയും സമ്പാദിക്കാൻ പോകുന്നവയും സമർപ്പിച്ചാൽ 2018 നമുക്ക് അനുഗ്രഹവർഷമായിത്തീരും. നമ്മൾ ക്രിസ്തുവിനെ ലോകത്തിന് ചൂണ്ടികാണിക്കുന്ന നക്ഷത്രങ്ങളാകണം. സാന്താക്ലോസിനെപ്പോലെ വിശക്കുന്നവർക്കും അഗതികൾക്കും ഓഖി ദുരന്തക്കാറ്റിൽ എല്ലാം നഷ്ടപ്പെട്ടവർക്കും സഹായം എത്തിക്കുന്നവരാകണം. അങ്ങിനെ ഹൃദയത്തിൽ ക്രിസ്തുമസ്സ് ആഘോഷിച്ചുകൊണ്ട് പുതുവർഷത്തെ സ്വാഗതം ചെയ്യാം.


ഏവർക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ!

**ഡോ. ജോസഫ് മാർ തോമസ്**
(രൂപതാദ്ധ്യക്ഷൻ)



# ക്രിസ്തുമസ്: ശിശുത്വത്തിലേക്കുള്ള ക്ഷണം

**അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് എപ്പിസ്കോപ്പ**



ദൈവം ഇനിമേൽ അമൂർത്തമായ ഒരാശയമല്ല, മൂർത്തമായ അനുഭവമാണ്. ദൈവം ശിശുവായി ഈ ഭൂമിയിൽ ജനിച്ചു. ദൈവത്തിന്റെ ഭാഷ ശിശുവിന്റെ ഭാഷതന്നെ. ദൈവം ശിശുവായി ജനിച്ചു എന്ന രഹസ്യം സജീവ അനുഭവമാകാൻ നമ്മെ വീണ്ടും ജനനത്തിലേക്ക് ക്ഷണിക്കുന്ന തിരുന്നാളാണ് ക്രിസ്തുമസ്. ഈ അനുഭവം ദൈവമക്കൾക്ക് അനിവാര്യമാണ്. ''സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങൾ മാനസ്സാന്തരപ്പെട്ട് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല. ഈ ശിശുവിനെപ്പോലെ സ്വയം ചെറുതാകുന്നവനാണ് സ്വർഗ്ഗരാജ്യത്തിലെ ഏറ്റവും വലിയവൻ. ഇതുപോലെയുള്ള ഒരു ശിശുവിനെ എന്റെ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു'' (മത്താ. 18:3-5).

## പുതുപ്പിറവിയുടെ ബലി

ക്രിസ്തുമസ് ക്രിസ്തുവിന്റെ ബലിയാണ്. ക്രിസ്തുമസ്സിന്റെ പദാർത്ഥവും അതുതന്നെയാണ്. ശിശുവാകുവാൻ ഒരു ബലി ആവശ്യമുണ്ട്. ഓരോ വേദനയും പിറവിയുടെ വേദനയിൽ, ഒരു പുതുപ്പിറവിയുടെ വേദന. അതുകൊണ്ടുതന്നെ ഈ ബലിക്കുള്ള അവസരമാണ് ക്രിസ്തുമസ്സ്. പാപംകൊണ്ട് വാർദ്ധക്യവും അന്ധതയും, വന്ധ്യതയും ബാധിച്ച ലോകത്താണ് ദൈവം ശിശുവായി പിറന്നത്. നമ്മുടെ ശിശുക്കൾ അതിവേഗം ശിശുത്വത്തിന്റെ നിഷ്ക്കളങ്കതയും ആശ്രയബോധവും തുറവിയും നഷ്ടപ്പെടുത്തി പ്രായാധിക്യത്തിന്റെ പാരുഷ്യത്തിലെത്തുന്നു. യേശു പഠിപ്പിക്കുന്നത് പ്രായമായവർ ശിശുക്കളാകണമെന്നാണ്. കുഞ്ഞ് വളർന്ന് മുതിർന്നവനാകുന്നതിനേക്കാൾ ക്ലേശകരമാണ് പ്രായപൂർത്തിയായ ഒരുവൻ തന്നിലെ നിഷ്കളങ്കത കണ്ടെത്തി ശിശുവാകുക. കപടതയില്ലാത്ത ജീവിതത്തിലേക്ക് പ്രവേശിക്കുക എന്നർത്ഥം. വിശുദ്ധ പൗലോസ് നമ്മെ ഉപദേശിക്കുന്നു. ''ചിന്തയിൽ നിങ്ങൾ ശിശുക്കളാകരുത്. തിന്മയെ സംബന്ധിച്ച് നിങ്ങൾ പൈതങ്ങളെപ്പോലെയും, ചിന്തയിൽ നിങ്ങൾ പക്വമതികളെപ്പോലെയും ആകണം'' (1 കോറി. 14:20).

മനുഷ്യൻ വീണ്ടും യഥാർത്ഥ മനുഷ്യനായി പിറക്കാനാണ് ദൈവം ശിശുവായത്. എന്റെ ശൈശവത്തിലെ നിർമ്മലഹൃദയം തിരിച്ചുതരേണമേ എന്ന് പ്രാർത്ഥിക്കുവാനുള്ള അവസരമാണിത്. കപടവേഷമണിയുന്ന ഏതൊരുവന്റെയും ശത്രുവാണു കാലിത്തൊഴുത്തിൽ പിറന്നവൻ. നമ്മുടെ ഹൃദയത്തിൽ കുറുനരികൾക്കടുത്ത കപടചിന്തകളും, ചതിപ്രയോഗങ്ങളും, ആകാശപ്പറവകൾക്കടുത്ത അത്യാഗ്രഹങ്ങളും കൂടുകൂട്ടുമ്പോൾ ദൈവിക ശിശുവിന് അവിടെ പ്രവേശനമില്ല. അവിടെ മറ്റു ഭീകരജന്മങ്ങൾ പിറവിയെടുക്കും.

## ശിശുത്വം നഷ്ടപ്പെടുത്തിയവർ

മറ്റുള്ളവരുടെ ആവശ്യങ്ങളും ആകുലതകളും കാണാ

നും, അറിയാനും അതിൽ പങ്കുചേരാനും കഴിയാത്തവർക്ക് ശിശുഹൃദയമില്ല. ജറുസലേം സത്രം ഉടമയ്ക്കും, നഗരത്തിലെ കുടുംബനാഥന്മാർക്കും ശിശുഹൃദയം ഇല്ലാതെ പോയി. അതുകൊണ്ടുതന്നെ ശിശുവായ യേശുവിനു മുമ്പിൽ അവർ വാതിലടച്ചു. ദൈവം തരുന്ന കുഞ്ഞിന് പിറക്കാൻ ഉദരം നിഷേധിക്കുന്ന അമ്മമാർക്കും ഇവരുടെ മുഖഛായയാണ്.

**പങ്കുവയ്ക്കാൻ തയ്യാറാകാതെ**

ആ സത്രത്തിൽ അന്നു രാത്രി പാർക്കാൻ ഏറ്റവും അർഹതയുള്ള കുടുംബത്തെയാണു സത്രം ഉടമ നിസ്സംഗതയോടെ പുറംതള്ളിയത്. ദൈവം ദാനമായി നല്കിയ സമ്പന്നതയുടെ തിമർപ്പിൽ തങ്ങളുടെ കുടുംബത്തിലെ സുഖസൗകര്യങ്ങൾ പങ്കുവയ്ക്കാൻ തയ്യാറാകാതെ, ഭവനങ്ങളുടെ വാതിൽ അടഞ്ഞു കിടന്നു. ആർത്തിയുടെയും സുഖഭോഗങ്ങളുടെയും അടിമത്വത്തിലമർന്ന് ദൈവം പിറക്കാനായി തുറക്കാത്ത വാതിലുകൾ ഇന്നും സർവ്വസാധാരണമാണ്. ഒന്നുകൂടി ഓർമ്മിക്കുക നമ്മുടെ മുമ്പിൽ അടയുന്നവാതിലുകൾ തുറന്നകിടക്കുന്ന വഴികളിലേക്കു തിരിയാനുള്ള ക്ഷണമാണ്; ചൂണ്ടുപലകകളാണ്.



**ഭരണാധികാരി ഭീകരനാകുമ്പോൾ**

ഹേറോദേസിന് ശിശുഹൃദയത്തിന്റെ ആർദ്രതയില്ല; നൈർമ്മല്യവുമില്ല. കല്ലിച്ചുപോയ ഹൃദയം തന്നെത്തന്നെ ദൈവമാക്കുന്നിടത്തോളം എത്തി. ആ ഹൃദയത്തിൽ തന്നെത്തന്നെ പ്രതിഷ്ഠിച്ച് പൂജാർപ്പണം നടത്തുന്ന അവൻ, കുഞ്ഞുങ്ങളെ കൊന്നൊടുക്കി താനാകുന്ന വിഗ്രഹത്തിന് ബലിവസ്തുവാക്കി; തലമുറകളുടെമേൽ ശാപം വലിച്ചുവച്ചു. പുല്ക്കൂട്ടിലെത്തി ശിശുഹൃദയത്തോടെ മുട്ടുമടക്കേണ്ടവൻ, ദൈവപൈതലിനെ കൊല്ലാൻ വാളുയർത്തി. സർവശക്തനായ ദൈവമുണ്ടെന്നും എന്റെ അധികാരം ദൈവമഹത്വത്തെ മുൻനിർത്തി ശുശ്രൂഷയായി നിറവേറ്റാനുള്ള നിയോഗമാണെന്നും വിസ്മരിച്ച ഹേറോദേസ് തന്നെത്തന്നെ ദൈവമാക്കാൻ ശ്രമിച്ചു. പ്രജകളെ സംരക്ഷിക്കുകയാണ്, കൊന്നൊടുക്കുകയല്ല ഭരണകർത്താവിന്റെ ധർമ്മമെന്ന വെളിച്ചം നഷ്ടപ്പെട്ട രക്തദാഹി. ശിശുത്വത്തിന്റെ നൈർമല്ല്യം നഷ്ടപ്പെടുത്തുന്നവർ ഭീകരതയുടെ പടുകുഴിയിൽ പതിക്കുന്നു. ഭരണാധികാരി തന്നെ ഭീകരനായായാലോ?

സ്വർഗ്ഗത്തിന്റെ വാതിൽ തുറന്നുകൊടുക്കേണ്ട വേദപണ്ഡിതരും മതനേതാക്കന്മാരും നിക്ഷിപ്ത താല്പര്യക്കാരാകുന്നു. അതുകൊണ്ട് അടഞ്ഞ സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കാനുള്ള താക്കോൽ യേശു ക്രിസ്തുവാണെന്ന് അവർക്ക് ഗ്രഹിക്കാനായില്ല, അങ്ങനെ അവരും സത്യം തിരിച്ചറിഞ്ഞ് സ്വീകരിക്കാനുള്ള ശിശുത്വം നഷ്ടപ്പെടുത്തിയവരാണ്. വെളിച്ചത്തിലേക്ക് നയിക്കേണ്ടവർ സ്വയം സൃഷ്ടിച്ച ഇരുട്ടിൽ തപ്പിത്തടയുന്നു.

**പുൽക്കൂട് പാഠശാല**

ശിശുത്വത്തിന്റെ പാഠശാലയാണു പുൽക്കൂട്. ഈ പാഠശാലയിലെ അദ്ധ്യാപകരും പരിശീലകരുമാണ് മറിയവും, യൗസേപ്പും, സഖറിയായും എലിസബത്തും, യോഹന്നാനും, ശെമയോനും, ഹന്നായും പുജാരാജാക്കന്മാരുമെല്ലാം. പുല്ക്കൂടിന്റെ ലാളിത്വത്തിലും തുറവിയിലും ജീവനമന്ത്രം ഉൾചേർത്തിരിക്കുന്നു. വിലകുറഞ്ഞ കച്ചിയും കടലാസ്സും കമ്പുകളും പുൽക്കൂടിന് ഉപയോഗിക്കുന്നു. ആഡംബരവസ്തുക്കൾ പുൽക്കൂടിന്റെ ഭംഗികളയുകയേ ഉള്ളൂ. മിന്നാമിനുങ്ങുകൾ തെളിച്ച ദീപാലങ്കാരമായിരുന്ന പുല്കുടിന്റെ അലങ്കാരം. വൈക്കോലുകൊണ്ടുള്ള മെത്തയാണ് ശിശുവിന്റെ കിടക്ക. യൗസേപ്പുപിതാവിന്റെ ശിരോവസ്ത്രമായിരുന്നു ഉണ്ണിയുടെ പിള്ളക്കച്ചയെന്ന് വിശ്വസിക്കപ്പെടുന്നു. ശിശുമനസ്സുള്ളവർക്കേ പുൽക്കൂട്ടിലെത്താനാകൂ. അവിടെ ആനന്ദം അനുഭവിക്കാനാവു; പുൽക്കുട്ടിൽ ദൈവാലയം ദർശിക്കാനാകു; ശിശുവായ

ഈശോയിൽ ദൈവപുത്രനെ കാണാൻ കഴിയൂ. ജീവിതത്തിന്റെ നിക്ഷേപപാത്രങ്ങൾ തുറന്ന് ഉണ്ണിയേശുവിനു മുമ്പിൽ സമർപ്പിക്കുവാനും സാധിക്കൂ. കൊട്ടാരത്തിന്റെ കാപട്യത്തിൽ നിന്നും ഭൗതിക സമൃദ്ധിയിൽ നിന്നും പുൽക്കൂടിന്റെ ലാളിത്യത്തിലെത്താൻ നമുക്ക് കഴിയുമോ? പുൽക്കൂട് കൊട്ടാരമാക്കാനല്ല കൊട്ടാരം പുൽക്കൂടാക്കാനാണ് യേശു വന്നത്.

ശിശുനല്കുന്നത് സ്വർഗ്ഗത്തിന്റെ നൈർമ്മല്യമാണ്. ഒരു ശിശുവിന്റെ സാന്നിദ്ധ്യം എല്ലാവരിലും ഒരു കുട്ടിത്തത്തിന്റെ മനോഭാവം ഉണർത്തും ദിവ്യശിശുവായ യേശു ഒരു തലമുറയെ ശിശുത്വത്തിലേക്കു ക്ഷണിക്കുന്നു. നമുക്ക് ശിശുക്കളാകാൻ ആഗ്രഹിക്കാം.

**പരിശുദ്ധ അമ്മ – അദ്ധ്യാപിക**

മകനോടൊപ്പം ശിശുവായ അമ്മയാണ് പരിശുദ്ധമറിയം. ശിശുത്വം സ്വീകരിച്ച മറിയമാണ് യേശുവിന് മാംസം നല്കിയത്. പരിശുദ്ധാത്മാവാണ് ഈ ശിശുത്വം മറിയത്തിന് സമ്മാനിച്ചത്. പരിശുദ്ധാത്മാവിൽ നിറയുന്നവരെല്ലാം ശിശുത്വത്തിൽ പുനർജനിക്കുന്നു; ലോകത്തിന്റെ മുമ്പിൽ ഭോഷത്തമെന്നു തോന്നുന്ന അവസ്ഥ. ആത്മഹർഷത്തിൽ യേശു ഉദ്ഘോഷിക്കുന്നത് ഇതാണ്, പിതാവേ ബുദ്ധിമാന്മാരിൽ നിന്നും വിവേകികളിൽ നിന്നും മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തിയിരിക്കുന്നതിനാൽ നിന്നെ ഞാൻ സ്തുതിക്കുന്നു.''

പരിശുദ്ധ മറിയം ദൈവത്തിന്റെ ദൂത് സ്വീകരിക്കുവാൻ തക്കവണ്ണം ജീവിതത്തെ സ്വർഗ്ഗത്തിന്റെ പരിശുദ്ധിയിൽ ഏകാഗ്രമാക്കി. കാലുഷ്യംപകരുന്ന ലോകത്തിന്റെ ശബ്ദകോലാഹലങ്ങളിൽ നിന്നും, സന്ദേശങ്ങളിൽ നിന്നും അകന്ന് സ്വർഗ്ഗദൂത് സ്വീകരിക്കാൻതക്ക നൈർമ്മല്യത്തിൽ ദൈവപൈതലായി നിലനിന്നു. സ്വർഗ്ഗത്തിന്റെ ദൂതനെ ദർശിക്കാനും തിരിച്ചറിയാനും കഴിയുന്ന ശിശുവിന്റെ കാഴ്ച അവൾ സൂക്ഷിച്ചു. സ്വർഗ്ഗത്തിന്റെ കൃപ സ്വീകരിക്കാൻ തക്കവണ്ണം സ്വയം ശൂന്യവല്ക്കരിച്ചു.

കൊച്ചുകുട്ടിയുടെ നിഷ്ക്കളങ്കതയും ആശ്രയബോധവുമാണ് വിശുദ്ധ യൗസേപ്പിൽ പ്രകടമായത്. യുവാവായ യൗസേപ്പിനു സ്വർഗ്ഗം നല്കുന്ന സന്ദേശങ്ങൾ അവിശ്വസനീയമെന്നു തള്ളാമായിരുന്നു. ഒരു ശിശുവിന്റെ മനോഭാവത്തോടെയാണു ആ സന്ദേശങ്ങൾ എല്ലാം സ്വീകരിച്ചതും നിറവേറ്റിയതും. മറുചോദ്യമില്ലാതെ അനുസരിക്കുന്ന ഈ നീതിമാന്റെ ഹൃദയം ശിശുവിന്റേതുതന്നെയാണ്. ഉറക്കത്തിലും ദൈവസ്വരത്തോട് ഉണർവ് പുലർത്തുന്ന വിശുദ്ധ യൗസേപ്പിന്റെ നിതാന്തജാഗ്രത ആരെയും ആത്ഭുതപ്പെടുത്തുന്നതാണ്.

**ശിശുത്വം ആഘോഷിക്കുന്ന കുടുംബം**

ഈശോയുള്ള കുടുംബമാണ് തിരുക്കുടുംബം. കുടുംബത്തിന്റെ നാഥനായ യൗസേപ്പ്, നീതിമാനും ദൈവ പ്രമാണങ്ങൾ പാലിക്കുന്നവനുമാണ്; കുടുംബനാഥയായ മറിയം നന്മനിറഞ്ഞവളും ദൈവഹിതത്തിന് വിധേയപ്പെട്ട് ജീവിക്കുന്നവളും. ബാലനായ യേശു മാതാപിതാക്കൾക്ക് വിധേയപ്പെട്ട് ജീവിക്കുന്ന മകൻ. ദമ്പതികൾ തമ്മിലുള്ള സ്നേഹം ആഴവും പരസ്പരം പോഷിപ്പിക്കുന്നതുമാണ്. ജീവിതത്തിന്റെ പ്രതിസന്ധികളിൽ ശിശുവിന്റെ മനോഭാവത്തോടെ ദൈവഹിതം മാത്രം തേടുന്ന മാതാപിതാക്കൾ. ശിശുത്വം നഷ്ടപ്പെടാതിരിക്കാനും ശിശുത്വത്തിൽ വളരാനും പരിശുദ്ധാത്മാവിൽ ജീവിക്കുന്ന തിരുക്കുടുംബം സ്വർഗ്ഗത്തിന്റെ നേർപതിപ്പാണ്. അവിടെ ആഘോഷിക്കപ്പെടുന്നത് ശിശുത്വത്തിന്റെ ലാവണ്യമാണ്.

**ശിശുത്വം കൈവെടിയാതെ**

പ്രായമായവരും ശിശുത്വം ജീവിക്കുന്നതിന്റെ നേർക്കാഴ്ചയാണ് ആട്ടിടയന്മാരിലും ജ്യോതിശാസ്ത്രജ്ഞന്മാരിലും ശെമയോനിലും ഹന്നായിലുമെല്ലാം പ്രകടമാകുന്നത്. സ്വർഗ്ഗീയ ദൂതന്മാരുടെ സംഗീതം ശ്രവിക്കാനും ആ സ്വർഗ്ഗീയ താളലയത്തിൽ യേശുവിനെ തേടി ഇറങ്ങാനും കുഞ്ഞുമനസ്സാണ് വേണ്ടത്. ഈ മനസ്സാണ് ആട്ടിടയന്മാരെ പുൽക്കൂട്ടിലെത്തിച്ചത്. നക്ഷത്രത്തിനു പിന്നാലെ സഞ്ചരിക്കുന്ന ജ്യോതിശാസ്ത്രജന്മാർ പൂമ്പാറ്റയുടെ പിന്നാലെ ഓടുന്ന ശിശുക്കളുടെ മനസ്സുള്ളവരാണ്. പരിശുദ്ധാത്മാവിൽ നിറഞ്ഞ ശെമയോൻ മറ്റാരും കാണാത്ത കാഴ്ചയാണു ഉയർത്തിപ്പിടിച്ചിരിക്കുന്ന ദിവ്യശിശുവിൽ കണ്ടത്; ഒരു കൊച്ചുകുഞ്ഞിന്റെ സ്വരമാണ് അപ്പോൾ ശെമയോന്റെ നാവിൻ തുമ്പിലൂടെ ഒഴുകുന്നതും. ദേവാലയം വിട്ടുപോകാതെ ഉപവാസത്തിലും പ്രാർത്ഥനയിലും രാപകൽ ദൈവസ്തുതിപ്പിലും കഴിയുന്ന വിധവയായ ഹന്ന പ്രവാചികയ്ക്ക് വയസ്സ് എൺപത്തിനാലായെങ്കിലും പെരുമാറ്റവും വാക്കുകളും കൊച്ചുകുട്ടിയുടേതാണ്. അവർക്കെല്ലാം ക്രിസ്തുമസ് അനുഭവമായി.

ഓർമ്മിക്കുക. ഈ ശിശുത്വം ഇല്ലാതെ പോയതുകൊണ്ടാണ് പല മംഗളവാർത്തകളും കേൾക്കാതെ പോയത്; പല പുൽക്കൂടുകളും കാണാതെ പോയതും. നമുക്ക് ശിശുക്കളാകാം. പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ.



# അഭയം സന്മനസ്സുകളിൽ

**പാണക്കാട് ഹൈദരലി ശിഹാബ് തങ്ങൾ**

ഒരു ക്രിസ്തുമസ്സ്കൂടി ആഗതമാവുകയാണ്. യേശുക്രിസ്തുവിന്റെ പാവനസ്മൃതികളിൽ കാലവും ലോകവും ലയിച്ചു നിൽക്കുന്ന സന്ദർഭം. ആ പിറവിയുടെ മഹനീയതയും മാനവകുലത്തിന്റെ മോചനത്തിനായി അർപ്പിക്കപ്പെട്ട ആത്മബലിയും ഇന്നത്തെ സാഹചര്യങ്ങളുമായി തുലനം ചെയ്യാൻ ലോകർക്ക് കരഗതമാകുന്ന ഒരു അവസരം കൂടിയായി ക്രിസ്തുമസ്സ് ദിനങ്ങൾ മാറുന്നു. പുൽക്കൂട്ടിൽ പിറവിയെടുത്ത് എണ്ണിയാൽ ഒടുങ്ങാത്ത സഹനങ്ങളിലൂടെ കാൽവരിക്കുന്നിൽ എത്തിയ കരുണാമയന്റെ ജീവിതചിത്രം മനുഷ്യരാശിയുള്ള കാലത്തോളം പ്രത്യാശാകിരണങ്ങൾ പ്രസരിപ്പിച്ച് നിലകൊള്ളുക തന്നെ ചെയ്യും. സ്വജീവിതം അന്യജീവനുതകുമാറ് ധന്യരാക്കിയവരാണ് മാനവ വിമോചകരെല്ലാവരും.

ഈ അവസരത്തിൽ ലോകത്തെയും ഇന്ത്യയെയും ചൂഴ്ന്ന് നിൽക്കുന്ന ചില പ്രശ്നങ്ങൾ എന്നിലും ആശങ്ക സൃഷ്ടിക്കുന്നു. ഒരിക്കലും നിലയ്ക്കാത്ത അഭയാർത്ഥി പ്രശ്നം നിസ്സഹായനായ മനുഷ്യൻ നേരിടുന്ന ഏറ്റവും വലിയ വിധിവൈപരീത്യമാണ്. ഉറ്റവരോടും ഉടയവരോടും ഒപ്പം പാർപ്പിടങ്ങളിൽ നിന്നും നാട്ടിൽ നിന്നും ആട്ടിയോടിക്കപ്പെട്ട് കാണാമറയത്തുള്ള അപരിചിത അഭയസ്ഥാനങ്ങൾ തേടി അലയേണ്ടിവരുന്ന വിധിയുടെ ഈ ബലിമൃഗങ്ങളുടെ രോദനം തുടർക്കഥയാവുന്നു. പലായനത്തിന്റെ ദയനീയ ഇരകൾ മിക്കപ്പോഴും സ്ത്രീകളും കുഞ്ഞുങ്ങളുമാണ്. ഏകദേശം ഇരുപത് കോടി അഭയാർത്ഥികൾ ഇപ്പോൾ ലോകത്താകെയുണ്ട് എന്നാണ് കണക്ക്. ഓർക്കുന്നില്ലേ, സിറിയയിൽ നിന്ന് കുടുംബത്തോടൊപ്പമുള്ള നൗകയിലെ പലായനത്തിനിടെ പിതാവിന്റെ കരങ്ങളിൽ നിന്ന് കടൽവെള്ളത്തിൽ വഴുതി വീണ് മരിച്ച് തിരമാലക്കൈകൾ തീരത്തെത്തിച്ച ആ പൊന്നോമനയെ? അവൻ ചെയ്ത തെറ്റെന്താണ്? പട്ടിണിപ്പാവങ്ങളായ ലക്ഷക്കണക്കിന് രോഹിൻഗ്യൻ അഭയാർത്ഥികൾക്ക് ആരാണ് തുണ? ഏതൊരു മനുഷ്യന്റെ ആത്മരോദനവും സ്വന്തം രോദനമായി കരുതിപ്പോരുന്ന പാരമ്പര്യമുള്ള ഇന്ത്യ, ഈ വിഷയത്തിൽ കൂടുതൽ ക്രിയാത്മകമായി ഇടപെടണം എന്നാണ് നമ്മൾ ആഗ്രഹിക്കുന്നത്.

ഭീകരവാദവും ഭീകരപ്രവർത്തനവും ലോകത്തിന്റെ സമാധാനം കെടുത്തുന്ന മറ്റൊരു വിഷയമാണ്. ഭീകരത ഒരിക്കലും ഒരു പ്രശ്നത്തിനും പരിഹാരമല്ല എന്നത് ഒരു പാഠമാണെങ്കിലും, പല നാടുകളിലും യുവാക്കൾ ഇതിലേക്ക് ആകൃഷ്ടരാകുന്നതിന്റെ പിന്നിലെ കാരണം പലപ്പോഴും പല രാഷ്ട്രങ്ങളുടെയും നിക്ഷിപ്ത താൽപ്പര്യങ്ങൾ നിമിത്തം പരിഹരിക്കപ്പെടാതെ പോകുന്നു.

ബഹുസ്വരതയാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെയും മതനിരപേക്ഷതയുടെയും കാതൽ. അഭിപ്രായ സ്വാതന്ത്ര്യംകൂടി സമന്വയിക്കുമ്പോഴേ ഇത് പൂർണ്ണമാകുന്നുള്ളൂ. ഏത് ദിശയിലേക്ക് നീങ്ങണം എന്ന് ഭരണകൂടം തീരുമാനിക്കുംമുമ്പ് പാവപ്പെട്ടവനിൽ പാവപ്പെട്ടവന്റെ ദൈന്യതയാർന്ന നിരാലംബമുഖം കണ്ണാടിയിൽ എന്നപോലെ കണ്ടാൽ ഒട്ടുമിക്ക പ്രശ്നങ്ങൾക്കും ഉള്ള ലളിത പരിഹാരമാകും. മതമോ ജാതിയോ ഭാഷയോ

വേഷമോ ദാരിദ്ര്യമോ ഇതര വൈജാത്യങ്ങളോ ഒന്നും മനുഷ്യനെയും മനുഷ്യനെയും തമ്മിൽ ഭിന്നിപ്പിക്കുന്നതിനാവരുത്. ഏകോദര സാഹോദര്യവും പരമമായ സ്നേഹവുമാണ് എവിടെയും പ്രഫുല്ലമാകേണ്ടത്.

സമുദായ സൗഹാർദ്ദത്തിലും സാഹോദര്യത്തിലും തികച്ചും മഹിതമായ പാരമ്പര്യമാണ് കേരളത്തിന്റേത്. ക്രിസ്തുവിനോടൊപ്പം തന്നെ ക്രിസ്തുമതവും പ്രചരിച്ച നാടാണിത്. ഇസ്ലാം മതവും ഏറ്റവും ആദ്യം ഇവിടെ സ്വീകരിക്കപ്പെട്ടു. ഓണവും പെരുന്നാളുകളും ക്രിസ്തുമസ്സും എല്ലാം ഒരുപോലെ ആഘോഷിക്കുന്ന നാടാണ്. ഈ ജീവിതസംസ്കാരം ഒരു പോറൽ പോലും ഏൽക്കാതെ അനുസ്യൂതം തുടരണം. ഇന്ത്യക്കും ലോകത്തിനും മുമ്പാകെ കേരളീയർക്ക് അഭിമാനപൂർവ്വം തല ഉയർത്തി നിൽക്കാനും മാതൃകയാകാനും ഈ സംസ്കാരം നമ്മെ പ്രാപ്തരാക്കുന്നു.

ശ്രീബുദ്ധനെയും യേശുക്രിസ്തുവിനെയും നബി തിരുമേനിയെയും പോലുള്ള ലോക മഹാഗുരുക്കൾ കാട്ടിത്തന്ന പാത, നമ്മൾ സന്മനസ്സുള്ളവരായിരിക്കുക എന്നതാണ്. വ്യക്തികൾക്കും കുടുംബങ്ങൾക്കും ഭരണകർത്താക്കൾക്കും രാഷ്ട്രങ്ങൾക്കും ഇത് ബാധകമാണ്. നമ്മെപ്പോലെ തന്നെയാണ് നമ്മുടെ അയൽക്കാരനും എന്ന് തിരിച്ചറിയുക. നമ്മിൽ സഹജീവിയെ ദർശിക്കുക എന്ന ലോകതത്വം പാലിക്കപ്പെട്ടാൽ യുദ്ധങ്ങളില്ലാത്ത ലോകം, അഭയാർത്ഥികളില്ലാത്ത ലോകം, ഭീകരതയില്ലാത്ത ലോകം, ആയുധക്കൂമ്പാരമില്ലാത്ത ലോകം, മതമാത്സര്യമില്ലാത്ത ലോകം, വ്യക്തിസ്വാതന്ത്ര്യമുള്ള ലോകം, മാനവസ്നേഹം കളിയാടുന്ന ലോകം യാഥാർത്ഥ്യമാകും. അങ്ങനെയൊരു ലോകത്തിൽ ഹിംസയ്ക്കും ചൂഷണത്തിനും അക്രമത്തിനും സ്ഥാനമില്ല. അതേ, കരുണാമയനായ ആ മഹാത്മാവിന്റെ തിരുപ്പിറവി ദിനത്തെ ഒരിക്കൽക്കൂടി വരവേൽക്കാൻ നക്ഷത്രവിളക്കുകളുമായി കാത്തിരിക്കുന്ന ലോകമെമ്പാടുമുള്ള സഹോദരർക്കൊപ്പം അണിചേർന്ന് തിരുപ്പിറവിയെ നമുക്കും ഹൃദയത്തോട് ചേർക്കാം, 'അപരന് അഭയമായിത്തീരുവാൻ സന്മനസ്സുകൾ സ്വന്തമാക്കാം'.

ഹൃദ്യമായ ക്രിസ്തുമസ് നവവത്സരാശംസകൾ!



ഡോ. സുകുമാരൻ നായർ

# ക്രിസ്തുമസ്: മതേതരത്വത്തിന്റെ നിതാന്ത കാഹളം

മഹാത്മാഗാന്ധി സർവ്വകലാശാല മേലദ്ധ്യക്ഷനായിരിക്കവെ അനേകം ക്രൈസ്തവ സുഹൃത്തുക്കൾ എനിക്കുണ്ടായിരുന്നു. വിജ്ഞാനത്തിന്റെ അടരുകൾ സമ്മാനിച്ച ജീവിതപന്ഥാവിലുടനീളം ക്രിസ്തുമസ് എന്റെ ജീവിതത്തിന്റെ ഒരു ഭാഗമായിരുന്നു. ഡിഗ്രി കാലഘട്ടത്തിൽ ചരിത്രത്താളുകളിൽ നിറഞ്ഞുനിന്നത് രാഷ്ട്രീയ സാഹിത്യമീമാംസകളോടൊപ്പം ക്രിസ്തുമതവുമായിരുന്നു.

ക്രിസ്തുമസ് എന്നും പ്രത്യാശയുടെയും സാഹോദര്യത്തിന്റേയും സമാധാനത്തിന്റേയും പ്രതീകമാണ്. ലോകത്തിനു തന്നെ നന്മയുടെയും സാഹോദര്യത്തിന്റേയും പ്രത്യാശ നല്കാൻ ക്രിസ്തുമസിനു സാധിക്കും. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ വിദ്യാർത്ഥിയായിരിക്കെ ക്രിസ്തുമസ് ട്രീയും പുൽക്കൂടുമൊക്കെ ഒരുക്കിയത് ഇന്നും നിറം മങ്ങാത്ത ഓർമ്മകളാണ്. അന്നൊക്കെ എല്ലാ ആഘോഷങ്ങളും ജാതിമത ചിന്തകൾക്കതീതമായിരുന്നു. എല്ലാവരും ഒത്തുചേരുന്ന ഇത്തരം ആഘോഷവേളകൾ സൗഹൃദത്തിനപ്പുറം സാഹോദര്യമായിരുന്നു.

കേരളത്തെക്കുറിച്ചു പറയുകയാണെങ്കിൽ ക്രിസ്തുമസ് ഈ നാടിന്റെ മതേതരത്വത്തിന്റെ നിതാന്ത കാഹളമാണ്. ഡിസംബർ മാസത്തിന്റെ മഞ്ഞിന്റെ ഈറനുള്ള രാത്രികൾ കരോൾ ഗാനങ്ങൾകൊണ്ടും നക്ഷത്രവിളക്കുകൾകൊണ്ടും മനോഹരമാകുമ്പോൾ അത് നാടിന്റെ തന്നെ ഉത്സവമായി മാറുന്നു. പുൽക്കൂടുണ്ടാക്കാനും കേക്കുമുറിക്കാനും ഒത്തുചേരുമ്പോൾ അത് മതസാഹോദര്യത്തിന്റെ കരോൾ നാദമായിത്തീരുന്നു. ക്രിസ്തുമസ് ലോകം മൊത്തം കൊണ്ടാടുന്ന വിശ്വസാഹോദര്യത്തിന്റെ മഹോത്സവമാണ്. പാശ്ചാത്യ സങ്കല്പമായ സാന്താക്ലോസ് ഇന്നു നമുക്കെല്ലാം സ്വന്തമാണ്. ചുവന്ന കുപ്പായവും കുടവയറും, തൊപ്പിയും ബലൂൺ പിടിപ്പിച്ച വടിയുമായി മധുരം നല്കി എത്തുന്ന ക്രിസ്തുമസ് പപ്പ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. ഉണ്ണിയേശുവിനെ കാണാൻ സമ്മാനങ്ങളും പേറി വന്ന ജ്ഞാനികൾക്കു വഴികാട്ടിയായ നക്ഷത്രത്തെ ലോകമെമ്പാടും വീടുകളിൽ തൂക്കുന്നു. ഈ ക്രിസ്തുമസ് ബിംബങ്ങൾ മുന്നോട്ടു വയ്ക്കുന്നത് നന്മയുടെ നക്ഷത്രങ്ങളെയാണ്. മനുഷ്യരാശിയുടെ രക്ഷയ്ക്കായി ഭൂമിയിൽ പിറവിയെടുത്ത യേശുദേവൻ മനുഷ്യരാശിക്കു മുഴുവൻ വഴികാട്ടിയാണ്. നന്മയിലേക്കുള്ള നക്ഷത്രത്തിളക്കം. ക്രിസ്തുമസിനു തരാനുള്ള സന്ദേശവും ഇതു തന്നെ.

# ക്രിസ്തുമസ്: സ്നേഹബന്ധങ്ങൾ കൂട്ടിയിണക്കേണ്ട കാലം

**അഭിവന്ദ്യ വർഗ്ഗീസ് ചക്കാലക്കൽ മെത്രാപ്പോലീത്ത**



ദൈവകാരുണ്യം ഹിമകണംപോലെ പെയ്തിറങ്ങിയ രാത്രിയാണ് ക്രിസ്തുമസ് രാത്രി. പ്രപഞ്ചനാഥൻ മനുഷ്യനോടുള്ള സ്നേഹം നിമിത്തം മാംസം ധരിച്ച പുണ്യരാത്രി. സ്വർഗ്ഗത്തിലെ ദൈവം കുരുടനല്ല, ചെകിടനല്ല, മൂകനല്ലായെന്ന് മനുഷ്യൻ മനസ്സിലാക്കിയ സുന്ദരരാത്രി. ആനന്ദം അലതല്ലുകയും ആഹ്ലാദം അരങ്ങുതകർക്കുകയും ചെയ്യുന്ന വിശുദ്ധ രാത്രി. ഈ ക്രിസ്തുമസ് നമുക്ക് എല്ലാവർക്കും ഒരുമിച്ച് ആഘോഷിക്കാം. കാരണം ദൈവം മനുഷ്യരാശിയെ മറന്നിട്ടില്ലായെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് ക്രിസ്തുമസ്.

ക്രിസ്ത്യാനികൾക്ക് ക്രിസ്തു, മനുഷ്യനായി അവതരിച്ച ദൈവമാണ്. ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ തമ്പുരാനാണ് യേശുക്രിസ്തു. ക്രിസ്തീയ വിശ്വാസത്തിന്റെ അടിത്തറ ക്രിസ്തു എന്ന വ്യക്തിയിലാണ്. ഇസ്ലാം മതവിശ്വാസികൾ യേശുക്രിസ്തുവിനെ മഹാനായ പ്രവാചകനായി കണക്കാക്കുന്നു. വിശുദ്ധ ഗ്രന്ഥമായ ഖുറാനിൽ യേശുവിനെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. യഹൂദജനതയ്ക്ക് അവരുടെ വംശത്തിലെ മഹാനായ വ്യക്തിയാണ് യേശു. ഹിന്ദുക്കൾ യേശുവിനെ മഹാനായ മനുഷ്യനായി കരുതുന്നു. ചുരുക്കത്തിൽ എല്ലാ മനുഷ്യർക്കും ആരാധ്യനായ വ്യക്തിയാണ് യേശു. ക്രിസ്തുവിന്റെ ജനനത്തിരുന്നാൾ-ക്രിസ്തുമസ് ഇന്ന് എല്ലാവരും സംയുക്തമായി ആഘോഷിക്കുന്നുണ്ട്. ഈ ആഘോഷം വഴി നാം ക്രിസ്തുവിനെ ബഹുമാനിക്കുക മാത്രമല്ല വിവിധ മതവിശ്വാസികളുടെ ഹൃദയ ഐക്യവും സാദ്ധ്യമാക്കിത്തീർക്കുന്നു. ഈ സംസ്ക്കാരം നമ്മൾ വളർത്തിക്കൊണ്ടുവരണം. മാനവ ചരിത്രത്തിൽ നമുക്കു മുൻപേ സ്നേഹത്തിന്റെ സന്ദേശവുമായി കടന്നുപോയവനാണ് യേശുക്രിസ്തു. ആ വ്യക്തിയെ എല്ലാവർക്കും ആദരിക്കാം. യേശുക്രിസ്തു ആരുടെയും കുത്തകയല്ല, മറിച്ച് മാനവരാശിയുടെ മുത്താണ്; നിധിയാണ്. എല്ലാ സന്മനസ്സുള്ളവരുടെയും പ്രതിനിധിയാണ്.

എന്റെ ചെറുപ്പകാലത്തെ ക്രിസ്തുമസ് ആഘോഷങ്ങൾ ഞാനിന്നും ഓർമ്മിക്കുന്നു. ഞങ്ങൾ കുട്ടികൾ ഒരു പുൽക്കൂട് ഉണ്ടാക്കും. ഉണ്ണിയേശുവിന്റെ ഒരു കൊച്ചു രൂപം അതിനുള്ളിൽവച്ച് കരോൾ ഗാനങ്ങൾ പാടി വീടുകൾതോറും കയറിയിറങ്ങുമായിരുന്നു. ഞങ്ങളുടെ ഗ്രാമാന്തരീക്ഷത്തിൽ ക്രിസ്തുമസിന്റെ സന്തോഷം എല്ലാവർക്കും നൽകിയിരുന്നത് ഞങ്ങൾ കുട്ടികളാണ്. ജനങ്ങൾ ഞങ്ങളുടെ വരവുംകാത്ത് ഉറങ്ങാതെയിരിക്കുമായിരുന്നു. അന്ന് ഞങ്ങൾ പാടിയ ഗാനത്തിന്റെ ഈരടികൾ ഞാനിന്നും ഓർമ്മിക്കുന്നു.

''പട്ടുവിരിച്ച മെത്തകളില്ല
മന്ദിരമില്ല ശയിപ്പാനായ്
വെറുമൊരു കാലിപുൽക്കൂടതിനാൽ
രക്ഷകനേശു പിറന്നല്ലൊ.
ആ രക്ഷകനേശു പിറന്നല്ലൊ''

ഞങ്ങളുടെ കരോൾ ഗാനങ്ങൾകൊണ്ട് അന്തരിക്ഷം മുഖരിതമാകുമ്പോൾ മരക്കൊമ്പുകളിലും മറ്റും തൂക്കിയിട്ടിരിക്കുന്ന നക്ഷത്രങ്ങൾ മിന്നിക്കൊണ്ടിരിക്കും. കരോൾ ഗാന

ങ്ങൾകൊണ്ട് അന്തരീക്ഷം മുഖരിതമാക്കിയ ഈ ഞങ്ങൾ ആരാണെന്നൊ? അബുബക്കറും, നബീസയും, കദീജയും, ഇബ്രാഹീമും ഉണ്ടായിരുന്നു. വാസുവും, സതിയും, വിലാസിനിയുമുണ്ടായിരുന്നു. തോമസും, ജോസും, പീറ്ററും പിന്നെ ഞാനുമുണ്ടായിരുന്നു. മതത്തിന്റെ അതിർവരമ്പുകൾ ലംഘിച്ച് ഞങ്ങൾ ക്രിസ്തുമസ് ആഘോഷിക്കുകയായിരുന്നു. മതവിശ്വാസങ്ങൾ ഈ ആഘോഷത്തിന് ഒരു തടസ്സമായിരുന്നില്ല. കാരണം ഞങ്ങൾ പരസ്പരം സ്നേഹിച്ചിരുന്നു. സ്നേഹിക്കുന്നവർക്ക് ഒന്നും ഒരു പ്രതിബന്ധമല്ലല്ലൊ.



ഈയൊരു സംസ്ക്കാരമാണ് നമുക്ക് ചുറ്റും വളരേണ്ടത്. വിവിധ മതവിഭാഗക്കാർ ഒരുമിച്ചു വന്ന് ക്രിസ്തുമസ് ആഘോഷിക്കുമ്പോൾ മനസ്സുകളുടെ ഐക്യം വർദ്ധിക്കുന്നു. പരസ്പരബന്ധം വളരുന്നു. മതമൈത്രി സാദ്ധ്യമാക്കുന്നു.

ക്രിസ്തുമസ്, ബന്ധങ്ങളുടെ വളർച്ചയുടെ കാലമാണ്. ദൈവത്തോടുള്ള ബന്ധത്തിലും മനുഷ്യരോടുള്ള ബന്ധത്തിലും വളരാനുള്ള കാലം. യഥാർത്ഥത്തിൽ പാപം എന്താണ്? ബന്ധങ്ങളിലുണ്ടാകുന്ന ഇടർച്ചയാണത്, തകർച്ചയാണത്. ബന്ധങ്ങൾ കൂട്ടിയിണക്കുവാനാണ് ദൈവം മനുഷ്യനായത്. ബന്ധങ്ങൾ വളർത്താൻ നമുക്കു ക്രിസ്തുമസ് ആഘോഷിക്കാം.

ഓരോ മനുഷ്യനും മറ്റൊരു ക്രിസ്തുവായി രൂപാന്തരപ്പെടുമ്പോൾ മനുഷ്യ ചരിത്രം സമാധാനത്തിന്റെ ചരിത്രമാകും. ചെറുതാകുന്നതിലൂടെ വലുതാകുന്ന, സ്വയം ശൂന്യവൽക്കരണത്തിലൂടെ മറ്റുള്ളവരെ വളർത്തുന്ന, പങ്കുവയ്ക്കുന്നതിലൂടെ ഹൃദയത്തെ വിശാലമാക്കുന്ന, മുറിക്കപ്പെടുന്നതിലൂടെ മറ്റുള്ളവരുടെ മുറിവുണക്കുന്ന മനോഭാവങ്ങൾ ഉണ്ടാകുമ്പോൾ നമ്മൾ മറ്റൊരു ക്രിസ്തുവാകുന്നു. ക്രിസ്തുവായി രൂപാന്തരപ്പെടാൻ ക്രിസ്ത്യാനിയാകണമെന്നില്ല. ക്രിസ്തുവിന്റെ ജീവിതശൈലിയും, മനോഭാവവും സ്വന്തമാക്കിയാൽ മതി. മഹാത്മാ ഗാന്ധി ക്രിസ്ത്യാനിയായിരുന്നില്ല. ക്രിസ്തുവിന്റെ ജീവിത ശൈലി ജീവിതത്തിൽ തർജ്ജമ ചെയ്തവനാണ്. സ്വാമി വിവേകാനന്ദൻ മഹാനായ ഹിന്ദുവായിരുന്നു. ക്രിസ്തുവിനെ അത്യധികമായി സ്നേഹിച്ച വിശാലഹൃദയനായ ഹിന്ദു. മഹാന്മാർ മഹാന്മാരെ തിരിച്ചറിയുന്നു. നന്മ എവിടെ നിന്ന് വന്നാലും അംഗീകരിക്കുവാനും അനുകരിക്കുവാനും പഠിക്കണം. നന്മ ചെയ്തുകൊണ്ട് കടന്നുപോയ മനുഷ്യസ്നേഹിയായ യേശുക്രിസ്തുവിന്റെ ജനനത്തിരുന്നാൾ ആഘോഷിക്കുന്ന സംസ്ക്കാരം നമുക്കു കളയാതെ സൂക്ഷിക്കാം. ബന്ധങ്ങളെ വളർത്താൻ അത് ഉപകരിക്കും.

ക്രിസ്തുമസിന്റെ മംഗളാശംസകൾ നിങ്ങൾക്കെല്ലാവർക്കും ഞാൻ നേരുന്നു.

# ക്രിസ്തുമസ്സ്: ദൈവമൊരുക്കിയ ശാന്തിയുടെ ഔഷധം

**അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ മെത്രാപ്പോലീത്ത**



അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം. അശാന്തിയുടെ താഴ്‌വാരങ്ങളിൽ ചേക്കേറുന്ന മനുഷ്യവംശത്തിന് ദൈവമൊരുക്കുന്ന ശാന്തിയുടെ ഔഷധമാണ് ക്രിസ്തുമസ്. മണ്ണിന്റെ സകല ദുഃഖങ്ങൾക്കും മീതെ തൂമഞ്ഞുപോലെ മാലാഖമാരുടെ സ്വർഗീയഗീതം പെയ്തിറങ്ങിയ രാത്രി. അസ്വസ്ഥതകളുടെ ദിനങ്ങൾ പിന്നിടാൻ ദൈവമൊരുക്കുന്ന സുരക്ഷിതത്വത്തിന്റെ മേലാപ്പുകൾ മനുഷ്യൻ സ്വന്തമാക്കുന്ന അവസരമാണു ക്രിസ്തുമസ്സ്. നമ്മുടെ ചിന്തയിൽ ഒട്ടും സുഖകരമായിരുന്നില്ല ആ രാത്രി. എന്നിട്ടും സ്വർഗത്തിന്റെ സമ്മാനമൊരുക്കി, ദൈവമീരാത്രിയെ ലോകചരിത്രത്തിലെ സമ്മോഹന ദിനമാക്കി. അരക്ഷിതാവസ്ഥയുടെ ആഘോഷമാവേണ്ടരാവിൽ ദൈവം മനുഷ്യന് സുരക്ഷിതമായ അഭയകേന്ദ്രമായി കൂടെ വസിച്ചു.

സർപ്പത്തിന്റെ തല തകർക്കാനുള്ള ശിശുവിന്റെ ജനനത്തിനായി ഏദനിൽ തുടങ്ങിയ കാത്തിരിപ്പിന് ദൈവം വിരാമമിട്ടു. ഉരുക്കിന്റെ കരുത്തോടെ വിശ്വാസം സൂക്ഷിച്ച ഒരു ജനതക്ക് ദൈവം തന്റെ സാന്നിധ്യം കൊണ്ട് ഉത്തരം നൽകുന്നു. നമ്മളും കാത്തിരിപ്പിനെ വിശ്വാസത്തിന്റെ മറുപേരാക്കി മാറ്റിയാൽ ദൈവം നമ്മെ മറക്കില്ല എന്നു തിരുജനനം ഓർമ്മിപ്പിക്കുന്നു.

ദൈവത്തിന്റെ ശ്രദ്ധേയമായ ഇടപെടലുകളാണ് മനുഷ്യാവതാരത്തെ വ്യത്യസ്തമാക്കുന്നത്. ദൈവത്തിന്റെ മുമ്പിൽ വഴിയൊരുക്കി നടക്കുക മഹനീയ കർമ്മമാണെന്ന് യോഹന്നാൻ വെളിപ്പെടുത്തുന്നു. വലിയവനാകാൻ ലഹരിപാനീയങ്ങൾ ഉപേക്ഷിക്കണം എന്നു മാലാഖ പറയുമ്പോൾ മദ്യലഹരി നഷ്ടമാക്കുന്ന ജീവിതങ്ങൾ ഓർമ്മിക്കപ്പെടുന്നു. മനുഷ്യന്റെ വളർച്ചയുടെ വഴികളിൽ വിഘാതമാവുന്ന വലിയ തിന്മയാണ് മദ്യപാനമെന്നും, കേരളത്തിലെ മദ്യലഹരിയിൽ നശിക്കുന്ന ജീവിതങ്ങൾ പുതുവഴിയിലേക്ക് നയിക്കപ്പെടണമെന്നും മാലാഖയുടെ വാക്കുകൾ സാക്ഷ്യപ്പെടുത്തുന്നു.

രക്ഷാകര ചരിത്രത്തിലെ നായിക പരി. മറിയമാണ്. രക്ഷകന്റെ വരവിനെപ്പറ്റി ആദ്യം കേട്ടവളാണു മറിയം. രക്ഷാകരസംഭവവുമായി സഹകരിക്കാൻ ദൈവദൂതൻ മറിയത്തിനു സമയം നൽകി. മറിയത്തിന്റെ മനമറിയാൻ മാലാഖ ചെവിയോർത്തു. മറിയത്തിന്റെ മറുപടിയിൽ അനുഗ്രഹപൂമഴ വന്നുവെന്ന് പ്രപഞ്ചം സാക്ഷ്യപ്പെടുത്തുന്നു. സ്വർഗത്തോടു സംവദിക്കുന്ന ഭൂമിയുടെ ചെറുപതിപ്പായി മംഗളവാർത്ത സംഭവം മാറുന്നു. സൃഷ്ടപ്രപഞ്ചം മുഴുവൻ മറിയത്തിലേക്കും മാലാഖയിലേക്കും ചുരുങ്ങുകയാണ്. മംഗളവാർത്തയെ സ്വീകരിച്ചതിലൂടെ ആശങ്കകളും ആകുലതകളും മറിയത്തിനന്യമായി. സകല സങ്കടക്കടലുകളും നീന്തിക്കടക്കാനിതാ 'കർത്താവിന്റെ ദാസി' എന്നവൾ പ്രഖ്യാപിച്ചപ്പോൾ വിശ്വാസം മറിയത്തിനു ശക്തിയായി. വിശ്വാസത്തിന്റെ കരുത്തിൽ സഹനത്തിന്റെ സകല വാതായനങ്ങളും കടന്ന് രക്ഷയുടെ തീരമണയാൻ പ്രപഞ്ചത്തെ മുഴുവൻ തന്നിലേക്കു സ്വീകരിച്ച്, മറിയം സഹരക്ഷകയുടെ

സ്ഥാനം നേടി. സകല അസ്വസ്ഥതകൾക്കും വിരാമമിട്ട് മറിയം ലോകത്തിന്റെ പ്രകാശഗോപുരമായി. ദൂതനിലൂടെ 'കൃപനിറഞ്ഞവളേ', എന്നു ദൈവം മറിയത്തെ വിളിച്ചപ്പോൾ കൃപനിറയുമ്പോൾ മനുഷ്യസങ്കടങ്ങൾ ദൈവസ്നേഹസാഗരത്തിൽ അലിഞ്ഞില്ലാതാകുമെന്ന് ഓർമ്മിപ്പിക്കുകയായിരുന്നു. മനുഷ്യന്റെ ബലഹീനതയിൽ കൃപയുടെ നീർച്ചാലൊഴുക്കി ദൈവം തന്റെ സ്നേഹം പകരുന്നു. 'ഇതാ കർത്താവിന്റെ ദാസി' എന്നേറ്റു പറഞ്ഞ് മറിയം ദൈവത്തിനു സമീപമായപ്പോൾ ദൈവം തുറന്നു നൽകിയ സാധ്യതകളുടെ വാതായനങ്ങൾ മറിയത്തെ ദൈവമനുഷ്യബന്ധത്തിന്റെ മുറിയാത്ത കണ്ണിയാക്കി.

സകല തലമുറകളും പ്രകീർത്തിക്കുന്നവളായി മറിയം മാറിയത് അസ്വസ്ഥതകളുടെ കടലുകളോരോന്നും നീന്തിക്കയറിയാണ്. അത്ര സുഖകരമായിരുന്നില്ല മറിയത്തിന്റെ ദിനങ്ങൾ. ദാരിദ്ര്യം സ്വന്തമാക്കിയവൾ, സ്ഥാനമാനങ്ങളോ സമ്പത്തോ ഇല്ലാത്തവൾ എന്നാൽ മറിയത്തെ അഭിവാദനം ചെയ്യുകവഴി കൃപയെ ഭൗതിക നേട്ടങ്ങൾകൊണ്ട് അളക്കരുതെന്ന് സുവിശേഷം വ്യക്തമാക്കുന്നു. ദൈവാനുഗ്രഹമാകണം ഏറ്റവും വലിയ സന്തോഷം. നമ്മുടെ ശരി തേടിപ്പോകാതെ ദൈവഹിതം നിറവേറ്റുന്നതുവഴി പരിശുദ്ധ അരൂപിയിലെന്നപോലെ നമ്മിലും വചനം മാംസം ധരിക്കും. സ്വർഗത്തിന്റെ മുറിയാത്ത കണ്ണിയായി നമ്മളും ഈ ഭൂമിയിൽ ജീവിക്കും. നമ്മുടെ മുൻവിധികളും തീരുമാനങ്ങളും മാറ്റിവച്ചാൽ ദൈവം നൽകുന്ന അനന്തസാധ്യതകൾ നമുക്കു ലഭ്യമാകും.

''എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിലാഹ്ലാദിക്കുന്നു'' (ലൂക്ക 1: 47) എന്ന മറിയത്തിന്റെ വെളിപ്പെടുത്തൽ ആത്മനിർവൃതിയുടെ പരകോടിയാണ്. സങ്കടപ്പെടുത്തുന്ന നിമിഷങ്ങൾ മറന്ന് ദൈവത്തിലാഹ്ലാദിക്കുന്ന മനുഷ്യന്റെ ഹൃദയസംതൃപ്തിയുടെ പ്രകാശമാണിത്. മറിയം സഹനത്തെ മറക്കുകയല്ല മറിച്ച് സകലതും സ്വീകരിക്കാൻ ശക്തയാവുകയാണ്. താണ്ടിക്കടക്കേണ്ട പ്രതിസന്ധികളെ അവളറിയുന്നുണ്ട്. അഭിമുഖീകരിക്കേണ്ട വിഷമവൃത്തങ്ങൾ മറിയത്തിന്റെ കൺമുമ്പിലുണ്ട്. എന്നാൽ ദൈവം കൂടെവരുമ്പോൾ എല്ലാം സാധ്യമാണ് എന്ന ബോധ്യം ജീവിതവഴികളിലെ ധന്യതയാണ്. എലിസബത്തും, ആട്ടിടയരും പൂജരാജാക്കന്മാരുമെല്ലാം ഈ അനുഭവം വ്യത്യസ്തമായ അളവുകളിൽ സ്വന്തമാക്കിയവരാണ്.



അൽപംകൂടെ നമുക്കിവടെ ആയിരിക്കാം എന്നാശിച്ച ശിഷ്യപ്രമുഖനും (ലൂക്ക 9:13), നാഥാ ഞങ്ങളോടൊത്തുവസിക്കണമേ എന്നു പറഞ്ഞ എമ്മാവൂസിലെ ശിഷ്യരും, ആനന്ദാനുഭൂതിയിൽ ലയിച്ച യോഹന്നാനും (വെളി 4:1) തീർത്ഥാടക വഴിയിൽ ദൈവസാമീപ്യത്തെ സ്വന്തമാക്കിയവരാണ്. നമുക്കും ഈ ക്രിസ്തുമസ്സ് കാലത്ത് ദൈവത്തിനൊപ്പം നടന്ന് ദൈവസാന്നിധ്യത്തിന്റെ സ്വർഗീയ നിമിഷങ്ങൾ സ്വന്തമാക്കാം.

നമുക്കു പലപ്പോഴും ക്രിസ്തുവിനെ നഷ്ടപ്പെടുന്നത് അടയാളങ്ങൾ തെറ്റിപ്പോകുന്നതുകൊണ്ടാണ്. നമ്മുടെ ചിന്തയിലെ അടയാളങ്ങളാകണമെന്നില്ല ദൈവസാമീപ്യത്തിന്റെ മാനദണ്ഡം. അപ്രതീക്ഷിതവും അവിചാരിതവുമാണ് ദൈവത്തെ കണ്ടെത്താനുള്ള വഴികൾ. ആട്ടിടയർക്ക് ദൈവം അടയാളം വരച്ചുകൊടുക്കുന്നു. ''പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞ് പുൽതൊട്ടിയിൽ കിടത്തിയിരിക്കുന്ന ശിശു'' (ലൂക്ക 2:12). മനുഷ്യൻ സ്ഥലം കൊടുക്കാതെ വന്നപ്പോൾ പുൽക്കൂട് അഭയമായി. പുൽതൊട്ടിയിലെ തണുപ്പുറയുന്ന ദൈവസ്നേഹത്തിന്റെ അത്ഭുതം ലോകത്തെ ഊഷ്മളസ്നേഹത്തിന്റെ പുതപ്പണിയിച്ചു. ജീവിതത്തിന്റെ പരക്കംപാച്ചിലിൽ പുൽക്കൂടുകൾ നമുക്കന്യമാകുന്നുണ്ടോ എന്നാലോചിക്കണം. തിരക്കിനിടയിൽ ദൈവത്തെ നഷ്ടമാകുന്നവരുടെ പ്രതീകമാണ് ബത്‌ലഹേം. ശ്രേഷ്ഠവും ദൈവികവുമായത് കണ്ടെത്തണമെങ്കിൽ ആത്മാവിലും മനസ്സിലും തിരക്കൊഴിഞ്ഞ് ശാന്തരാകണം. പ്രവാചകൻ ഓർമ്മിപ്പിക്കുന്നു: ''നിങ്ങൾ തിടുക്കം കൂട്ടണ്ട, വേഗം ഓടുകയും വേണ്ട, കർത്താവു നിങ്ങളുടെ മുമ്പിൽ നടക്കും. ഇസ്രായേലിന്റെ ദൈവമായിരിക്കും നിങ്ങളുടെ പിൻകാവൽക്കാരൻ'' (ഏശയ്യ 52:12). തിരക്കുപിടിച്ചോടുന്നവൻ ചന്തയിലെ ആരവങ്ങളിലവസാനിക്കുമ്പോൾ ശാന്തമായ മനസ്സുള്ളവൻ പുൽക്കൂട്ടിൽ ശാന്തമായുറങ്ങുന്ന ഉണ്ണിയേശുവിനെ കാണും.

ലോകചരിത്രത്തിലെ ആദ്യ ക്രിസ്തുമസ്സാണ് നാം ധ്യാനിക്കുന്നത്. ആദ്യ ക്രിസ്തുമസ്സനുഭവം ലഭിച്ചത് വിനീതരായ ആട്ടിടയർക്കാണ്. അവർക്കുമുമ്പേ ആ അനുഭവം സ്വന്തമാക്കേണ്ടവർ അതു നിരസിച്ചുകളഞ്ഞു. അവധാനതകൊണ്ടോ, അശ്രദ്ധകൊണ്ടോ നഷ്ടം വരരുത്. പുതിയൊരു കാഴ്ചവിരുന്നായി ദൈവം മുമ്പിലുണ്ട്. കാണുക, അറിഞ്ഞനുഭവിച്ച് ധന്യത നേടുക എന്നതാണ് നിത്യജീവിതത്തിലെ വെല്ലുവിളി.

നാളിതുവരെ നാം നിരസിച്ചു കളഞ്ഞ ക്രിസ്തുമസ്സ് അനുഭവങ്ങൾ നമുക്കു പശ്ചാതാപത്തിന്റെ വേദിയാവണം. കേവലം ഡിസംബർ 25-ന്റെ ആഘോഷത്തിലൊതുങ്ങരുത് നമ്മുടെ ക്രിസ്തുമസ്സ്. ദൈവസ്നേഹപ്രകരണമാവുന്ന നമ്മുടെ ജീവിതങ്ങൾക്ക് ഓരോദിനവും ഒന്നിലേറെ തവണ ദൈവം നൽകുന്ന ദൈവാനുഭവമാകണം നമുക്കു ക്രിസ്തുമസ്സ്. അതിന് നാമേറെ ശ്രദ്ധിക്കണം. കീറത്തുണിയുമായലയുന്ന ദരിദ്രന്റെ മുഖത്ത് നമുക്കു ക്രിസ്തുമുഖം കാണാം. വീടില്ലാത്തവന്റെയും, പിറക്കാൻ സ്ഥലമില്ലാതലയുന്ന ഓരോ കുഞ്ഞിന്റെയും ദൈന്യതയും, ഉപേക്ഷിക്കപ്പെടുന്ന ബലഹീനതയുടെ പര്യായമായ മനുഷ്യന്റെ ചിത്രങ്ങളൊക്കെയും പുൽക്കൂട്ടിലെ ഉണ്ണിയീശോയുടെ ചിത്രത്തിനൊപ്പം വയ്ക്കാൻ നാം പഠിക്കണം.

ഓരോ ആവശ്യങ്ങളുമായി വരുന്ന പാവപ്പെട്ടവന്റെ മുഖത്തും, നമ്മെ സമീപിക്കാൻ മടിയോടെ വിഷമിക്കുന്ന അയൽക്കാരന്റെ മുഖത്തും നമുക്കു ക്രിസ്തുവിന്റെ മുഖം കാണാനായാൽ ക്രിസ്തുമസ്സനുഭവം നമുക്കും സ്വന്തമാകും. നഷ്ടപ്പെടുന്നവരെ കണ്ടെത്താൻ, തകർന്നവന്റെ കൂടെ നടക്കാൻ, വിശക്കുന്നവന് അന്നമാകാൻ, വലിഞ്ഞുമുറുകിയ ജീവിതങ്ങൾക്ക് ആശ്വാസത്തിന്റെ തെളിമയാകാൻ, നിസ്സഹായതയെ ജീവിതത്തിന്റെ കരുത്താക്കിയവൻ ക്ഷണിക്കുന്നു. യാതൊരു ജീവിതമാർഗ്ഗവുമില്ലാത്തവന്റെ നിസ്സഹായതയിലേക്ക് നാം യാത്രയാരംഭിക്കണം. അത് പുൽക്കൂട്ടിലേക്കുള്ള യാത്രയാണ്.

''അത്യുന്നതങ്ങളിൽ ദൈവത്തിനുമഹത്വം' ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം'' എന്നതാണ് ക്രിസ്തുമസ്സിന്റെ ആശംസ. ദൈവത്തെ മഹത്വപ്പെടുത്തി ഭൂമിയിൽ ജീവിക്കുന്നവരാണ് കൃപയുള്ളവർ. പരിശുദ്ധ അമ്മയും, വി. യൗസേപ്പിതാവും ജീവിതത്തിൽ ദൈവത്തെ മഹത്വപ്പെടുത്തി. കൃപയുള്ള ആട്ടിടയർ വിശ്വസിച്ചതിനാൽ ദൈവത്തെ കണ്ടു.

അസ്വസ്ഥതകളും ദുഃഖങ്ങളുമായി ഭൂമിയിലലയുന്ന നമുക്ക് ക്രിസ്തുമസ്സ് ശാന്തതയുടെ നാളുകൾ സമ്മാനിക്കട്ടെ. നാം കൃപയുടെ മനുഷ്യരായാൽ നമുക്കവകാശമാകും. കാരണം, ക്രിസ്തു നമ്മുടെ സമാധാനമാണ് (എഫേ. 2:24). സകല വഴികളും ഒന്നുചേരുന്ന, സർവ്വവ്യാധികളുടെയും ഭിഷഗ്വരനായ ക്രിസ്തു, പുൽക്കൂടിന്റെ ശാന്തത നൽകി എല്ലാവരുടെയും ജീവിതത്തെ ധന്യമാക്കട്ടെ എന്നാശംസിക്കുന്നു.



# ക്രിസ്തുമസ് ആശംസാ കാർഡുകൾക്കുമപ്പുറം



റവ. ഡോ. ജേക്കബ് പ്രസാദ്

**ആമുഖം**

സാധാരണ തപാൽ വഴിയുള്ള ക്രിസ്തുമസ് ആശംസാ കാർഡുകളുടെ കാലം ഏതാണ്ട് കഴിയാറായി. ഇലക്ട്രോണിക് തപാൽ വഴിയാണ് ഇപ്പോൾ കൂടുതലും ആശംസകൾ കൈമാറപ്പെടുന്നത്. കാർഡ് വഴിയുള്ള ആശംസകളിൽ തെളിഞ്ഞുവരുന്ന ക്രിസ്തുമസ് ആശംസാ ചിത്രങ്ങൾ മിക്കവാറും പാശ്ചാത്യ ചിത്രകാരന്മാരുടെ രചനകളിൽ നിന്നുള്ളവയാണ്. അവയിൽ ചിലതൊക്കെ സുവിശേഷ ചിത്രീകരണങ്ങളോട് ചേർന്നു നിൽക്കുന്നതും എന്നാൽ ചിലത് സുവിശേഷ ചിത്രങ്ങളുടെ വിപുലീകരണത്തിന്റെ അടിസ്ഥാനത്തിലുമുള്ളതാണ്. സമവീക്ഷണ സുവിശേഷങ്ങളായ മത്തായിയുടെയും ലൂക്കായുടെയും ആദ്യരണ്ട് അദ്ധ്യായങ്ങളാണ് എല്ലാ ചിത്രങ്ങളുടെയും ആധാരം. ഈ രണ്ട് അദ്ധ്യായങ്ങളെയും അടിസ്ഥാനപ്പെടുത്തി ചില ചിന്തകളെ അവതരിപ്പിക്കുന്നതാണ് ഈ ലേഖനം.

**1. മുൻതലമുറക്കാരായ സ്ത്രീകൾ**

യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള കഥ പറയുന്ന മത്തായിയും ലൂക്കായും തങ്ങളുടെ കഥാപുരുഷന്റെ വംശാവലിയെ കുറിച്ച് പ്രതിപാദിക്കുന്നു : മത്താ 1,1-17; ലൂക്കാ 3,23-38. ക്രിസ്തുമസ് കാർഡുകളിൽ തൽസംബന്ധമായ ചിത്രീകരണങ്ങൾ കാണുന്നില്ല. മത്തായിയുടെ വംശാവലി വിവരണം വഴിയായി യേശുവിനെ ദാവീദിന്റെ പുത്രനും അവസാനം അബ്രഹത്തിന്റെ പുത്രനുമായി അവതരിപ്പിക്കുന്നു. അബ്രഹാം യഹൂദജനത്തിന്റെ പിതാവ് ആയിരുന്നതിനാൽ യേശുവിന്റെ വംശാവലി യഹൂദജനത്തിന്റെ പൂർവ്വപിതാവിൽ എത്തി നിൽക്കുന്നു. അക്കാരണത്താൽ ത്തന്നെ അതിന് ഒരു സാർവ്വത്രിക ഭാവം കൈവരുന്നു; കാരണം അബ്രഹാം വിശ്വാസംവഴി സകല ജനതകളുടെയും പിതാവാണെന്ന് വി. പൗലോസ് പഠിപ്പിക്കുന്നു (ഗലാ 3,6-9). ലൂക്കായാകട്ടെ യേശുവിന്റെ വംശാവലി ആദാമിൽ കൊണ്ടെത്തിച്ചുകൊണ്ട് ഈ സാർവ്വത്രിക ഭാവം വ്യക്തമായി നിലനിർത്തുന്നു.

അബ്രഹാം മുതൽ യേശുവരെ പതിനാലിന്റെ മൂന്ന് ഗണങ്ങളായി വംശാവലിയെ മത്തായി തിരിച്ചിരിക്കുന്നു (മത്താ 1,17). തന്റെ പുത്രൻ ഭൂമിയിൽ പിറക്കുവാൻ ദൈവം വളരെ കൃത്യമായ കണക്കുകൂട്ടലുകൾ നടത്തിയിരുന്നുവെന്ന് അത് സ്ഥാപിക്കുന്നു. മാത്രല്ല ഇസ്രായേലിന്റെ നീണ്ടചരിത്രത്തെ മുഴുവൻ ഉൾക്കൊള്ളുന്നതാണത്. അതിൽ പിതാക്കന്മാരുടെ ചരിത്രമുണ്ട് (ആദ്യ പതിനാല് പേരുകൾ); രാജാക്കന്മാരുടേതുണ്ട് (രണ്ടാംപതിനാല് പേരുകൾ); അജ്ഞാതരായവരുടേതുണ്ട് (അവസാന പതിനാല് പേരുകൾ). ഈ വംശാവലി ഇസ്രായേലിന്റെ ചരിത്രത്തിലെ ഗിരിശൃംഗങ്ങളെയും (ദാവീദ് രാജാവിന്റെ കാലം) തകർച്ചാനുഭവങ്ങളെയും (വിപ്രവാസം) സ്പർശിക്കുന്നു. അതാ

യത് മനുഷ്യരുടെ കഥയിലെ എല്ലാ അംശങ്ങളെയും സമന്വയിപ്പിച്ചുകൊണ്ടാണ് വചനം മാംസം ധരിക്കുന്നത്.

മത്തായിയുടെ വംശാവലി വിവരണത്തിന്റെ ശ്രദ്ധേയമായ ഒരു പ്രത്യേകത അതിൽ മറിയത്തിന്റേതുൾപ്പെടെ അഞ്ച് സ്ത്രീകളുടെ പേരുകൾ പ്രത്യക്ഷപ്പെടുന്നു എന്നതാണ്. വംശാവലികളിൽ സ്ത്രീകളുടെ പേരുകൾ ചേർക്കുന്നത് സാധാരണ പതിവല്ലായിരുന്നു. ലൂക്കായുടെ വംശാവലി വിവരണം തന്നെ അതിന് ഉദാഹരണമാണ്. മത്തായിയുടെ അഞ്ചുപേരിൽ താമാറും (ഉൽപ. 38) റാഹാബും (ജോഷ്വാ 2) നല്ല ഖ്യാതി ഉള്ളവരായിരുന്നില്ല; അവർ പാപികളാണ്. റൂത്താകട്ടെ വിദേശവനിതയുമാണ്. ഊറിയായുടെ ഭാര്യയുടെ കഥ (2 സാമു 11,1–27) അത്ര സ്വീകാര്യമായ ഒന്നായിരുന്നില്ലതാനും. മറിയംകൂടെ ഈ പട്ടികയിൽ വരുമ്പോൾ ഇവർ തമ്മിലുള്ള ഏക സവിശേഷത ഇവരുടെ വൈവാഹിക ബന്ധങ്ങളിൽ ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു തലത്തിൽ അസാധാരണത്വം ഉണ്ടെന്നതാണ്. തന്റെ പ്രതിശുത വരനുമായി ഒരുമിച്ച് താമസിക്കുന്നതിനു മുമ്പു തന്നെ ഗർഭവതിയായി കാണപ്പെട്ടു എന്നതാണ് മറിയത്തിന്റെ ഭാഗത്തുനിന്നുള്ള അസാധാരണത്വം. അതേസമയം പാപികളായ രണ്ടു സ്ത്രീകൾ തന്റെ വംശപരമ്പരയിൽ വന്നതു വഴിയായി ദൈവപുത്രൻ മനുഷ്യനായപ്പോൾ ബലഹീനരും പാപികളുമായി തന്റെ ഐക്യദാർഢ്യം പിറവിയിൽ തന്നെ പ്രകടമാക്കി എന്നതു കാണാനാകും. മാത്രമല്ല ഒരു അന്യദേശക്കാരിയേയും തന്റെ മുൻതലമുറക്കാരിയാക്കിയപ്പോൾ സ്വദേശികളെയും വിദേശികളെയും ദൈവപുത്രൻ ഒരുപോലെ ആശ്ലേഷിക്കുന്നതും കാണാം. ദേശത്തിന്റെയും ഭാഷയുടെയും മറ്റും അതിർവരമ്പുകൾ മനുഷ്യൻ സൃഷ്ടിച്ചതാണ്; അവയെയെല്ലാം അതിലംഘിച്ചാണ് ദൈവത്തിന്റെ പുത്രൻ മനുഷ്യനായി അവതരിക്കുന്നത്. ആകയാൽ മനുഷ്യർ സൃഷ്ടിച്ച ജാതി, ഭാഷ, രാഷ്ട്രം എന്നീ അതിർവരമ്പുകളുടെ അടിസ്ഥാനത്തിലുള്ള വേർതിരിവുകളെ ചെറുക്കാത്ത ക്രിസ്തുമസ് ആചരണങ്ങളും ആശംസകളും അർത്ഥവത്താകില്ല. ഇന്ന് മ്യാൻമാറിലെ രോഹിൻഗ്യകളുടെ പ്രശ്നം പരിഹരിക്കാതെ ക്രിസ്തുമസ് ആഘോഷം പൂർത്തിയാകില്ല. 2017 ഡിസംബർ 1–ാം തിയതി ഫ്രാൻസിസ് മാർപാപ്പ ബംഗ്ലാദേശിലെ രോഹിൻഗ്യ അഭയാർത്ഥികളോടു പറഞ്ഞു, നിങ്ങളിൽ ഞാൻ ദൈവത്തെ കാണുന്നു. നിങ്ങളെ ദ്രോഹിക്കുന്നവരുടെപേരിൽ, ലോകം നിങ്ങളോടു കാട്ടുന്ന നിസ്സംഗതയുടെ പേരിൽ ഞാൻ മാപ്പ് ചോദിക്കുന്നു (മലയാള മനോരമ, 2017 ഡിസംബർ 2, p. 13).

**2. ചരിത്രസാഹചര്യം**

'ഹേറോദേസ് രാജാവിന്റെ കാലത്ത് യൂദായിലെ ബെത്‌ലെഹെമിൽ യേശു ജനിച്ചു' (മത്താ 2,1) എന്ന ഒറ്റ വാചകം കൊണ്ട് മത്തായി യേശുവിന്റെ ജനനത്തിന്റെ ചരിത്രപശ്ചാത്തലം നൽകുന്നു. സ്നാപകയോഹന്നാന്റെ ജനന വിവരണത്തിൽ തുടങ്ങുന്ന ലൂക്കാ (1, 5–80) യേശുവിന്റെ ജനനവും അതേ ചരിത്ര പശ്ചാത്തലത്തിലവതരിപ്പിക്കുന്നു. ലൂക്കാ രണ്ടാം അദ്ധ്യായത്തിൽ യേശുവിന്റെ ജനനത്തിന് കൂടുതൽ സാർവ്വത്രികത പകരുന്നതിനായി റോമാ ചക്രവർത്തിയായ അഗസ്റ്റസ് സീസറിന്റെ കാലത്താണ് അത് സംഭവിച്ചതെന്നുകൂടി എഴുതുന്നു (ലൂക്കാ 2, 1–7). വലുതായുള്ള പടയോട്ടങ്ങൾക്ക് അറുതിവരുത്തി കൂടുതലായും ജനങ്ങളുടെ ക്ഷേമത്തിന് ഊന്നൽ കൊടുത്തുകൊണ്ട് അഗസ്റ്റസ് B.C. 27 മുതൽ A.D. 14 വരെ റോമാ സാമ്രാജ്യം ഭരിച്ചതിനാൽ അയാളുടെ കാലത്ത് റോമാ സാമ്രാജ്യത്തിൽ 'അഗസ്റ്റസിന്റെ സമാധാനം' (pax Augusta) പുലർന്നിരുന്നു എന്നതാണ് പറഞ്ഞിരുന്നത്. അഗസ്റ്റസിനെ 'രക്ഷകനും' 'സമാധാന പാലകനും' ആയി റോമാ സാമ്രാജ്യത്തിലെ ചില ഗ്രീക്ക് ലിഖിതങ്ങൾ പ്രകീർത്തിച്ചിരുന്നെങ്കിൽ അതിനു വിപരീതമായി, അഗസ്റ്റസിന്റെ മരണത്തിന് ഏതാണ്ട് എഴുപത് വർഷത്തിനുശേഷം ലൂക്കാ തന്റെ സുവിശേഷം രചിച്ചപ്പോൾ, യേശുവിനെ യഥാർത്ഥ 'രക്ഷകനും' (2, 11), 'സമാധാന ദാതാവും' (2,14) ആയി അവതരിപ്പിക്കുകയാണ്. യേശുവിന്റെ ജനനത്തോടുകൂടെ സാധ്യമായത് കേവലം യുദ്ധമില്ലാതിരിക്കുന്ന, അഗസ്റ്റസിന്റെ രീതിയിലുണ്ടായിരുന്ന, സമാധാനമായിരുന്നില്ല (യഥാർത്ഥത്തിൽ പണ്ട് റോമാക്കാർ പറഞ്ഞിരുന്നത് 'സമാധാനം കാംക്ഷിക്കുന്നെങ്കിൽ യുദ്ധത്തിനു ഒരുങ്ങിയിരിക്കണം' എന്നാണ് ലത്തീനിൽ "Si vis pacem para bellum"= "If you want peace be ready for war") അയൽരാജ്യത്തെ ഭയപ്പെടുന്ന രാജ്യങ്ങൾ ഇന്നും സമാധാനം നിലനിറുത്തുന്നത് യുദ്ധ സന്നാഹങ്ങൾ ഒരുക്കി നിറുത്തിയിട്ടാണല്ലോ എന്ന യാഥാർത്ഥ്യം വിസ്മരിച്ചുകൂടാ. യുദ്ധ സന്നാഹങ്ങൾ ഒരുക്കാൻവേണ്ടി പല രാജ്യങ്ങളും ചെലവഴിക്കുന്ന പണം പ്രസ്തുത രാജ്യങ്ങളിലെ ദാരിദ്ര്യവും പട്ടിണിയും അകറ്റുവാൻവേണ്ടി നീക്കിവയ്ക്കുന്നില്ല എന്നതും മറക്കാനാവില്ല. മിശിഹായുടെ വരവോടെ സാധ്യമാകാനിരുന്ന സമ്പൂർണ്ണമായ സുസ്ഥിതി, അഥവാ അനുഗ്രഹങ്ങളുടെ അതിവർഷമാണ്, യേശുവിന്റെ ജനനത്തോടുകൂടെ ഉണ്ടാകാനിരുന്ന സമാധാനം. അപ്പോൾ 'ജനപദങ്ങൾ തങ്ങളുടെ തർക്കങ്ങൾ അവസാനിപ്പിക്കും. അവരുടെ വാൾ കൊഴുവും അവരുടെ കുന്തം വാക്കത്തിയുമായി അടിച്ചു രൂപപ്പെടുത്തും. രാജ്യം

രാജ്യത്തിനെതിരെ വാളുയർത്തുകയില്ല അവർ ഇനിമേൽ യുദ്ധപരിശീലനം നടത്തുകയില്ല' എന്നതാണ് ഏശയ്യ സ്വപ്നം കണ്ട സമാധാനം (ഏശ 2, 4). മിശിഹായുടെ നാളുകൾ അപ്രകരമായിരിക്കുമെന്നും ഏശയ്യ പ്രവചിച്ചിരുന്നു (ഏശ 9, 5-7).

യൂദയാ മുഴുവന്റെയും (പാലസ്തീനായുടെ) അധിപതിയായിരുന്ന ഹേറോദേസ് റോമാചക്രവർത്തിക്ക് വിധേയപ്പെട്ട് രാജ്യഭരണം നടത്തിയ സാമന്ത രാജാവായിരുന്നു. B.C. 37ൽ ആരംഭിച്ച ഹേറോദേസിന്റ ഭരണം B.C. 4 ൽ അദ്ദേഹത്തിന്റെ മരണത്തോടുകൂടെയാണ് അവസാനിച്ചത്. യേശു ഹേറോദേസിന്റെ കാലത്താണ് ജനിച്ചതെങ്കിൽ അത് B.C. 4ന് മുമ്പ് ആയിരിക്കണം. അധികാരദുർവിനിയോഗവും ക്രൂരതയും നിറഞ്ഞതായിരന്നു ഹേറോദേസിന്റെ ഭരണം. അതിനാലാണ് യഹൂദർക്ക് മററൊരു രാജാവ് പിറന്നു എന്ന വാർത്ത അയാൾക്ക് അംഗീകരിക്കാതിരിക്കാനാവാതെ വന്നത് (മത്താ 2,3.7-8.16). അയാളുടെ കൽപന പ്രകാരം ബത്‌ലെഹെമിനും സമീപപ്രദേശങ്ങളിലും രണ്ടും അതിൽ താഴെയും വയസ്സുള്ള കുട്ടികളെ വധിച്ചതു സംബന്ധിച്ച് പുതിയ നിയമത്തിനു പുറമേ നിന്നുള്ള ചരിത്രകാരുടെ സ്ഥിരീകരണം ഇല്ലെങ്കിൽപ്പോലും അയാളുടെ ക്രുരതയ്ക്ക് ചേർന്ന പ്രവൃത്തിയായിരുന്നു അതെന്ന് അനുമാനിക്കാവുന്നതേയുള്ളു.

യേശുവിന്റെ ജനനത്തിന്റെ ചരിത്രപശ്ചാത്തലം ഇതാണെങ്കിലും ഹേറോദേസ് രാജാവും അഗസ്റ്റസ് ചക്രവർത്തിയുമൊക്കെ ക്രിസ്തുമസ് കാർഡുകളിൽ ഇടം നേടിയിട്ടില്ല.

**3. ജോസഫും മറിയവും**

ജോസഫും മറിയവും ക്രിസ്തുമസ് ആശംസാ കാർഡുകളുടെ മുഖ്യ കഥാപാത്രങ്ങളാണ്. മത്തായിയുടെ സുവിശേഷത്തിൽ യേശുവിന്റെ ജനനവിവരണം ജോസഫ് കേന്ദ്രീകൃതമാണെങ്കിൽ ലൂക്കായിൽ അത് മറിയം കേന്ദ്രീകൃതമാണ്. മറിയത്തിന്റെ പ്രതിശ്രുത വരനായിരുന്ന ജോസഫിന്റെ പ്രതിസന്ധിയെ അവതരിപ്പിച്ചുകൊണ്ടാണ് മത്തായി ആരംഭിക്കുന്നത്. തന്റെ പ്രതിശ്രുത വധു തങ്ങൾ ഒന്നിച്ചു വസിക്കുന്നതിനു മുമ്പായി ഗർഭവതിയായി കാണപ്പെട്ട സാഹചര്യത്തിൽ എന്തു ചെയ്യണമെന്നറിയാതെ വലയുന്ന ജോസഫ്. ജോസഫ് നീതിമാനായിരുന്നു. സാധാരണ യഹൂദ നിയമപ്രകാരം അപ്രകാരമുള്ള സ്ത്രീയെ പരസ്യമായി ഉപേക്ഷിക്കുക എന്നതായിരുന്നു പതിവ്. എന്നാൽ മറിയത്തെ രഹസ്യമായി ഉപേക്ഷിക്കാൻ ജോസഫ് തീരുമാനിക്കുകയുണ്ടായി. ജോസഫ് നീതിമാനായിരിക്കെ അതിനുമപ്പുറം പ്രവർത്തിക്കുകയുണ്ടായി എന്നതാണ് സൂചന. ഇതാണ് മത്തായി പിന്നീട് അവതരിപ്പിക്കുന്ന ഫരിസേയരുടെയും നിയമജ്ഞരുടെയും നീതി സങ്കല്പത്തെ അതിലംഘിക്കുന്ന നീതി (മത്താ 5, 20); അത് നിയമത്തെ പാലിക്കുന്നതോടൊപ്പംതന്നെ വഴിവിട്ട് നിയമത്തിനുമപ്പുറത്തേക്ക് എത്തിനിൽക്കുന്ന ആർദ്രഭാവത്തിലേക്ക് കടന്നുചെല്ലും. ഇതുതന്നെയാണല്ലോ ലൂക്കാ (10) അവതരിപ്പിക്കുന്ന നല്ല സമരിയാക്കാരന്റെ കഥയിലെ വഴിവിട്ടുള്ള കരുണയുടെ ഭാവവും. അതായത് മുഖ്യധാരയ്ക്ക് പുറത്ത് പാർശ്വങ്ങളിൽ കഴിയുന്നവരെക്കുറിച്ചുള്ള മുഖ്യവഴിവിട്ടുള്ള പ്രവർത്തനത്തിലെ കരുണാഭാവം.

ആകുലചിത്തനായിരുന്ന ജോസഫിന് ദൈവീക വെളിപാട് ലഭിക്കുന്നു. അത് സ്വപ്നത്തിലൂടെയാണ് നൽകപ്പെടുന്നത്. സ്വപ്നത്തിൽ ജോസഫിന് മൂന്നു പ്രാവശ്യം (മത്താ 1, 20; 2, 13-19) ദൈവീകസന്ദേശം ലഭിച്ചു. എങ്ങനെ ഒരാൾക്ക് സ്വപ്നത്തിൽ ഇപ്രകാരമുള്ള സന്ദേശങ്ങൾ ലഭ്യമാകും എന്ന ചോദ്യം നമ്മുടെ മനസ്സിലുണ്ടാകും. ദൈവവുമായുള്ള നിരന്തര സഹവാസത്തിലായിരിക്കുന്നവർക്ക് ലഭിക്കുന്ന മനസ്സിന്റെ ശരിയായ ഉൾക്കാഴ്ച്ച തന്നെയായിരിക്കണം ഇപ്രകാരമുള്ള സ്വപ്നത്തിലെ നിർദ്ദേശമായി സുവിശേഷകൻ അവതരിപ്പിക്കുന്നത്. ദൈവവുമായുള്ള നിരന്തരമായ സംസർഗ്ഗത്തിലായിരിക്കുന്നവർക്ക് നിശ്ചയമായും തെറ്റ് കൂടാതെ ദൈവേഷ്ടം തിരിച്ചറിയുവാനും തദനുസരണം പ്രവർത്തിക്കാനുമുള്ള ശക്തി ലഭ്യമാകും എന്നുവേണം കരുതാൻ.

നസ്രത്തുകാരി കന്യകയായ മറിയത്തെ ഗബ്രിയേൽ ദൂതൻ ഇപ്രകാരം അഭിവാദനം ചെയ്തു, 'അനുഗ്രഹിക്കപ്പെട്ടവളേ സ്തുതി' (ലൂക്കാ 1, 28). 'അനുഗ്രഹിക്കപ്പെട്ടവളേ' എന്ന കർമ്മണി പ്രയോഗം ശ്രദ്ധേയമാണ്. 'ദൈവത്താൽ' അനുഗ്രഹിക്കപ്പെട്ടവൾ എന്നതാണ് അതിന്റെ ധ്വനി. മറിയം ദൈവത്താൽ കൃപകൾകൊണ്ട് അലങ്കരിക്കപ്പെട്ടവളാണ്. ദൈവസന്നിധിയിൽ കൃപ/കരുണ കണ്ടെത്തിയവളാണ് മറിയം (ലൂക്ക 1,30). ദൈവവചനം മാംസമാകുന്നു എന്ന മംഗളവാർത്തയുടെ അന്തഃസത്ത അതാണ്. ദൈവം മനുഷ്യരോടു കൃപ/കരുണ കാണിച്ചതിന്റെ ഉത്തുംഗഭാവത്തിലേക്ക് പ്രവേശിക്കുന്ന വേളയാണത്. ദൈവത്തെ ഭയപ്പെടുന്നവരോട് തലമുറകൾതോറും അവിടുന്ന് കാണിക്കുന്ന കരുണയുടെ ഭാഗമാണിതെന്ന് മറിയം പിന്നീട് തന്റെ ഗീതത്തിൽ വ്യാഖ്യാനപൂർവ്വം പറയും (ലൂക്കാ 1,50). ഏറെ പ്രത്യേകമായി ഇസ്രായേലിന്റെ ചരിത്രത്തിൽ ദൈവം കാണിച്ച കരുണയുടെ കഥയുടെ

പിൻതുടർച്ചയാണത് (ലൂക്കാ 1,54). യഥാർത്ഥത്തിൽ പുതിയ നിയമം അഥവാ പുതിയ ഉടമ്പടിതന്നെ സമ്പൂർണ്ണമായും ഈ കരുണയുടെ കഥയാണ്. അതിനാൽ പുതിയ നിയമത്തിലുള്ള ദൈവത്തിന്റെ കരുണയുടെ ഭാവം എന്നല്ല പറയേണ്ടത്, പ്രസ്തുത പുതിയ നിയമം/ഉടമ്പടിതന്നെ കരുണയുടെ നിയമം/ഉടമ്പടി എന്നാണ് വ്യാഖ്യാനിക്കപ്പെടേണ്ടത്. വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു എന്നും, പിതാവിന്റെ ഏകജാതനടുത്ത കൃപയും സത്യവും നിറഞ്ഞ മഹത്ത്വം നമ്മൾ ദർശിച്ചു (യോഹ 1, 14) എന്നും ഉള്ള ഒറ്റ വാചകത്തിലാണ് അർത്ഥഗർഭമായി യോഹന്നാൻ തിരുപ്പിറവിയെ സംഗ്രഹിക്കുന്നതെന്നത് ശ്രദ്ധേയമാണ്. വി. പൗലോസിന്റെ ചെരുപ്പിൽ നിന്നുകൊണ്ട് അദ്ദേഹത്തിന്റെ പഠനക്കളരിയിൽ ശരിയായി ശിക്ഷണം നേടിയിരുന്ന ഒരു ശിഷ്യൻ ഈ കഥയെക്കുറിച്ച് തീത്തോസിനെഴുതി: 'എന്നാൽ നമ്മുടെ രക്ഷകനായ ദൈവത്തിന്റെ നന്മയും കരുണാർദ്രസ്നേഹവും വെളിപ്പെട്ടപ്പോൾ നമ്മുടെ നീതിയുടെ നന്മപ്രവർത്തികൾ കൊണ്ടല്ല, പിന്നെയോ അവിടുത്തെ കാരുണ്യം മൂലം പരിശുദ്ധാത്മാവിൽ അവിടുന്ന് നിർവ്വഹിച്ച പുനരുജ്ജീവനത്തിന്റയും നവീകരണത്തിന്റെയും സ്നാനത്താൽ അവിടുന്ന് നമുക്ക് രക്ഷ നൽകി' (തീത്തോ, 3,4-5). ചുരുക്കത്തിൽ ദൈവപുത്രന്റെ മനുഷ്യാവതാരം ദൈവത്തിന്റെ കരുണയുടെ ആഘോഷമായിരുന്നുവെന്ന് അതിന്റെ ആദ്യാനുഭവക്കാരിയായ കന്യകാ മറിയം മുതൽ പുതിയനിയമ ചിന്തകരെല്ലാം പങ്കുവെയ്ക്കുന്ന ഒന്നാണ്.



**4. മുറി ഒഴിവില്ലാത്ത സത്രം?**

മറിയത്തിന്റെ പ്രസവദിവസമായി. അവൾ തന്റെ ആദ്യജാതനെ പ്രസവിച്ചു. അവനെ പിള്ളക്കച്ച പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി. കാരണം, സത്രത്തിൽ അവർക്ക് സ്ഥലമില്ലായിരുന്നു' എന്ന് വളരെ ലളിതമായി ലൂക്കാ (2, 6-7) യേശുവിന്റ ജനനത്തെക്കുറിച്ച് പറയുന്നു. 'കത്താലിമാ' (katalyma) എന്ന ഗ്രീക്ക് പദത്തെ 'സത്ര'മെന്നും 'അതിഥികൾക്കായുള്ള മുറി' എന്നും പരിഭാഷപ്പെടുത്താവുന്നതാണ്. അക്കാലത്ത് ബത്ലെഹെമിൽ സത്രം ഉണ്ടായിരുന്നോ എന്ന സംശയം വ്യാഖ്യാതാക്കൾ ഉന്നയിക്കുന്നുണ്ട്. അതിനാൽ മുറി ഒഴിവില്ലായിരുന്ന സത്രം എന്ന് മനസ്സിലാക്കുന്നതിനുപകരം ജോസഫിന്റെ ബന്ധുക്കളുടെ വീട്ടിൽ അതിഥികൾക്കായുള്ള മുറി ഒഴിവില്ലായിരുന്നുവെന്നും ആവാം. യഥാർത്ഥത്തിൽ ഹൃദയത്തിൽ ഇടമുണ്ടെങ്കിൽ തീർച്ചയായിട്ടും ഭവനത്തിലും സ്ഥലമുണ്ടാകും. 'അവൻ സ്വന്തജനത്തിന്റെ അടുത്തേക്ക് വന്നു; എന്നാൽ സ്വന്തജനം അവനെ സ്വീകരിച്ചില്ല' എന്ന ദുഃഖകഥ യോഹന്നാനും (1,11) പറയുന്നുണ്ട്. 'കത്താലിമയിൽ' ('അതിഥികൾക്കായുള്ള മുറിയിൽ') യേശുവിനെയും ശിഷ്യരെയും സ്വീകരിച്ച ഒരാളുടെ കഥ ലൂക്കാ തന്റെ സുവിശേഷം അവസാനിക്കാറാകുമ്പോൾ (22,11) പറയുന്നുണ്ട്. അവിടെ വച്ചാണ് അതിഥിയായി വന്ന യേശു ആതിഥേയഭാവം സ്വീകരിക്കുകയും സ്വയം മുറിച്ച് വിളമ്പുകയും ചെയ്തത് (ദിവ്യ കാരുണ്യ സ്ഥാപനം: ലൂക്കാ 22,7-20). അതിഥികൾക്കായുള്ള മുറിയിൽ ഇടമുണ്ടായതുകൊണ്ടാണ് ലോകത്തിന്റെ ജീവനുവേണ്ടി താൻ നൽകിയ തന്റെ ശരീരം അവന് അന്ന് മുറിച്ച് വിളമ്പാനായത്.

അവൻ അപ്പമായിട്ടാണ് പിറന്നുവീണതെന്നതും ചിന്തനീയമായ വസ്തുതയാണ്. 'അവനെ പിള്ളക്കച്ച പൊതിഞ്ഞ് 'പുൽത്തൊട്ടിയിൽ' കിടത്തി' (ലൂക്കാ 2,7) എന്നാണ് പറഞ്ഞിരിക്കുന്നത്. വളർത്തുമൃഗങ്ങൾക്ക് ഭക്ഷണം വച്ചുകൊടുക്കുന്ന പാത്രമായിരുന്നു 'പുൽത്തൊട്ടി.' ഈ പശ്ചാത്തലത്തിലായിരിക്കണം ക്രിസ്തുമസ് കാർഡുകളിൽ കാണുന്ന മൃഗങ്ങൾ യേശുവിന്റെ ജനന ചിത്രീകരണത്തിലുള്ളത്. ഏതായാലും അവൻ നൽകുന്ന വചനവും അവന്റെ ശരീരരക്തങ്ങളുമാണ് ലോകത്തിന്റെ ജീവന്റെ പോഷണമായി നിലനിൽക്കുന്നത്. അവൻ നൽകുന്ന ഭോജനമില്ലാതെ ലോകത്തിനു ജീവൻ ഉണ്ടായിരിക്കില്ല. അതിന്റെ അടയാളമാണ് അവന്റെ പുൽത്തൊട്ടിയിലെ ശയനം.

## 5. പൗരസ്ത്യ ജ്ഞാനികൾ


പൗരസ്ത്യദേശത്തു നിന്നുള്ള ജ്ഞാനികളുടെ സന്ദർശനം മത്തായിയുടെ സുവിശേഷത്തിന്റ മാത്രം സംഭാവനയാണ്. ലൂക്കാ എഴുതിയ യേശുവിന്റെ ശൈശവകാല വിവരണത്തിൽ അവൻ സർവ്വലോകത്തിന്റെയും രക്ഷകനാണെന്ന ആശയം വിവിധയിടങ്ങളിൽ നിലനിൽക്കുന്നുവെങ്കിൽ (ഉദാ. പാലസ്തീനാ എന്ന പശ്ചാത്തലത്തിലുപരി റോമാസാമ്രാജ്യത്തിന്റെ പശ്ചാത്തലം നിലനിറുത്തുന്നത്; ആദം വരെയുള്ള വംശാവലി വിവരണം തുടങ്ങിയവ), ആ വസ്തുതയ്ക്ക് ഉപോൽബലകമായിട്ടാണ് ജ്ഞാനീ സന്ദർശനകഥ മത്തായി പറയുന്നത്; കാരണം അവൻ യഹൂദരുടെ മാത്രം രക്ഷകനല്ല, മറ്റ് ജനതകളുടേതുമാണ്. ജ്ഞാനികൾ മൂന്ന് സമ്മാനങ്ങൾ നൽകുന്നതുകൊണ്ടും അവർ സ്വർണ്ണവും മറ്റും സമ്മാനമായി നൽകുന്നതുകൊണ്ടും അവരെ മൂന്നുപേരെയും രാജാക്കന്മാരായും കഥാകാരന്മാരും ചിത്രകാരന്മാരും അവതരിപ്പിച്ചുവരുന്നു.

ജ്ഞാനികൾ കണ്ട നക്ഷത്രം ക്രിസ്തുമസ് കഥയിലെയും ക്രിസ്തുമസ് കാർഡുകളിലെയും വർണ്ണക്കാഴ്ച്ചയാണ്. അവർ കിഴക്ക് (ഗ്രീക്കിൽ, anatolē) അവന്റെ നക്ഷത്രം കണ്ട് പൗരസ്ത്യദേശത്തുനിന്ന് (anatolōn) വന്നവരാണ്. ചരിത്രപരമായും ഭൂമിശാസ്ത്രപരമായും ഇപ്രകാരമൊരു നക്ഷത്രത്തെക്കുറിച്ച് തീർച്ച പറയുന്നത് എളുപ്പമുള്ള കാര്യമല്ല. B.C. 5-ാമാണ്ടിൽ മാർച്ച്-ഏപ്രിലിൽ പ്രത്യക്ഷപ്പെട്ടെന്ന് ചൈനാക്കാർ രേഖപ്പെടുത്തുന്ന സൂപ്പർ നോവ (ജ്യോതിർഗോള സ്ഫോടകകണിക) ആണോ അതെന്ന് ചിലർ സംശയിക്കുന്നു; മറ്റു ചിലർ B.C. 12ലോ 11ലോ പ്രത്യക്ഷപ്പെട്ട ഹേലിയുടെ വാൽനക്ഷത്രമാകാമെന്ന് കരുതുന്നു; വേറേ ചിലർ ചില ഗ്രഹസംയോഗം എന്നും കരുതുന്നു: B.C. 7-ലെ വ്യാഴത്തിന്റെയും ശനിയുടെയും സംയോഗം; B.C. 3-ൽ വ്യാഴത്തിന്റെയും ശുക്രന്റെയും സംയോഗം. എന്നാൽ ഇവയെക്കുറിച്ചൊന്നും കൃത്യമായി പറയുവാൻ സാധിക്കില്ല. പൗരസ്ത്യദേശത്തെ യഥാർത്ഥ ദൈവാ ന്വേഷകരുടെ ഹൃദയത്തിൽ ഉദിച്ചുയർന്ന പൊൻതാരകമാണ് ആ വെള്ളിവെളിച്ചം. അവരുടെ ഉൾക്കണ്ണുകൾ കൊണ്ട് മാത്രമേ അത് കാണാനാവുമായിരുന്നുള്ളു. ഹേറോദേസിന്റെ കൊട്ടാരം വിട്ടിറങ്ങിയപ്പോൾ നക്ഷത്രം അവർക്കു വീണ്ടും പ്രത്യക്ഷപ്പെട്ടുവെന്നും അവർ അത്യധികം സന്തോഷിച്ചുവെന്നും മത്തായി രേഖപ്പെടുത്തുന്നു (2,9-10). ഇരുൾമൂടിയ മനസ്സുണ്ടായിരുന്ന ഹേറോദേസിനും ജറുസലേമിലെ മറ്റ് അധികാരികൾക്കും ആ നക്ഷത്രം ദൃശ്യമാകുമായിരുന്നില്ല. ഈ നക്ഷത്രോദയത്തെകുറിച്ചായിരിക്കണം ലൂക്കായുടെ വിവരണത്തിൽ പ്രവചനാത്മകമായി സഖറിയ പാടിയത്: 'നമ്മുടെ ദൈവത്തിന്റെ ആർദ്രമായ കരുണയാൽ ഉന്നതത്തിൽ നിന്ന് ഉദയസൂര്യൻ (anatolē) നമ്മെ സന്ദർശിക്കും' (ലൂക്കാ 1, 78). യേശുവിന്റെ മുന്നോടിയായി വന്ന യോഹന്നാൻ സ്നാപകന്റെ ജനനത്തോടെ നടക്കുവാനിരിക്കുന്ന പുതിയ ജനനത്തക്കുറിച്ച് സഖറിയാ പ്രവചിക്കുകയായിരുന്നു: അവന്റെ ജനനം കിഴക്കുദിക്കുന്ന സൂര്യനക്ഷത്രത്തിന് സമമായിരിക്കും; അപ്രകാരമുള്ള ഇരുൾ നീക്കുന്ന ഒരു പുത്തൻ അനുഭവമായിരിക്കും അത് പ്രദാനം ചെയ്യുക. അത്തരത്തിലുള്ള ഒരു തീവ്രമായ അനുഭവത്തിലൂടെയാണ് ജ്ഞാനികൾ കടന്നുപോയത്. ആയതിനാൽ അവർ സാഷ്ടാംഗപ്രണാമം ചെയ്ത് അവനെ ആരാധിക്കുകയും തങ്ങളുടെ നിക്ഷേപപാത്രങ്ങൾ തുറന്ന് അവന് കാഴ്ച്ചകൾ അർപ്പിക്കുകയും ചെയ്തു (മത്താ 2, 11). തങ്ങളുടെ ഉള്ളവും ഉള്ളതുമാണ് അവർ സമർപ്പിച്ചത്. അവന്റെ മുമ്പിലുള്ള സാഷ്ടാംഗപ്രണാമം തങ്ങളുടെ ജീവിതസമർപ്പണത്തിന്റെ അടയാളമായിരുന്നു. തങ്ങളുടെ ഹൃദയനിക്ഷേപത്തിന്റെ മുത്തുകളാണ് അവർ കാഴ്ച്ചയായി അർപ്പിച്ചത്. യേശുവെന്ന വെളിച്ചത്തെ (യോഹ 8,12) യഥാർത്ഥമായും കണ്ടവർക്ക് ആ ദീപപ്രഭയിൽ പ്രശോഭിക്കാതിരിക്കാനും അങ്ങനെ തങ്ങളെത്തന്നെ സമ്പൂർണ്ണമായി സമർപ്പിക്കാതിരിക്കുവാനും സാധിക്കുമായിരുന്നില്ല. ആകയാൽ അവർ പുതിയൊരു വഴിലൂടെ തിരികെപ്പോയി.

## ഉപസംഹാരം

തിരുപ്പിറവി ഒരു വലിയ കഥയാണ്; അത് ഒരു സുന്ദരമായ കഥയാണ്. അതിൽ സന്തോഷം നിറഞ്ഞു നിൽക്കുന്നുണ്ട്; പ്രത്യാശയുമുണ്ട്. ക്രിസ്തുമസ് ആശംസാ കാർഡുകൾ മത്തായിയും ലൂക്കായും പറയുന്ന ക്രിസ്തുമസ് കഥയുടെ അംശങ്ങൾ വിപുലീകരിക്കുവാനും ചില അംശങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്താനും ശ്രമിക്കുന്നുണ്ട്. യഥാർത്ഥത്തിൽ ഈ രണ്ടു സുവിശേഷകരുടെ ആഖ്യാനത്തിന്റെ മേലുള്ള വ്യാഖ്യാനവും വിചിന്തനവും മനുഷ്യമനസ്സുകളെ നിർണ്ണായകമായ രീതിയിൽ സ്പർശിക്കാതിരിക്കുവാൻ സാധിക്കുകയില്ല. കാരണം ദൈവപുത്രന്റെ മനുഷ്യാവതാരം പാപികളായ സ്ത്രീപുരുഷന്മാരുടെ കഥയോടും ദൈവാന്വേഷകരുടെ കഥയോടുമൊക്കെ ചേർത്തുവായിക്കേണ്ട ഒന്നാണ്. ആ കഥ വായിക്കുന്നവരൊക്കെയും മറിയത്തെപ്പോലെ അനുഗ്രഹിക്കപ്പെട്ടവരാകട്ടെ എന്ന് ആശംസിക്കുന്നു.

# ശാന്തിയുടെ നക്ഷത്രം



**ഡോ. ജോർജ് ഓണക്കൂർ**



''ഭയപ്പെടേണ്ട, ഇതാ സകലജനത്തിനും സംഭവിക്കാനിരിക്കുന്ന വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണമായ ബേത്‌ലഹേമിൽ നിങ്ങൾക്കായി ഒരു രക്ഷകൻ പിറന്നിരിക്കുന്നു. ഇതായിരിക്കും അടയാളം; പിള്ളക്കച്ച കൊണ്ടു പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ശിശുവിനെ നിങ്ങൾ കാണും''.

ബേത്‌ലഹേമിലേക്കു നയിക്കുന്ന പാതയുടെ അരികിൽ മലയോരത്ത് ആടുകളെ കാത്തു രാപാർത്തിരുന്ന ആട്ടിടയന്മാരുടെ ഇടയിലേക്ക് ശക്തമായ പ്രകാശം ഇറങ്ങി വന്നു. അവർ ഉണർന്ന് ആ സ്വരം ശ്രവിച്ചു, വെളിച്ചം ദർശിച്ചു.

എവിടെ, എന്താണ് സംഭവിക്കുന്നത്? ആകാശദേശമെങ്ങും ഹൃദ്യമായ സംഗീതത്തിന്റെ അലകൾ. ആദ്യം അനുഭവപ്പെട്ട സംഭ്രമം മെല്ലെ വിട്ടകന്നു. ആട്ടിടയന്മാർ തമ്മിൽപ്പറഞ്ഞു;

''നമുക്കു ബേത്‌ലഹേമിലേക്കു പോകാം. കേട്ടതൊക്കെയും സത്യമോ എന്നു തിരക്കി അറിയാം''.

തുടർച്ചയായ കഷ്ടാനുഭവങ്ങളിൽ സ്വയം നഷ്ടപ്പെട്ട്, ആത്മവീര്യം അന്യമായിത്തീർന്ന യൂദയാജനം. വേദങ്ങളിൽ ദിവ്യരക്ഷകന്റെ ആഗമനം അടയാളപ്പെടുത്തിയിട്ടുണ്ട്. ന്യായാധിപന്മാരും പ്രവാചകന്മാരും അതേക്കുറിച്ച് നിരന്തരം പ്രബോധിപ്പിച്ചിട്ടുണ്ട്. ഇരുണ്ട കാലം കടന്നുപോകും. ആകാശത്തിൽ പ്രഭാത താരകം ഉദയം ചെയ്യും പാപാന്ധകാരത്തിൽ പതിച്ചവരെ പിടിച്ചുയർത്തുന്ന രക്ഷയുടെ കരം. കാത്തിരിപ്പിന്റെ കാലങ്ങൾ. പ്രമത്തരായ ഭരണാധികാരികളും വിദേശികളായ ആക്രമണകാരികളും ദൈവജനത്തെ പലതരത്തിൽ നിരന്തരം പീഡിപ്പിച്ചു; ജീവിതം ദുസ്സഹമാക്കി. ആത്മാവു നഷ്ടപ്പെട്ട ജഡം പോലെ അവരുടെ ജീവിതം.

ദൈവം തന്റെ സൃഷ്ടിയെ നിത്യനാശത്തിലേക്കു വലിച്ചെറിയുമോ? സത്യമായ ദൈവം; നന്മയായ, സ്നേഹമായ ദൈവം. ആ കരുണയിൽ, ദുരിതങ്ങളിൽ നിന്നു വിമോചനം. ആ സ്വപ്നത്തിന്റെ ചിറകിൽ എത്രകാലം പറക്കാനാവും, എത്ര ദൂരം താണ്ടാനാവും?

പ്രതീക്ഷകൾ നഷ്ടപ്പെട്ടും സ്വയം ശപിച്ചും യഹൂദജനം നിരാശാഗർത്തത്തിൽ പതിച്ച കാലാന്തരത്തിലാണ് ദൈവത്തിന്റെ ദൂതൻ നസറേത്തിലെ കന്യകയ്ക്ക് പ്രത്യക്ഷനായത്. അവൾ മറിയം; ദാവീദിന്റെ ഗോത്രജനായ യൗസേപ്പിന് വിവാഹം നിശ്ചയിക്കപ്പെട്ടവൾ.

ദൂതൻ അറിയിച്ചു; ''കൃപനിറഞ്ഞവളേ, നിനക്കു സമാധാനം. ദൈവം നിന്നോടു കൂടെയുണ്ട്. നീ അനുഗൃഹീതയാകുന്നു. ഒരു പുത്രന് നീ ജന്മം നൽകും. അവന് യേശു എന്നു പേർ വിളിക്കണം. അവൻ വലിയവനായിരിക്കും. അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവം അവനു നൽകും. അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാവുകയില്ല''.

ഈ വാക്കുകൾ കേട്ട് മറിയം സംഭ്രമചിത്തയായി: ഇതെങ്ങനെ സംഭവിക്കും, താൻ പുരുഷനെ അറിയുന്നില്ലല്ലോ? ദൂതൻ മറിയത്തിന്റെ സന്ദേഹം നിവാരണം ചെയ്യുന്നു; ''പരിശുദ്ധാത്മാവ് നിന്റെമേൽ ആവസിക്കും. അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും. നിനക്കു ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധനും ദൈവപുത്രനും ആയിരിക്കും. സർവശക്തനായവന് അസാദ്ധ്യമായി ഒന്നും തന്നെയില്ല''.

ആ വാക്കുകളിൽ ധൈര്യപ്പെട്ട് മറിയം പറഞ്ഞത് എന്തെന്നാൽ, ''ഇതാ, ഞാൻ കർത്താവിന്റെ ദാസി. അവന്റെ ഹിതം എന്നിൽ നിറവേറട്ടെ. ഗർഭിണിയായിത്തീർന്ന മറിയം ദൈവത്തിന് സ്തുതി പാടുന്നു; ''എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു. അവിടുന്ന് ഈ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടു. സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തിപ്പാടും......''

കാലത്തിന്റെ പൂർണ്ണതയിൽ കന്യകയിൽ നിന്നു പിറക്കുന്ന ദൈവപുത്രൻ! ആ മനുഷ്യാവതാരം ആദ്യമായി വെളിപ്പെട്ടത് പാവം ആട്ടിടയർക്ക്. അവരുടെ എളിമയിൽ, നിഷ്ക്കളങ്കതയിൽ ദൈവമായ കർത്താവ് അനുഗ്രഹം ചൊരിഞ്ഞതാവാം.

ആകാശത്തിൽ ഒരു നക്ഷത്രം മെല്ലെ നീങ്ങിക്കൊണ്ടിരുന്നു. ആ പ്രകാശധാര പിൻതുടർന്ന് ആട്ടിടയർ ബേത്‌ലഹേമിൽ രക്ഷകൻ പിറന്ന പുൽത്തൊട്ടിതേടി യാത്ര ചെയ്തു. ഒടുവിൽ നക്ഷത്രം നിലയുറപ്പിച്ച ആകാശച്ചുവട്ടിലെ സത്രത്തോടു ചേർന്ന് പിള്ളക്കച്ചയിൽ പൊതിഞ്ഞ ദിവ്യ ശിശുവിനെ അവർ ദർശിക്കുന്നു. അരികിൽ അമ്മ, മറിയം.

അമ്മയും കുഞ്ഞും! ജീവന്റെ ഉറവിടമായി, വിശുദ്ധിയുടെ പ്രതിരൂപംപോലെ അമ്മ, നന്മയുടെ, രക്ഷയുടെ നക്ഷത്രമായി ശിശു.

ആട്ടിടയന്മാർ സ്വർഗ്ഗീയ ഗാനം ഏറ്റുപാടി; ''അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ സന്മനസ്സുള്ളവർക്കു സാമാധാനം!''

രണ്ടായിരം സംവത്സരങ്ങൾ പിന്നിടുമ്പോഴും തിരുപ്പിറവി മനുഷ്യഹൃദയങ്ങളിൽ ഉണർത്തുന്നത് ഈ പാട്ടിന്റെ രഹസ്യമാണ്; ശാന്തിയുടെ സന്ദേശമാണ്. തികച്ചും ലളിതവും ജീവിതത്തിന്റെ സാധാരണ വഴികൾക്ക് അനുരൂപവുമായ ക്രിസ്തുമസ്. സമൂഹത്തിൽ പടർന്നിരുന്ന മൂഢവിശ്വാസങ്ങളും കപടനാട്യങ്ങളും രക്ഷകന്റെ ജനനം രാജകൊട്ടാരത്തിൽ നിർണ്ണയിച്ചു; ജനത്തെ രക്ഷിക്കാനുള്ളവൻ അധികാരത്തിന്റെ ചെങ്കോലുമേന്തി കൊട്ടാരക്കെട്ടിനുള്ളിൽ എഴുന്നള്ളണം! ധനവും പ്രതാപവും നിറയുന്ന പ്രഭുത്വത്തിന്റെ ഉന്നതതലങ്ങളിൽ തിരുപ്പിറവി!! സംഭവിക്കുന്നതോ, എളിമയുടെ പുൽത്തൊട്ടിയിൽ. സകലജനത്തിനും സംഭവിക്കാനിരിക്കുന്ന വലിയ സന്തോഷത്തിന്റെ നിറവേറൽ അതിസാധാരണമായ ജിവിതാവസ്ഥയിൽ. തീർച്ചയായും അതിൽ അടങ്ങിയിരിക്കുന്ന ദൈവിക രഹസ്യമുണ്ട്. എളിമയുടെ പുൽക്കുടിലിലാണ് ജീവന്റെ നക്ഷത്രം പ്രകാശം ചൊരിയുന്നത്. ദൈവത്തിന്റെ ആലയം വിശുദ്ധിയുടെ നിറവാർന്നതും എല്ലാ മനുഷ്യർക്കും സന്തോഷവും സമാധാനവും പ്രദാനംചെയ്യുന്നതും ആകണം. പ്രൗഢീയോ ധനാധിപത്യത്തിന്റെ പ്രകടനമോ ഒന്നും അതിനെ മഹത്തരമാക്കുന്നില്ല.

ദൈവപുത്രനെ രക്ഷകനായി ഉൾക്കൊള്ളുന്നതിനും മാനസിക പരിവർത്തനം കുടിയേതീരു. ഞാനെന്ന ഭാവം വെടിഞ്ഞ് എളിമയുടെ ജീവിതപ്പാത തിരഞ്ഞെടുക്കുക. പാവപ്പെട്ടവരെ, പരിത്യക്തരെ, പീഢിതരെ, രോഗികളെ എല്ലാം സാഹോദര്യത്തിൽ ഒരുമിപ്പിക്കുകയും രക്ഷാമാർഗ്ഗത്തിൽ മുന്നോട്ടുനയിക്കുകയും ചെയ്യുക. ബലികളെക്കാൾ കരുണ ഇഷ്ടപ്പെടുന്ന ക്ഷമാശീലനായ ദൈവത്തിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളാവുക.

വിശുദ്ധവേദ ഗ്രന്ഥത്തിലൂടെ യാത്ര ചെയ്യുമ്പോൾ തലമുറകൾ തേടിയ രക്ഷയുടെ പ്രാർത്ഥന നാം കേൾക്കുന്നു. വിമോചനത്തിനുള്ള നിലവിളികൾ. പ്രവാചകന്മാർ വഴി വെളിപ്പെട്ട വാഗ്ദാനം. അതിന്റെ സാഫല്യമാണ് ക്രിസ്തുമസ്. പാപംനിമിത്തം നഷ്ടമായ പറുദീസയുടെ വീണ്ടെടുപ്പ്. ശിക്ഷകളുടെ കാലം കടന്നുപോകുന്നു. രക്ഷയുടെ നക്ഷത്രം ഉദിക്കുന്നു; ജീവന്റെ പുതുവഴി തെളിയുന്നു. ഇനിയുള്ള യാത്രയിൽ രക്ഷകൻ ഒപ്പമുണ്ട്. അത് സന്തോഷകരമാണ്, ശാന്തിദായകമാണ്. ഉച്ചനീചത്വങ്ങൾ അന്യമാകുന്നു. മനസ്സിൽ നിന്ന് ഭയവും വിദ്വേഷവും ഒഴിഞ്ഞുപോകുന്നു നിരാശയില്ല, ദുഃഖങ്ങളില്ല. ഞാനും നീയും എന്ന ചിന്തയില്ല. നമ്മൾ എന്ന ബോധം മാത്രം.


അതാണ് ഐക്യത്തിന്റെ ജീവവഴി. രക്ഷാമാർഗ്ഗത്തിലൂടെ മുന്നോട്ട്; അവനോടൊപ്പം, അവനിൽത്തന്നെ. അദ്ഭുതകരമായ ഈ ജീവപരിണാമത്തിനുള്ള ശക്തിപകരുന്ന നിത്യരക്ഷയുടെ ചൈതന്യമാണ് ക്രിസ്തുമസ്.

ആകാശത്തിൽ പൂർണശോഭചൊരിയുന്ന നക്ഷത്രം. പ്രകൃതിയാകെ കുളിരണിഞ്ഞു നിൽക്കുന്നു. മകരമഞ്ഞു പെയ്യുന്ന മനോഹര രാത്രി....!

ദേവഗായകർ പാടുന്നു: എളിമയോടെ ഹൃദയം ഏറ്റുപാടുന്നു; ''അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം. ഭൂമിയിൽ സന്മനസ്സുള്ള സകലർക്കും സമാധാനം''.

# പങ്കുവയ്ക്കാനായി ഒരു തിരുപ്പിറവി...





**റവ. ഫാ. പീറ്റർ തോപ്പിൽ**

ബേത്‌ലഹേമിലെ കല്ലടാവിൽ രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ലോകരക്ഷയ്ക്കായി പിറന്ന വിണ്ണിന്റെ രാജകുമാരനെ വരവേറ്റുകൊണ്ട് സ്വർഗീയസൈന്യത്തിന്റെ ഒരു വ്യൂഹം പാടി, ''അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം!'' (ലൂക്ക 2:14). ദൈവം മനുഷ്യനായി അവതരിക്കുമ്പോൾ മനുഷ്യഗണത്തിന് വർണനാതീതമായ ശ്രേഷ്ഠത ലഭിക്കുന്നു. അതാണ് ക്രിസ്തുമസ്! ദൈവസ്നേഹത്തിന്റെ പരമകോടിയാണ് മനുഷ്യാവതാരം. ഇതൊരു പങ്കുവയ്ക്കലാണ്. ദൈവം തന്റെ ഏകജാതനെ പങ്കുവയ്ക്കുന്നു. ഇത് ഒരു ക്ഷണം കൂടിയാണ്. ഈ സ്നേഹത്തിൽ പങ്കുചേരാൻ, ഈ സ്നേഹം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ...

**ക്രിസ്തുമസ് : പ്രവചനങ്ങളുടെ പൂർത്തീകരണം**

പ്രതീക്ഷ നഷ്ടപ്പെട്ട ഒരു ജനതയുടെ രക്ഷകനായി നടത്തിയ നീണ്ട കാത്തിരിപ്പിന്റെ ഉത്തരമാണ് ക്രിസ്തുമസ്. ജീവിതത്തിൽ എല്ലാം നഷ്ടപ്പെട്ടവർക്കും വെളിച്ചമാകുവാൻ ആയിരം സൂര്യനെക്കാൾ പ്രകാശമുള്ളവൻ വരുമെന്ന ദൈവീക വാഗ്ദാനത്തിന്റെ സാക്ഷാത്ക്കാരത്തിനുവേണ്ടിയുള്ള കാത്തിരിപ്പായിരുന്നു ഇത്. ഈ കാത്തിരിപ്പ് തെരഞ്ഞെടുക്കപ്പെട്ടവരുടെ (പ്രവാചകന്മാരുടെ) പ്രവചനങ്ങളിലൂടെ ചരിത്രത്തിന്റെ രേഖകളിൽ എഴുതി ചേർക്കപ്പെട്ടു. ''അതിനാൽ കർത്താവ് തന്നെ നിനക്ക് അടയാളം തരും. യുവതി ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്ന് വിളിക്കപ്പെട്ടും'' (ഏശ 7:14). ക്രിസ്തുവിന്റെ ജനനം പഴയനിയമ പുസ്തകങ്ങളിലെ പ്രവചനങ്ങളുടെ ആധികാരികത വെളിവാക്കി. ദൈവം മനുഷ്യരെ കരംപിടിച്ചു ഉയർത്തുമെന്നും പാപത്തിന്റെ അടിമത്വത്തിൽ നിന്ന് ദൈവത്തിന്റെ മകനും മകളും ആക്കുവാൻ ക്രിസ്തു വരുമെന്നും അവർ വിശ്വസിച്ചു. എന്നാൽ ഈ പ്രവചനങ്ങൾക്ക് മനുഷ്യൻ തന്റേതായ വ്യാഖ്യാനങ്ങൾ നൽകി വിശ്വസിച്ചിരുന്നു എന്നതാണ് ചരിത്രം. വ്യാജപ്രവാചകന്മാർ നമ്മുടെ വിശ്വാസത്തിനു വെല്ലുവിളി ആകുന്ന ഈ കാലഘട്ടത്തിൽ ക്രിസ്തുമസ് നമുക്ക് യഥാർത്ഥ പ്രവാചകന്മാരെ തിരിച്ചറിയുവാനുള്ള തിരുന്നാൾ ആകണം. പ്രവചനങ്ങൾ പുൽക്കൂട്ടിലേയ്ക്കുള്ള പാതയിൽ പൊൻവെളിച്ചമാണ്. വിണ്ണിൽ പ്രത്യക്ഷപ്പെട്ട നക്ഷത്രം ജ്ഞാനികളെ ഉണ്ണിയീശോയിലേയ്ക്ക് ആനയിച്ചതുപോലെ ദൈവീക പ്രവചനങ്ങൾ നമ്മെ പുൽക്കൂട്ടിലേയ്ക്ക് അടുപ്പിക്കണം.

പ്രവചനങ്ങൾ വിശ്വസിക്കാൻ മാത്രമല്ല, ജീവിക്കാൻ കൂടിയുള്ളതാണ്. ദൈവം വാഗ്ദാനം ചെയ്യുന്ന ദൈവരാജ്യം ജീവിക്കാൻ നാം തയ്യാറാകണം. ലോകത്തിന്റെ അനീതിക്കെതിരെ പോരാടുവാൻ നീതിമാനായ ജോസഫിന്റെ മകനായി ഈ ലോകത്തിലേയ്ക്ക് വന്ന ദൈവപുത്രനെ സ്വീകരിക്കുവാൻ അങ്ങനെ നമ്മുടെ ജീവിതങ്ങളെ നാം ഒരുക്കണം.

**ക്രിസ്തുമസ് : ഒരു സത്യാന്വേഷണം**

'നിങ്ങൾക്കായി ഒരു രക്ഷകൻ ജനിച്ചു' എന്ന വാർത്ത കേട്ട് ആ സത്യത്തെ തേടി യാത്രപുറപ്പെട്ട ആട്ടിടയന്മാർ

ക്രിസ്തുമസിലെ മറ്റൊരു ചിത്രമാണ്. ദൈവീകതയെ പുൽകാനുള്ള മനുഷ്യന്റെ ആഴമായ ദാഹത്തെ വി. അഗസ്റ്റിൻ വിവരിക്കുന്നത് ഇങ്ങനെയാണ്. "Our hearts are restless untill they rest in thee." (അങ്ങിൽ അഭയം പ്രാപിക്കുന്നതുവരെ ഞങ്ങളുടെ ഹൃദയം അസ്വസ്ഥമാണ്.) ഈ ദാഹമാണ് രക്ഷകനെ തേടി യാത്ര തിരിക്കാൻ ജ്ഞാനികളെ പ്രേരിപ്പിച്ചതും. പുൽക്കൂട്ടിലേയ്ക്കുള്ള യാത്ര ദീർഘമാണ്; ദുർഘടമാണ്. എന്നാലും വിലപിടിപ്പുള്ള സമ്മാനം അവർ കരുതി. പുൽക്കൂട്ടിലെ രക്ഷകനെ കാണാൻ നമ്മുടെ കയ്യിൽ വിലപിടിപ്പുള്ളത് എന്താണ് ഉള്ളത്? ക്രിസ്തുമസിന്റെ ഒരുക്കദിനങ്ങളിൽ നാം ഓരോരുത്തരും ഈ ചോദ്യം സ്വയം ചോദിക്കണം.

ഈ യാത്ര നമ്മെ കൊണ്ടെത്തിക്കുന്നത് ദൈവത്തിന്റ മനുഷ്യാവതാര രഹസ്യങ്ങളിലേയ്ക്കാണ്. ഈ പാതയിലൂടെയുള്ള സഞ്ചാരം നമ്മെ ദൈവത്തിന്റെ സ്വയം പ്രത്യക്ഷീകരണത്തിനു (Self-Manifestation of God) സാക്ഷികളാക്കുന്നു. 2017 ജനുവരി 7-നു വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ കൂടിയ പതിനായിരങ്ങളോട് പരിശുദ്ധ ഫ്രാൻസിസ് പാപ്പ പറഞ്ഞു: ''ജ്ഞാനികൾ ധൈര്യത്തോടെ ഇറങ്ങി പുറപ്പെട്ടതുകൊണ്ട് അവർ ദൈവത്തെ ആരാധിക്കാൻ അർഹരായി. അപ്രതീക്ഷിതനും അജ്ഞാതനും അശക്തനുമായ ബേത്‌ലഹേമിലെ ശിശുവിന്റെ മുമ്പിൽ താണു വണങ്ങിയപ്പോൾ അവർ ദൈവത്തെ ദർശിച്ചു.'' അപരനിൽ ദൈവത്തെ ദർശിക്കുവാൻ നമ്മെ ഒരുക്കുന്നതാണ് യഥാർത്ഥ ക്രിസ്തുമസ്. നേരിന്റെ പാതയിൽ നിർഭയം മുന്നേറാൻ ലോകസുഖങ്ങളെ ത്യജിക്കുവാൻ യേശുവിന്റെ ജനനം നമ്മെ ആഹ്വാനം ചെയ്യുന്നു. ഈ യാത്രയിൽ നമ്മുടെ ഹിതമല്ല പിന്നെയോ ദൈവഹിതമാണ് നമ്മെ നയിക്കേണ്ടത്. പാതയിലെ തടസ്സങ്ങളെ നമ്മിലെ ദാഹം എടുത്തുമാറ്റണം. യാത്രയുടെ അവസാനം ഉണ്ണിയേശു മിശിഹായാണെന്ന സത്യം നാം കണ്ടെത്തുന്നു. അതോടൊപ്പം ജീവിതത്തിൽ നമ്മുടെ ചില ബോധ്യങ്ങളും നാം നേടിയെടുക്കണം: വന്ന വഴിയിലൂടെ ഒരു തിരിച്ചുപോക്കില്ല. പുതിയ പാതയിൽ പുതിയ ജീവിതം ആരംഭിക്കുന്നു. ഈ സത്യത്തെ ജീവിതത്തിലൂടെ പ്രഘോഷിക്കാനും ലോകത്തോട് വിളിച്ചു പറയാനും നാം തയ്യാറാകണം. യേശുദൈവപുത്രനും ലോകരക്ഷിതാവുമാണെന്നും മനുഷ്യരാശിയുടെ മുഴുവൻ രക്ഷയ്ക്കുള്ള സന്തോഷത്തിന്റെ സദ്വാർത്ത ലോകത്തെ അറിയിക്കാനും നാം വിളിക്കപ്പെട്ടിരിക്കുന്നു.

**ക്രിസ്തുമസ് : ഒരു വെളിപ്പെടുത്തൽ**

ദൈവം വെളിപ്പെടുന്നതാണ് ക്രിസ്തുമസ്. അന്നുവരെ അജ്ഞാതമായിരുന്ന ദൈവത്തിന്റെമുഖം മനുഷ്യനായി ജന്മമെടുത്തിലൂടെ ലോകത്തിന്റെ മുമ്പിൽ അനാവൃതമായിരുന്നു. ദൈവീക വെളിപാടുകൾ സൃഷ്ടിയുടെ ആരംഭം മുതൽ മനുഷ്യനു നൽകപ്പെട്ടു. പഴയനിയമത്തിൽ ഈവെളിപ്പെടുത്തലുകൾ ചെന്നു നിൽക്കുന്നത് സീനായ് മലമുകളിലാണ്. യഹോവ മോശയുമായി സ്ഥാപിക്കുന്ന ഉടമ്പടിയിൽ മനുഷ്യഗണത്തെ ഉൾപ്പെടുത്തുകയും അതുവഴി മനുഷ്യർ ദൈവജനമായി രൂപാന്തരപ്പെടുകയും ചെയ്തു. അവന്റെ സ്വാർത്ഥതയും പാപവും ഈ ഉടമ്പടിയിൽ നിന്നും അവന്റെ അകല്ച്ചയ്ക്ക് കാരണമായി. മനുഷ്യാവതാരം ഉടമ്പടിയിലേയ്ക്കുള്ള തിരിച്ചുവരവാണ്. ദൈവം ആര്? എന്ത്? എന്തിന്? എന്നുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ ദൈവം തെരഞ്ഞെടുത്ത അഭികാമ്യമായ മാർഗം മനുഷ്യനായി അവതരിച്ചു ലോകത്തിനു കാണിച്ചു കൊടുക്കുക എന്നതായിരുന്നു. പ്രശസ്ത ദൈവശാസ്ത്ര പണ്ഡിതൻ കാൾ റാണർ മനുഷ്യാവതാരത്തെ വിശേഷിപ്പിക്കുന്നത് ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തൽ (Self-Communication of God) എന്നാണ്.

ദൈവീകതയിൽ നിന്നും മാനുഷികതയിലേയ്ക്കുള്ള ഈ യാത്ര ദൈവവും മനുഷ്യനും തമ്മിലുള്ള ഒരു ആശയവിനിമയമാണ്. ദൈവീകത മാനുഷികതയിലേയ്ക്കു തുറക്കപ്പെടുന്നതിലൂടെ ദൈവം തന്നെത്തന്നെ മനുഷ്യന് വെളിപ്പെടുത്തുന്നു. വചനം മാംസമായി അവതരിച്ചു. തിരുസഭയുടെ പ്രബോധനങ്ങളും വിശ്വാസങ്ങളും ഇതിൽ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്. ഈ വെളിപ്പെടുത്തൽ നാം ശിരസ്സാവഹിക്കുമ്പോൾ ക്രിസ്തു നമ്മിൽ പിറക്കുന്നു. തിരുപ്പിറവിയിലെ ഈ ദൈവിക വെളിപാട് ലോകത്തെ പ്രകാശിപ്പിക്കുന്ന ദീപമാണ്. മരണത്തിന്റെ താഴ്‌വരയിലും നിരാശയുടെ കാർമേഘങ്ങളിലും ഈ ദീപം ഒരു ഉണർവാണ്. ദൈവമഹത്ത്വം ഇരുളടഞ്ഞ പാതയിൽ പ്രകാശം വിതറി നമ്മെ പ്രകാശത്തിന്റെ സന്തതികൾ ആക്കുന്നു.

ദൈവീകതയെ പുണരുവാൻ നമുക്കുള്ള ക്ഷണമാണ് ക്രിസ്തുമസ്. ഈ ദൈവീകത സമാനതകളില്ലാത്ത മഹത്വം മനുഷ്യരാശിക്കു നൽകുന്നു. ദൈവം മനുഷ്യനെ വിളിച്ചത് നന്മയുടെ ജീവിതത്തിലേയ്ക്കാണ്. നന്മയും തിന്മയും തിരിച്ചറിയാൻ സാധിക്കാത്ത വിധത്തിൽ ഇന്നത്തെ ലോകം പ്രതിസന്ധിയിൽ ആണ്ടുപോകുമ്പോൾ ക്രിസ്തുമസിന്റെ നന്മ നമ്മെ നയിക്കട്ടെ. യേശുവിന്റെ ജനനം നമ്മുടെ ജീവിതത്തിൽ ഒരു മാറ്റത്തിന് തിരി കൊളുത്തണം. അവൻ ഈ ലോകത്തിലേയ്ക്ക് പ്രകാശമായി വന്നതുപോലെ നമ്മൾ പ്രകാശത്തിന്റെ മക്കൾ ആയിത്തീരണം.




# കലണ്ടറിൽകണ്ട മുൾമരങ്ങൾ

ജോയ് തമലം

ഇന്നലയുടെ ഇരുൾ ഗുഹകൾ
നമ്മൾ
പിന്നിട്ടിരിക്കുന്നു....

കറുപ്പും ചുവപ്പും
പടർന്ന
കലണ്ടർ കള്ളികളിൽ
പിഴച്ചകണക്കുകളും
പൊലിഞ്ഞ പ്രതീക്ഷകളും
അടയാളപ്പെടുത്തിയിരുന്നു.

അരങ്ങിലെ
പച്ച മരത്തിൽ നിന്ന്
എത്രയെത്ര ഇലകൾ
അടർന്നകന്നു...

പകലിനും രാത്രിക്കും
നിലാവിനും നിഴലിനും
അരികിലൂടെ
എത്ര പുഴകൾ
ഉറവകളിൽ
മരിച്ചു.

മഞ്ഞിൽ മാഞ്ഞുപോകുന്ന
ഡിസംബർ മരത്തിന്റെ
മുള്ളുകളിലൂടെ
ഘടികാരത്തിന്റെ
ഹൃദയത്തുടിപ്പിലൂടെ
നമ്മൾ
ഇരുൾ ഗുഹ
താണ്ടിയിരിക്കുന്നു.

കനലെരിയുന്ന
കനവുകളുമായി
മണലുഴുന്നവർ
മരുപ്പച്ചയുടെ
തണൽ തേടുന്നു
ഹൃദയത്തിൽ

ജനുവരിയുടെ
പനീർപൂവ്
വിടരുന്നു......






തങ്കം തോമസ്
മാധ്യമ പ്രവർത്തക

# പുതുജീവിതത്തിലൂന്നിയ പുതുവർഷം

പുതുവർഷം, ആ വാക്ക് നല്കുന്ന പ്രതീക്ഷ എത്ര വലുതാണ്. സാധ്യമാകാതെ പോയ മോഹങ്ങൾ സാധിക്കാൻ ഇതാ ജീവിതം ഒരവസരം കൂടി വച്ചു നീട്ടിയിരിക്കുന്നു. പുതിയവർഷം പുതിയ പ്രതിജ്ഞകളുടേത് കൂടിയാണ്. എന്തൊരാവേശമാണ് ന്യൂഇയർ റെസൊല്യൂഷനുകളൊക്ക എടുക്കാൻ. ഞാൻ മദ്യപാനം നിർത്തും, ഞാൻ പുകവലി നിർത്തും, അനാവശ്യമായി പണം ചിലവാക്കില്ല, മോശം എന്ന് നമുക്കു തോന്നുന്നതിനോടെല്ലാം നോ പറയാൻ ഒരാവേശം. ഡിസംബർ 31 വരെ നമുക്ക് ഇതൊക്കെ അത്രമോശമെന്ന് തോന്നിയിട്ടില്ലെന്ന കാര്യം വിടാം. എല്ലാവർക്കും ഓരോ തീരുമാനങ്ങൾ ഉള്ളപ്പോൾ ഞാനായിട്ടെന്തിനാ തീരുമാനിക്കാതിരിക്കുന്നത്. ആരംഭശൂരത്വം എന്നൊക്കെ വിളിക്കാവുന്ന ഈ പ്രതിജ്ഞയെടുക്കൽ പതിയെ ആറിതണുക്കും, ഒരുമാസം കഴിയും മുൻപെ നാം പഴയ മനുഷ്യരാകും. അടുത്തവർഷത്തേക്കും വേണ്ടേ എന്തെങ്കിലും ഒക്കെ തീരുമാനമെടുക്കാൻ.

അടുത്ത വർഷം ഉണ്ടെന്ന് ഉറപ്പുണ്ടോ എന്ന് ഇന്നുവരെ ആരും ചോദിച്ചിട്ടില്ലാത്തതിന്റെ ഹുങ്ക്. എനിക്കത്ര പ്രായമൊന്നുമായിട്ടില്ലല്ലോ ഇനിയെത്രകാലം കിടക്കുന്നു. ചിലപ്പോൾ ബോധപൂർവ്വമല്ലെങ്കിലും നാം പലതും നാളത്തേക്ക് മാറ്റിവയ്ക്കുന്നു. ഇത്തിരി കൂടി നല്ല മനുഷ്യരാകാൻ, ഇത്തിരി കൂടീ സ്നേഹിക്കാൻ, ഇത്തിരി കരുണകാട്ടാൻ, ഇത്തിരിയൊന്ന് ജീവിക്കാൻ, സുബോധത്തോടെ കുടുംബത്തിനൊപ്പം ചിലവഴിക്കാൻ, കാൻസർ വരും മുൻപ് പുകവലി നിർത്താൻ, ഓ എനിക്ക് ഇതൊന്നും വരില്ലെന്ന് പറയല്ലേ, തമ്പുരാൻ ഒരു നാടൻ പാട്ട് പാടി കേൾപ്പിക്കും, പണ്ട് ഭോഷനായ ധനവാനോട് പറഞ്ഞ വാക്കുകൾ ഷാജി തുമ്പേച്ചിറ അച്ചന് നാടൻ പാട്ടാക്കിയപ്പോൾ അതിങ്ങനെയായിരുന്നു,

''ഇന്നു രാവിലെ നിന്നായുസിൻ ചീട്ടു കീറി
കൊട്ടേലിട്ടാൽ പൊന്നുമിന്നും
സമ്പാദ്യങ്ങൾ ആരുടേതാകും''

പുതിയവർഷത്തെ നമുക്ക് മറ്റൊരു തരത്തിൽ കാണാം, ഇതാ നല്ല ദൈവം എന്റെ ആയുസ് നീട്ടി തന്നിരിക്കുന്നു. ഒരിക്കലും പാലിക്കാത്ത വാഗ്ദാനങ്ങളുടെ കുട്ട ചുമക്കാനല്ല, മറിച്ച്, ഞാൻ ചെയ്യാതെ പോയ എല്ലാ നന്മകളും ചെയ്യാൻ, എനിക്ക് ദാനമായി കിട്ടിയ ജീവിതം വിശ്വസ്തനും വിവേകിയുമായ ഭൃത്യനെ പോലെ കിട്ടിയ പത്തിനൊപ്പം പത്തുകൂടി നേടി ദൈവത്തെ മഹത്വപ്പെടുത്താൻ. ദൈവത്തോടും മനുഷ്യരോടും ഉള്ള എന്റെ ബന്ധം ആറിതണുത്തു പോയിട്ടുണ്ടോ, ഈശോയോട് അന്ധൻ പറഞ്ഞതു പോലെ ഞാൻ മനുഷ്യരെ മരങ്ങളായിട്ടാണോ കാണുന്നത്, നമ്മിളിലേക്ക് ഒന്നു തിരിഞ്ഞു നോക്കാം. ആദ്യ സ്നേഹത്തിലേക്ക് മടങ്ങാം. സ്കൂളിലൊക്കെ പഠിക്കുമ്പോൾ അന്നത്തെ വിശേഷം മുഴുവൻ അമ്മയോട് പറഞ്ഞിരുന്ന നമ്മൾ, ഇന്ന് നമ്മുടെ അമ്മയോട് ചോദിക്കാറുണ്ടോ അമ്മേ സുഖമാണോ എന്ന്, മറുനാട്ടിലുള്ളവർ ആഴ്ചയിൽ ഒരിക്കലെങ്കിലും ഒന്നു സംസാരിക്കാറുണ്ടോ, ഭാര്യയോട് വിവാഹത്തിന്റെ ആദ്യ നാളുകളിലെ പോലെ സംസാരിക്കാൻ കഴിയുന്നുണ്ടോ? മക്കളെ ഒന്ന് ചേർത്ത് പിടിക്കാൻ നേ

രം കിട്ടാതെ പോകുന്നുണ്ടോ....അവരെല്ലാം അവിടെ കാണും എന്ന over confidenceൽ നാം പരക്കം പ ായുന്നു. ഇതാണ് ജീവിതത്തിന്റെ പുതുമ നഷ്ടപ്പെടാനുള്ള കാരണവും. പുതിയ വർഷത്തെ പോലും നാം അങ്ങനെയാണ് കാണുന്നത്, പുതിയ ആണ്ട് തീരാൻ ഇനിയും ഉണ്ടല്ലോ കുറേ മാസങ്ങൾ, ഒടുവിൽ ആ കൊല്ലം കടന്നുപോകുമ്പോൾ നാം പറയും ഹോ ഒരു കൊല്ലം പോയതറിഞ്ഞില്ല.

നഷ്ടമാക്കിയത് എന്ത് സമയമാണല്ലേ. ചേന്തീപോലൊരു മാലാഖ എന്റെയും നിന്റെയും ജീവിതത്തിലേക്ക് ഏതു നിമിഷവും കടന്നു വരാം. മതി ക്വോട്ട കഴിഞ്ഞു, എന്ന് പറയുമ്പോൾ ഞാനൊന്നു ജീവിച്ചില്ലല്ലോ ദൈവമേ എന്ന് പറയരുത്. ഞാൻ നല്ല ഓട്ടം പൂർത്തിയാക്കി എന്ന് പറയാൻ ഹിമാലയൻ ടാസ്ക് ഒന്നും പൂർത്തിയാക്കേണ്ടാ. ഒറ്റത്തുരുത്താകാതെ ചുറ്റുമുള്ളവരിലേക്ക് ഒന്നിറങ്ങി ചെന്നാൽ മതി.

കർത്താവിന്റെ സ്നേഹം ഓരോ പ്രഭാതത്തിലും പുതിയതാണെന്ന് പ്രവാചകന് പറയുമ്പോൾ ഓർക്കുക, ദൈവം പോലും അനുദിനം നവീകരിക്കുന്നു. ഇന്നലകളുടെ അക്കൌണ്ട് സൂക്ഷിക്കാതെ അവിടുന്ന് നിനക്ക് പുതിയ ഒരവസരമാണ് തരുന്നത്. പുതിയ വർഷത്തിലെ ഓരോ ദിനവും ആ അവസരമാണ്. നാളെ എനിക്ക് സ്നേഹിക്കാൻ പറ്റിയില്ലങ്കിലോ എന്ന് ചിന്തിച്ച് വല്ലാതെ അങ്ങ് സ്നേഹിക്കാൻ ഒക്കെ ആകട്ടേ ഈ പുതിയ വർഷം.

നമ്മുടെ മാത്രമല്ല മറ്റുള്ളവരുടെ സ്വപ്നങ്ങൾ കൂടി സാക്ഷാത്കരിക്കാൻ ഒരു കൈ സഹായം ചെയ്യാൻ ഈ വർഷം നമുക്ക് ശ്രമിക്കാം. ഇടറിപ്പോകുന്നവനെ വിധിച്ചും വധിച്ചും കൈകഴുകി മാറിയുമൊക്കെ മിടുക്കരാകുന്നവരുടെതാണ് നമ്മുടെ കാലം. ആരുടെയും പുറം പൂച്ചുകളിൽ മയങ്ങാതിരിക്കാൻ പുതിയ ഉൾക്കാഴ്ച വേണം. വിധിക്കരുത് എന്ന് ഈശോ വെറുതെ പറയുകയായിരുന്നുന്നില്ല കല്പിക്കുകയായിരുന്നു. വിധിക്കരുത് വിധിക്കുന്നവൻ ന്യായവിധിക്ക് അർഹനാകും എന്ന് തമ്പുരാൻ പറഞ്ഞിട്ടും നമുക്ക് യാതോരു പാപബോധവും ഉണ്ടാകാത്തതെന്തേ? ദൈവമായിരിക്കട്ടെ വിധിയാളാൻ. അവൻ ശരിയല്ല, അവൾ ശരിയല്ല, എന്നൊക്കെ പറയുന്നതിന് മുൻപ് ഞാൻ ശരിയാണോ എന്ന് ഒന്നു ചിന്തിക്കാം, പലപ്പോഴും നമുക്ക് പറ്റാറില്ല. പക്ഷെ ശ്രമിക്കാമല്ലോ പുതിയ ശ്രമങ്ങളുടേത് കൂടിയാകട്ടെ പുതിയ വർഷം.

പുതിയതായി എന്തെങ്കിലും ഒക്കെ ജീവിതത്തിലേക്ക് കൂട്ടിചേർക്കാനും നമുക്ക് കഴിയണം. തൊഴിൽ ഇടത്തിൽ കൂടുതൽ മികവ് സ്വന്തമാക്കാൻ സഹായിക്കുന്നതെന്തെങ്കിലും പഠിക്കാം, ചില ഭയങ്ങളെ അതിജീവിക്കാം, ഓരോ ദിവസവും ഓരോ ലക്ഷ്യങ്ങൾ, ഒടുവിൽ 2018 ഡിസംബർ 31 ന് നന്ദിയുടെ ബലിയർപ്പിക്കാൻ ഏതെങ്കിലും ഒരൾത്താരയ്ക്ക് മുന്നിൽ നിൽക്കുമ്പോൾ പറയാം, എന്റെ ദൈവമേ ഞാൻ പരിശ്രമിച്ചിട്ടുണ്ട് കേട്ടോ നന്ദിയുണ്ട് ചങ്ക് നിറച്ച് സ്നേഹമുണ്ട് നിന്നോട് എന്ന്.

അഥവാ ഡിസംബർ 31 ന് മുൻപ് നമ്മുടെ ഗെയിം കാർഡിൽ മിഷൻ കംപ്ലീറ്റഡ് എന്ന് എഴുതിക്കാണിച്ചാലും, ദൈവതിരുമുൻപിൽ ആത്മവിശ്വാസത്തോടെ നില്ക്കാൻ നാം കർമ്മനിരതരായിരുന്ന ദിനങ്ങൾ നമ്മെ സഹായിക്കും.

ഒരിക്കൾ ഡോൺ ബോസ്കോ ഫുട്ബോൾ കളിച്ചു കൊണ്ടിരുന്ന കുട്ടികളോട് ചോദിച്ചു ഇപ്പോൾ ദൈവം നിങ്ങളെ വിളിക്കുകയാണെങ്കിൽ നിങ്ങൾ എന്തു ചെയ്യും? കുറച്ചു പേര് പറഞ്ഞു ഞങ്ങൾ കുമ്പസാരിക്കാൻ പോകും, കുറച്ചു പേര് പറഞ്ഞു ഞങ്ങൾ പ്രാർത്ഥിക്കാൻ പോകും, ഒരു കുട്ടി മാത്രം പറഞ്ഞു ഞാൻ പന്തുകളിച്ചു കൊണ്ടിരിക്കും. അവന് അത്ര ഉറപ്പുണ്ടായിരുന്നു തന്നെ ഏല്പിച്ച ജോലിയിൽ താൻ വിശ്വസ്തനാണെന്ന്. എപ്പോൾ വിളിച്ചാലും നിന്റെ കൂടെ വരാൻ ഞാനൊരുക്കമാണ് എന്റെ ദൈവമേ എന്ന് പറയാതെ പറഞ്ഞ ആ പതിനൊന്നു വയസുകാരൻ വിശുദ്ധനായി. അവനാണ് ഡൊമിനിക്ക് സാവിയോ.

ഒടുവിലായി, പറഞ്ഞു തഴമ്പിച്ച ജാനുവരിയൂസിന്റെ കഥ കൂടി ഓർക്കാം. മുന്നോട്ടും പിന്നോട്ടും തലയുള്ള ഈ ഗ്രീക്ക് ദേവന്റെ പേരിൽ നിന്നാണ് വർഷത്തിന്റെ ആദ്യമാസത്തിന് ജനുവരി എന്ന് പേരുനല്കിയത്. പുതിയ വർഷത്തിലേക്ക് കാലൂന്നുമ്പോൾ, കഴിഞ്ഞ കാല അനുഭവങ്ങൾ നല്ലതോ, ചീത്തയോ ആകട്ടേ, അതിൽ നിന്ന് പഠിച്ച പാഠങ്ങൾ ഹൃദയഫലകത്തിൽ രേഖപ്പെടുത്താം ഭൂതകാലത്തിൽ ജീവിക്കുന്ന കുപ്പിയിലെ ഭൂതമാകാണമെന്നല്ല പറഞ്ഞു വരുന്നത്. ഇന്നലെകൾ നൽകിയ പാഠങ്ങൾ ഒന്നു മറിച്ചു നോക്കുന്നത് പുതിയ വർഷത്തെ കൂടുതൽ തെളിച്ചമുള്ളതാക്കും. ദൈവം നിങ്ങലുടെ ജീവിതത്തിൽ അവിടുത്തെ സ്വപ്നം യാർത്ഥ്യമാക്കുന്ന വർഷമായിരിക്കട്ടെ 2018. ഓരോ പ്രഭാതത്തിലും പുതിയതാകുന്ന ദൈവസ്നേഹം നിങ്ങളുടെ ഭവനങ്ങളെ പൊതിയട്ടേ. കർത്താവിന്റെ വർഷമാണ് അവിടുത്തെ കൈയിൽ നിന്ന് സ്വീകരിക്കാം. സകലതും നവീകരിക്കുന്ന പരിശുദ്ധാത്മാവ് നമ്മേ നവീകരിക്കട്ടെ.




# പുത്തനാണ്ടിന്റെ പ്രതീക്ഷ



റവ. ഫാ. തോമസ് കല്ലൂർ

ലോകരക്ഷനായ യേശുക്രിസ്തുവിന്റെ ജനനത്തിരുന്നാൾ ആഘോഷിച്ച്, ദിവ്യരക്ഷകന്റെ അനുഗ്രഹം പ്രാപിച്ച് പുത്തനാണ്ടിന്റെ പ്രതീക്ഷയിൽ ജീവിതം നയിക്കുന്ന എല്ലാവർക്കും ക്രിസ്തുമസ് പുതുവത്സരാശംസകൾ...... കാലിത്തൊഴുത്തിലേയ്ക്കുള്ള വഴിയിൽ നിശയുടെ നിശബ്ദതയും നിറവുമുണ്ട്. രാവിന്റെ മൗനത്തിലാണ് രക്ഷകൻ പിറക്കുന്നത്. രാവിന്റെ നിശബ്ദതയിൽ ആണ് പുതുവർഷപ്പുലരി ജനിക്കുന്നത്. രാവിന്റെ മൗനത്തിൽ ദൈവം മനുഷ്യനായി അവതരിച്ചു. ദൈവം പൂർണ്ണമായി മനുഷ്യനെ സ്നേഹിക്കുന്നതുകൊണ്ട്, ദൈവം മനുഷ്യനായി വിണ്ണിൽ നിന്നും മണ്ണിൽ അവതരിച്ചു. രാവിന്റെ നിശബ്ദതയിൽ പുതുവർഷത്തിലെ പുതിയ പ്രതീക്ഷകൾ പൊട്ടിവിടരും...... പുതുവർഷ പുലരിയും പുത്തനാണ്ടും എല്ലാവർക്കും നന്മനിറഞ്ഞതാകട്ടെ..........

പുതുവർഷത്തിൽ പുതുമകണ്ടെത്താൻ നമുക്ക് സാധിക്കണം. ഒത്തിരി ഒത്തിരി പ്രതീക്ഷകളുമായിട്ടാണ് പുത്തനാണ്ട് നമ്മിലേക്ക് ജനിക്കുന്നത്, ജീവിതത്തിൽ നിന്ന് തളിരുകളും പ്രതീക്ഷകളും കൊഴിഞ്ഞുപോകുമ്പോൾ അതിന്റെ കോട്ടങ്ങളെ മനസ്സിലാക്കി പ്രതീക്ഷയോടെ ജിവിക്കാൻ നമുക്ക് കഴിയണം.

ബന്ധങ്ങൾ തകരുമ്പോൾ ജീവിതത്തിന് നിറം നഷ്ടപ്പെടുന്നു. ബന്ധങ്ങൾ ജീവിതത്തിന്റെ കണ്ണാടിയാണ്. മറ്റുള്ളവരുമായുള്ള ബന്ധങ്ങളിലൂടെയാണ് മനുഷ്യൻ സ്വയം അറിയുന്നത്. മനുഷ്യരെല്ലാം മനുഷ്യരല്ലാതായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മനുഷ്യനെ മനുഷ്യനായി കാണാനും, അവന്റെ ഹൃദയസ്പന്ദനങ്ങൾ മനസ്സിലാക്കി ഹൃദയത്തോട് ചേർത്ത് നിർത്താനും നമുക്ക് സാധിക്കണം. ഭീകരവാദത്തിന്റെ, അസഹിഷ്ണതയുടെ, നിരാശയുടെ, അസമത്വത്തിന്റെ, ക്രൂരതയുടെ കരാളഹസ്തത്തിൽ നിന്ന് മോചനം നേടാൻ പുതിയ പ്രതീക്ഷകൾക്ക് നിറം കൊടുത്തുകൊണ്ട് ഉറച്ചതീരുമാനങ്ങൾ നടപ്പിലാക്കണം.

അശ്രദ്ധമായി ജീവിക്കുന്നതിനല്ല, ആയുസിന്റെ നിമിഷങ്ങൾ....അലസമായി കളയുന്നതിനല്ല, ദിവസങ്ങൾ തള്ളിനീക്കുന്നതിനല്ല, ഇവയെല്ലാം മനസ്സിലാക്കി മനുഷ്യനായി മനുഷ്യത്വത്തോടെ ജീവിക്കാൻ നമുക്കാവണം. ദൈവം മനുഷ്യനായി ജനിച്ചുവെങ്കിൽ ജീവിച്ചുവെങ്കിൽ മനുഷ്യനെന്തുകൊണ്ട് മനുഷ്യനായിക്കൂടെ? സൻമനസ്സുണ്ടെങ്കിൽ സത്കർമ്മം ചെയ്യാനാകും. സ്വന്തം ജീവിതത്തെ മറ്റൊരു ജീവിതംകൊണ്ട് ആവരണം ചെയ്യുന്നവരാണ് നാം അപ്പോൾ ആഡംബരത്തിന്റെയും, ആഗ്രഹങ്ങളുടെയും അഹങ്കാരത്തിന്റെയും, ആർത്തിയുടെയും, ആസക്തിയുടെയും, അനുകരണത്തിന്റെയും ഒരു ജീവിതമായി മാറും. വിപണി മനുഷ്യനെ വിലയില്ലാതാകുന്നു. അതിൽ അവൻ മയങ്ങിവീഴുമ്പോൾ മറ്റൊരാളായി ജീവിക്കാൻ ആഗ്രഹിക്കുമ്പോൾ അവന്റെ

അടിസ്ഥാന ജീവിതത്തിന് നാശം സംഭവിക്കുന്നു. ഇന്ത്യയുടെ രാഷ്ട്രപതിയായിരുന്ന അബ്ദുൾകലാം പറയുന്നുണ്ട് ''ദൈവീകമായ ഒരു തീപ്പൊരിയുമായിട്ടാണ് നാം ഈ ലോകത്തിലേക്ക് വന്നിരിക്കുന്നത്, അതിനെ ഒരു ജ്വാലയാക്കിമാറ്റണം''. മാറിയ ഭക്ഷണ ശീലവും കനംകൂടിയ പോക്കറ്റും വർദ്ധിച്ച മാധ്യമ സംവിധാനങ്ങളും ഇന്ന് കുട്ടികളെ എളുപ്പം മുതിർന്നവരാക്കുന്നു. കുഞ്ഞുങ്ങൾ വലിയവരെപ്പോലെ സംസാരിക്കുന്നു. വലിയവർ മൗനം പാലിക്കുന്നു. ബാല്യം നഷ്ടപ്പെട്ട കുഞ്ഞുങ്ങളോ മാന്യത നഷ്ടപ്പെട്ട യുവത്വമോ, പക്വത നഷ്ടപ്പെട്ട വാർദ്ധക്യമോ.....എന്താണ് സംഭവിക്കുന്നത്? മാറ്റം ആവശ്യമാണ്. മാറേണ്ടത് മനുഷ്യമനസ്സുകളാണ്. വി. ഫ്രാൻസിസ് അസീസ്സിയുടെ വാക്കുകളിൽ ''നിങ്ങൾ ആവശ്യമായ കാര്യങ്ങൾ ചെയ്തു തുടങ്ങുക, അപ്പോൾ സാധ്യതകൾ തെളിഞ്ഞുവരും. അതുമൂലം നിങ്ങൾക്ക് അസാധ്യമായ കാര്യങ്ങൾ നേടാനാകും'' ലക്ഷ്യം ഉയർന്നതാണെങ്കിൽ വിജയിക്കാനൊരു വാശിയുണ്ടെങ്കിൽ വെട്ടിപ്പിടിക്കാൻ നിങ്ങൾക്ക് മുമ്പിൽ ഈ ലോകമുണ്ടാകും''.

**പ്രത്യാശയുടെ പ്രഭാതം**

പുതുവർഷപുലരി പ്രത്യാശയുടെ കിരണങ്ങൾ സമ്മാനിക്കുന്നതാകണം, ഇതിന്റെ ബാക്കിയായി തുടർന്നുള്ള ദിവസങ്ങൾ സമാധാനത്തിന്റെ ദിനങ്ങൾ ആകണം ഐശ്വര്യത്തിന്റെ, സമൃദ്ധിയുടെ, സന്തോഷത്തിന്റെ പുതുവർഷം നാം നേരുമ്പോൾ ഇവയെല്ലാം നേടിയെടുക്കുന്നത് നമ്മുടെ ത്യാഗത്തിന്റെയും, പ്രയത്നത്തിന്റെയും ഫലമായിട്ടാണ്. നഷ്ടപ്പെട്ട് പോയതിനെ ഓർത്ത് പരിതപിക്കാതെ, നഷ്ടമായതിനെ തിരികെ പിടിക്കാനും അതിൽ സന്തോഷം കണ്ടെത്താനും നമുക്ക് കഴിയണം. ഒരുപാട് സ്വപ്നങ്ങൾ പേറി ജീവിതം തള്ളിനീക്കുന്ന മനുഷ്യൻ സ്വന്തം നിലനിൽപ്പിനെതന്നെ മറന്നുപോകുന്നു. എല്ലാം വെട്ടിപ്പിടിക്കാനും കൈവശമാക്കാനും ഏത് അതിർവരമ്പുകൾ ലംഘിക്കാനും അവൻ തയ്യാറാകുന്നു. ഫലമോ നിരാശയും ദുഃഖവും അവനെ പുറകോട്ട് വലിക്കുന്നു. ''ജീവിക്കാൻ എളുപ്പമാണ് മറ്റുള്ളവരെപ്പോലെ ജീവിക്കാൻ പരിശ്രമിക്കുമ്പോഴാണ് ജീവിതം പ്രയാസമുള്ളതാകുന്നത്''

ഇന്നത്തെ നമ്മുടെ അവസ്ഥയക്ക് മാറ്റംവരണം. അഹങ്കാരം, ആസ്കതി, സ്വാർത്ഥത എങ്ങനെയും സ്ഥാനമാനങ്ങൾ നേടാൻ ഉള്ള വ്യഗ്രത കഴിവുള്ളവനെ വളരാൻ അനുവദിക്കാതിരിക്കുക, അസഹിഷ്ണുത ഇവയെല്ലാം എപ്പോൾ ഇല്ലാതാക്കുന്നുവോ, അപ്പോൾ മാത്രമെ നീതിയും സ്നേഹവും സമത്വവും നിലനിൽക്കുകയുള്ളൂ. സഹിഷ്ണുത ഇല്ലാതാകുമ്പോൾ സഹനം നഷ്ടമാകുന്നു. സഹനം നഷ്ടമാകുമ്പോൾ ത്യാഗം ഇല്ലാതാകുന്നു. ത്യാഗം നഷ്ടമാകുമ്പോൾ അവിടെ സ്നേഹത്തിന് വിലയില്ലാതാകുന്നു. ജീവിതം കടൽപോലെ വിശാലമാണ്. ഒന്നും തിരികെ കൊണ്ടുപോകുവാൻ നമുക്ക് കഴിയില്ല. നല്ല നല്ല ഓർമ്മകൾ മാത്രം അവശേഷിക്കും ഇന്നലകളെ തിരുത്തി എഴുതാൻ നമുക്ക് ആവില്ല. അങ്ങനെ ആകണമെങ്കിൽ ഇന്നലകളിലേക്ക് നാം തിരികെ നടക്കണം അതിന് കാലം നമ്മെ അനുവദിക്കില്ല. ഇനിയും വരാനിരിക്കുന്ന നല്ല നാളേയ്ക്കായി നമുക്ക് പ്രയത്നിക്കാം തിരുത്തലുകളില്ലാത്ത വേർതിരിവുകളില്ലാതെ ഒരു പുതിയ യുഗത്തിനായ് നമുക്ക് പരിശ്രമിക്കാം. ഇന്നലയുടെ തെറ്റുകൾക്കും നാളെയുടെ പ്രതീക്ഷകൾക്കും ഇടയിലെ സുവർണ്ണാവസരമാണ് ജീവിതം. കൂട് വിട്ട് കൂട് മാറുന്ന പക്ഷികളെപ്പോലെ ഒന്നിലും സംതൃപ്തി കണ്ടെത്താൻ സാധിക്കാതെ മനുഷ്യൻ ഓടിനടക്കുന്നു. ''മുള്ള് ഉണ്ടായിട്ടും തൊട്ടാവാടി എപ്പോഴും തോറ്റു കൊടുക്കുന്നത് ജയിക്കാൻ അറിയാഞ്ഞിട്ടല്ല; മറിച്ച് സ്നേഹിക്കുന്നവർ എപ്പോഴും സന്തോഷിക്കട്ടെ എന്ന് കരുതിയാണ്''. അങ്ങനെ വിട്ടുകൊടുക്കുമ്പോഴാണ് സ്നേഹവും സാഹോദര്യവും വളരാൻ ഇടം ലഭിക്കുകയുള്ളൂ. ഈ കീഴടങ്ങലാണ് പലരെയും വളർത്തുന്നത്, ഞാൻ തോറ്റുകൊടുക്കുമ്പോൾ തന്നിലൂടെ ഒത്തിരി പേർക്ക് ജയിക്കാനാകും കൊഴിഞ്ഞുപോകുന്ന ഓരോ ദിനങ്ങളും തിരിച്ചു കിട്ടില്ല എന്ന പൂർണ്ണമായ തിരിച്ചറിവ് നമുക്ക് ഉണ്ടെങ്കിൽ ജീവിതം കുടുതൽ ക്രിയാത്മകവും അർത്ഥമുള്ളതും ആക്കിതീർക്കാൻ നമുക്ക് സാധിക്കും. ചിന്തകളിൽ നന്മയുണ്ടെങ്കിൽ പ്രവൃത്തികളിൽ അത് പ്രകടമാകും, പ്രവൃത്തികളിൽ നന്മയുണ്ടെങ്കിൽ ജീവിതത്തിൽ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കും. സ്വാമി വിവേകാനന്ദൻ ഇപ്രകാരം പറയുന്നുണ്ട്; ''I am Not HANDSOME, but I can give my HAND to SOME One who need Help, Beauty is in Heart not on face''. മറ്റുള്ളവർക്ക് ആശ്വാസമായി, സാന്ത്വനമായി, കൈത്താങ്ങായി നാം തീരുമ്പോൾ നമ്മിലുള്ള നന്മയും സൗന്ദര്യവും വർദ്ധിക്കും. സ്വപ്നങ്ങൾക്ക് അതിൽ തന്നെ ജീവനില്ല. എന്നാൽ പലരുടെയും ജീവിതം പൂവണിയുന്നത് ഈ സ്വപ്നങ്ങൾ കാരണമാണ്. സ്വപ്നങ്ങൾ പ്രതീക്ഷകൾ നൽകുന്നതാണ്. ഇന്നലെകളിൽ നിന്ന് പഠിച്ച്, നാളെകളിൽ പ്രതീക്ഷ അർപ്പിച്ച് ഇന്ന് ജീവിക്കുക. വില്യം കാർണഗി എന്ന മഹാൻ പറയുന്നു. ''സ്വപ്നം കാണാനുള്ള കഴിവ് ഈശ്വരൻ നമുക്ക് നൽകുമ്പോൾ തീർച്ചയായും അത് സാക്ഷാൽകരിക്കാനുള്ള ഊർജ്ജവും നമ്മിൽ നിക്ഷേപിച്ചിരിക്കും''. ''പൂമ്പാറ്റകൾ അളക്കുന്നത് മാസങ്ങളല്ല നിമിഷങ്ങൾ ആണെന്നും, അതുകൊണ്ട് അവയ്ക്ക് ഇഷ്ടം പോലെ സമയമുണ്ടെന്നും

ഭാവിയെപ്പറ്റിയുള്ള ഉത്കണ്ഠ വെടിഞ്ഞ് മനുഷ്യൻ വർത്തമാനകാലത്തിന്റെ പറവകൾ ആകണമെന്നും ടാഗോർ പഠിപ്പിക്കുന്നുണ്ട്.''

ജീവൻ ഉള്ളിടത്തോളം കാലം ജീവിതത്തിൽ നഷ്ടങ്ങളും, വേദനകളും, പരാജയവും ഉണ്ടാകും. എന്നാൽ ജീവൻ ഉള്ളിടത്തോളം കാലം ജീവിതത്തിൽ നേട്ടവും വിജയവും ഉണ്ടാകും എന്ന് നാം തിരിച്ചറിയണം. പിടിച്ച് വാങ്ങുന്നതിലല്ല എല്ലാം സ്നേഹപൂർവം വിട്ട് നൽകുന്നതിലാണ് ജീവിതം അർത്ഥപൂർണ്ണമാകുന്നത്. ഭാവിയെ പ്രതീക്ഷയോടും പ്രത്യാശയോടും കുടി കാണുന്ന സർഗ്ഗാപരമായ നമ്മുടെ ചിന്തകളെ വളർത്തിയെടുക്കാൻ ജീവിത മൂല്യങ്ങളിൽ അടിപതറാതെ നില നിൽക്കണം. അങ്ങനെയാകുമ്പോൾ വിധിയെ കീഴടക്കാനും വിജയം കൊയ്തെടുക്കാനും നമുക്ക് സാധിക്കും. ജീവിത വിജയത്തിന് ആഗ്രഹങ്ങൾ മാത്രം പോരാ, അതിനുള്ള പരിശ്രമങ്ങൾ കൂടി വേണം.

''ജീവിതം നല്ലതാകുന്നത് അതിൽ ആനന്ദം കണ്ടെത്തുമ്പോഴാണ് ജീവിതം വിഷമമുള്ളതാകുന്നത്. അതിനെ താരതമ്യം ചെയ്യുമ്പോൾ ആണ്. ജീവിതം ദുഷ്കരമാകുന്നത് അതിനെ വിമർശിക്കുമ്പോഴാണ്. നമ്മുടെ മനോഭാവമാണ് ജീവിതത്തെ നല്ലതോ മോശമോ ആക്കി തീർക്കുന്നത്'' (അബ്ദുൾകലാം). മറ്റുള്ളവരുടെ സ്വപ്നങ്ങളും ആഗ്രഹങ്ങളും ആത്മവിശ്വസവും ഇല്ലാതാക്കാൻ നമുക്ക് ഒരു നിമിഷം മതി. പക്ഷേ അവയെ സൃഷ്ടിക്കുവാൻ ഒരു ആയുസ് മുഴുവൻ വേണ്ടിവരും. തിരുത്തുവാനും, തിരുത്തപ്പെടുവാനും തയ്യാറായാൽ മാത്രമെ ബന്ധങ്ങൾ ഊഷ്മളമാവുകയുള്ളു ഇല്ലെങ്കിൽ ബന്ധങ്ങൾ ബന്ധനങ്ങൾ ആയി മാറും. 'ബന്ധമുള്ളവൻ ബന്ധു അല്ലാത്തവനെ ജന്തു എന്ന് പറയുന്നുണ്ട്.' ബന്ധങ്ങളുടെ അടുപ്പം നമ്മുടെ മനസ്സിന്റെ അടുപ്പമാണ്, അടുപ്പം ബലമാണ് അനുഗ്രഹമാണ്, അകൽച്ച തകർച്ചയാണ്, തളർച്ചയാണ്, തളർച്ചയില്ലങ്കിലെ വളർച്ച ഉണ്ടാകു. വിളർച്ച ഉണ്ടെങ്കിൽ വളർച്ച ഉണ്ടാകില്ല. വളരാനുള്ള മനസ് വളർത്താനുള്ള മനസ് ഇവ നഷ്ടപ്പെട്ടാൽ വളർച്ച മുരടിച്ചു പോകും. കാലം മുൻപോട്ട് പോകുമ്പോൾ നാം പിൻപോട്ട് പോകുന്നതിന്റെ കാരണവും ഇതുതന്നെയാണ്. തുരുമ്പ് പിടിക്കാതെ സൗഹൃദങ്ങൾ നേടിയെടുക്കാൻ നമുക്കാവണം. മനുഷ്യത്വം ആണ് സമ്പത്തിനേക്കാൾ മികച്ചത് എന്നാൽ ബന്ധങ്ങൾ സൂക്ഷിക്കുന്നതിനേക്കാൾ മികച്ചതായി ഒന്നും ഇല്ല. മഹാത്മാഗാന്ധി പറയുന്നു; ''നിങ്ങൾ മനുഷ്യനായത് കൊണ്ട് വലിയവനാകുന്നില്ല, മറിച്ച് മനുഷ്യത്വമുള്ളവനാകുമ്പോഴാണ് വലിയവനാകുന്നത്.'' ബന്ധങ്ങൾ നഷ്ടപ്പെടുന്നതിന്റെ കാരണം നാം മറ്റുള്ളവരെക്കുറിച്ച് അറിയുന്നതിനേക്കാൾ അവരെക്കുറിച്ച് കേൾക്കുന്നത് വിശ്വസിക്കുന്നത് കൊണ്ടാണ്. കേൾക്കുന്നതിനേക്കാൾ പ്രധാനമാണ് അറിയുന്നത്. അതിനേക്കാൾ ശ്രേഷ്ഠമാണ് മനസിലാക്കുന്നത്. ബോധ്യങ്ങൾ നഷ്ടപ്പെടുമ്പോൾ മൂല്യങ്ങൾ ഇല്ലാതാകും. മൂല്യങ്ങൾക്ക് ശോഷണം (അപചയം) സംഭവിക്കുമ്പോൾ ജീവിതത്തിൽ നേടിയെടുത്തത് അപ്രത്യക്ഷമാകും. പ്രശ്സ്ത മനശാസ്ത്രജ്ഞൻ വാൾട്ടർ സേക്കാട്ട് പറയുന്നു; ''വിജയവും പരാജയവും ഒരാളുടെ കഴിവിനേക്കാൾ ഉപരി അദ്ദേഹത്തിന്റെ മനോഭാവത്തെ ആശ്രയിച്ചിരിക്കും''.

എബ്രഹം ലിങ്കൺ ഒരിക്കൽ കുതിരവണ്ടിയിൽ യാത്ര ചെയ്യുമ്പോൾ വ്യദ്ധനായ ഒരു നിഗ്രോയെ ലിങ്കൺ തൊപ്പി ഉയർത്തി തലകുനിച്ച് അഭിവാദ്യം ചെയ്തു. ആ സമയം കൂടെയുണ്ടായിരുന്ന വ്യക്തി ലിങ്കനോട് ചോദിച്ചു. അങ്ങ് എന്തിനാണ് അങ്ങനെ ചെയ്തത് താങ്കൾ പ്രസിഡന്റല്ലേ അപ്പോൾ ലിങ്കൺ ഇപ്രകാരം പറഞ്ഞു. ''എന്നെക്കാൾ വിനയപൂർവ്വം പെരുമാറുന്ന വേറൊരാൾ ഈ ലോകത്തിൽ ഉണ്ടാകാൻ പാടില്ല എന്ന് എനിക്ക് നിർബന്ധമുണ്ട്.'' ഇതുതന്നെയാണ് കതോലിക്ക തിരുസഭയുടെ പരമാധികാരി പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പയും നമുക്ക് കാണിച്ചുതരുന്നത് തനിക്ക് കിട്ടിയ ആഡംബരകാർ പാവപ്പെട്ടവരുടെ ശുശ്രൂഷക്കായി ലേലം ചെയ്യാൻ വിട്ടുകൊടുത്തപ്പോഴും രാജാവിന്റെ കൊട്ടാരത്തിൽ താമസിക്കാൻ വിനയപൂർവ്വം നിരസിച്ചതും, പാവപ്പെട്ടവരിൽ ദൈവത്തിന്റെ മുഖം ദർശിക്കാൻ സാധിക്കണമെന്ന് പഠിപ്പിച്ചതും ഈ വിനയം കൊണ്ടാണ്.

**ഉപസംഹാരം**

എല്ലാ ദിവസവും നല്ലതാണ്, എല്ലാ ഇന്നുകളും ഇന്നലെകളെക്കാൾ അൽപ്പംകൂടി മെച്ചപ്പെടുത്തുവാൻ നമുക്ക് സാധിക്കണം. ഇന്നുകളുടെ വിനിയോഗമാണ് നാളെകളെ രൂപപ്പെടുത്തുന്നത്. ആരെയും വെറുക്കാതെ, വേദനിപ്പിക്കാതെ, ദ്രോഹിക്കാതെ, ഉറങ്ങാനും, ഉണരാനും ജീവിക്കാനായാൽ അതുതന്നെയാണ് മികച്ച ജീവിതം. വലിയ വീടുകളിൽ ചെറിയ കുടുംബമായി, ഒത്തിരി മനുഷ്യൻ ഇത്തിരി മനുഷ്യത്വവുമായി ജീവിക്കുമ്പോൾ മനുഷ്യനെ മനുഷ്യനായി കാണാൻ മനുഷ്യത്വം മരിച്ചിട്ടില്ലാത്ത മനുഷ്യനായി മാറാൻ മനുഷ്യന് മനസ്സുണ്ടാവട്ടെ. മനസ്സ് സുന്ദരമായാൽ കാണുന്നതെല്ലാം സുന്ദരമാകും. പുതുവർഷത്തിലെ ഓരോ ദിവസവും ദൈവദാനമാകട്ടെ. ഒരോ മനുഷ്യനും ദൈവദർശനമാകട്ടെ. ഓരോ അനുഭവവും ദൈവസ്പർശനമാകട്ടെ. ഓരോ പ്രതീക്ഷയും പൂവണിയുന്നതാകട്ടെ. ഓരോ ചിന്തയും ദൈവികമാകട്ടെ ഓരോ പ്രവൃത്തിയും പുണ്യമായിത്തീരട്ടെ. ഇതായിരിക്കട്ടെ. ജീവിതത്തിലെ കാഴ്ചയും കാഴ്ചപ്പാടും...



# ഋതുഭേദങ്ങൾ

ഡോ. ഷേർലി സ്റ്റുവർട്ട്

നീയതിയുടെ അനിവാര്യതയെന്ന ഋതുഭേദങ്ങൾക്കൊടുവിൽ നിറമുള്ള നിമിഷങ്ങളും നനവാർന്ന നൊമ്പരങ്ങളും ബാക്കിയാക്കി 2017 ഒരു നേർത്തതേങ്ങലായി വിടപറയുകയായി. വീണുമറഞ്ഞകാലം ദുഃഖമാണ്. എങ്കിലും പുതുപുലരിയുടെ പുതുവർഷത്തിന്റെ ഉഷസ്സുകൾ ഉണ്ടാവണമെങ്കിൽ അസ്തമനങ്ങൾ ഉണ്ടായേ മതിയാവൂ. പ്രതീക്ഷകളുടെയും സ്വപ്നങ്ങളുടെയും പ്രത്യാശയുടെയും വർണ്ണപുഷ്പങ്ങൾ വാരിവിതറി 2018 ആഗതമാകുമ്പോൾ വിശ്വസാഹിത്യകാരനായ ടെന്നിസൺ പ്രഭുവിനൊപ്പം നമുക്കു പാടാം.

""Ring out wild bells to the wild sky the year is dying in the night; Ring out wild bells and let him die Ring out the old, ring in the new.......The year is going let him go; Ring out the false, ring in the true....""

വിലാപങ്ങളുടെ പുസ്തകം 3:22-23 ഇപ്രകാരം പറയുന്നു; ‘‘കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അത് പുതിയതാണ് അവിടുത്തെ വിശ്വസ്തത ഉന്നതമാണ്.’’ പുതുവർഷത്തെ എതിരേൽക്കാൻ പള്ളിമണികൾക്കൊപ്പം നൃത്തവും മദ്യവും റോക്ക് സംഗീതവും അലയടിക്കുമ്പോൾ പുതു തലമുറയോടും (generation) അവരുടെ മാതാപിതാക്കളോടും, അദ്ധ്യപകരോടും സമൂഹത്തോടും ഒരു വാക്ക്: അനിവാര്യമായ മാറ്റങ്ങൾ സ്വായത്തമാക്കിപൂർണ്ണതയിലേക്കുള്ള പ്രയാണം ആരംഭിക്കുന്ന കൗമാരത്തിൽ നിന്നും യുവത്വത്തിലേക്കു മാറുന്ന വസന്തകാലം ഓരോ തലമുറയും വ്യത്യസ്തമെന്നു കരുതിയകാലം.... സ്വപ്നം കാണാൻ പഠിപ്പിച്ച് ആ സ്വപ്നംകൊണ്ട് ഇതിഹാസം തീർത്ത, ലക്ഷ്യത്തെ പിന്തുടരാൻ ആഹ്വാനം ചെയ്ത ‘‘നിങ്ങൾ തീവ്രമായി ഹൃദയംകൊണ്ട് എതെങ്കിലും കാര്യം ആഗ്രഹിച്ചാൽ പ്രകൃതിയും പ്രപഞ്ചവും ഒത്തൊരുമിച്ചു നിങ്ങൾക്കായി അതു സാധ്യമാക്കിത്തരുമെന്ന്’’ ഒരു തലമുറയെ മുഴുവൻ ആഹ്വാനം ചെയ്ത പൗലോ കൊയ്ലോ യഥാർത്ഥത്തിൽ യോഹന്നാൻ 15:7 ഉറക്കെ പ്രഖ്യാപിക്കുകയായിരുന്നു. ‘‘നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ നിലനില്ക്കുകയും ചെയ്യുമെങ്കിൽ ഇഷ്ടമുള്ളതു ചോദിച്ചുകൊള്ളുക അതു നിങ്ങൾക്കു ലഭിക്കും.’’ പക്ഷെ നാം ചോദിക്കുന്ന കാര്യങ്ങൾ ദൈവകൃപയിൽ അധിഷ്ഠിതമാണോ........വിവരസാങ്കേതിക വിദ്യയുടെ അതിപ്രസരത്തിൽ ഫെയ്സ്ബുക്കും വാട്ട്സാപ്പും സ്വകാര്യതകളിലേക്കു നുഴഞ്ഞുകയറി കൗമാര മനസ്സുകളെ വിഭ്രാന്തികളുടെ അശാന്തതീരങ്ങളിലേക്കു നയിച്ചു തങ്ങൾക്കു ചുറ്റുമുള്ള പ്രലോഭനങ്ങളിൽപ്പെട്ട് ചിറകൊടിഞ്ഞ ചിത്രശലഭങ്ങളെപ്പോലെ ഉഴലുന്ന മക്കളുടെ എണ്ണം ഭയാനകമായി വർദ്ധിച്ചുവരുന്നു.

പത്രമാദ്ധ്യമങ്ങളിൽ വരുന്ന കഞ്ചാവിന്റെയും മയക്കുമരുന്നിന്റേയും, കൊലപാതകങ്ങളുടെയും കഥകൾ നമ്മുടെ മക്കളെ ചേർത്തുനിറുത്താൻ നമ്മെ

നിർബന്ധിതരാക്കുന്നു. താളംപിഴച്ചുപോയി എന്ന് ഇളംതലമുറയെക്കുറിച്ചു വിലപിക്കുന്നവർ മുതിർന്ന തലമുറയുടെ ജീവിതത്തിലെ താളപ്പിഴകളാണ് പുതിയ തലമുറയിൽ പ്രതിഫലിക്കുന്നതെന്ന സത്യം മറന്നുപോകരുത്. ലോകം വെട്ടിപ്പിടിക്കാനുള്ള നെട്ടോട്ടത്തിനിടയിൽ നാം സഹിക്കാനും സ്നേഹിക്കാനും മറന്നുപോകുന്നു. ഒന്നു തൊടാനോ താലോലിക്കാനോ സമയമില്ലാതെ ആയമാരുടെയും ട്യൂഷൻമാസ്റ്റർമാരുടെയും ഒപ്പവും ഡെകെയർ സെന്ററുകളിലും കുഞ്ഞുങ്ങൾ തളച്ചിടപ്പെടുന്നു. വീട്ടിലെത്തിയാൽ ടി.വി. യുടെ മുമ്പിലൊ ടെലിഫോണിലെ ഗെയിംസിലോ ഇരുത്തി അപ്പനും അമ്മയും അവരുടെ ലോകത്തേക്കു പോകുന്നു. ഇന്റർനെറ്റും സൈബർലോകവും കുഞ്ഞുന്നാളുമുതൽ കൈത്തുമ്പിലെത്തുമ്പോൾ നമ്മുടെ മക്കൾ അമ്മ പെങ്ങന്മാരെ തിരിച്ചറിയാതാവുന്നു. ലോകമെന്ന പരീക്ഷണശാലയിൽ അവർ ഈയാംപാറ്റകളെപ്പോലെ എരിഞ്ഞടങ്ങുന്നു. മത്സരബുദ്ധിയും സ്വാർത്ഥതയും അവരുടെ കുടെപ്പിറപ്പുകളാവുന്നു.

നമുക്കു മക്കളൊക്കെ ഡോക്ടറായാൽ മതി എഞ്ചിനീയറോ, പ്രൊഫസറോ, ഐ.എ.എസു. കാരോ, മന്ത്രിയോ ഒക്കെ ആയാൽ മതി. ലോണെടുത്തും കടംവാങ്ങിയും കിടപ്പാടം പണയംവെച്ചും ഡൊണെഷൻ നല്കി പഠിപ്പിക്കാൻ അപ്പനമ്മമാർ കോലാഹലം നടത്തുന്നു. ചോദിക്കുന്നതെന്തും വാങ്ങിക്കൊടുത്ത് ജങ്ക് ഫുഡും ആൻട്രോയിഡ് ഫോണും നല്കി അവരെ തലയാട്ടുന്ന യന്ത്രമനുഷ്യരാക്കുന്നു. പ്രണയവും സ്നേഹവും കാമത്തിന്നു വഴിമാറുമ്പോൾ കുടുബബന്ധങ്ങൾ ശിഥിലമാകുന്നു. മൊബൈൽ ഫോണുകളിൽ രാത്രിയുടെ അന്ത്യയാമങ്ങളിൽ വരെ ചാറ്റുചെയ്തു സ്നേഹിക്കുന്നവരെ, ഉറ്റവരെ ''ചീറ്റു'' ചെയ്യുമ്പോൾ കടപുഴുകി വീഴുന്ന ജീവിതങ്ങൾ പലപ്പോഴും ഒരു മുഴം കയറിൽ അവസാനിക്കുന്നു. വിഹ്വലമായ മനസ്സുകൾക്കു കുറ്റപ്പെടുത്തലുകൾ താങ്ങാനാവുന്നില്ല.

എന്താണ് നമ്മുടെ പുത്തൻ തലമുറയ്ക്കു സംഭവിച്ചു കൊണ്ടിരിക്കുന്നത്?

ആകർഷകങ്ങളായ ആയിരം വർണ്ണങ്ങളും, ജീവിതത്തിന്റെ നൈമിഷിക സുഖങ്ങളെക്കുറിച്ചുള്ള പ്രലോഭിപ്പിക്കുന്ന വാഗ്ദാനങ്ങളും വിലകുറഞ്ഞവയെല്ലാം അമൂല്യമെന്നു കാണിക്കുന്നു. ജഢീകമായികലോകവും, വിശ്വാസ വഞ്ചനകളും നീറഞ്ഞ ഒരു പരീക്ഷണ വേദിയിലാണവർ. ക്രൂരമായ പാസ്സുകൾ നിറഞ്ഞ ഈ കളിക്കളത്തിൽ പലരും പൊരുതി നിന്നേക്കാം. ഓടി ഒളിച്ചേക്കാം, തളർന്നു വീണേക്കാം. ഈ പരീക്ഷണങ്ങളോടു പ്രതികരിക്കാൻ നമ്മുടെ യുവതലമുറയെ ഒരുക്കുക എന്ന വലിയ ദൗത്യമാണ് നമുക്കുള്ളത്. ആദ്യ പാഠങ്ങൾ ലഭിക്കേണ്ടത് ആദ്യ ഗുരുകുലമായ സ്വന്തം വീട്ടിൽ നിന്നാണ് ആദിഗുരുവായ അമ്മയിൽ നിന്നും, ആദ്യം അറിഞ്ഞ അച്ഛനിൽ നിന്നും, സഹോദരങ്ങളിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും, ഗുരുക്കന്മാരിൽ നിന്നും, ദേവാലയത്തിൽ നിന്നുമാണ്. അടർക്കളത്തിൽ മുറിവേറ്റു വീഴാതെ ചെറുത്തു നില്ക്കാനുള്ള ആയുധങ്ങളും, ആയോധനപാടവങ്ങളും അവർ ചൊല്ലിത്തരുമ്പോൾ, ദിനംപ്രതി ദൈവകൃപ പ്രവഹിക്കുമ്പോൾ അവ മരുഭൂമിയിൽ വഴിവിളക്കും, നിർജ്ജലപ്രദേശത്ത് ദാഹജലവുമായി ഭവിക്കും അപ്പോൾ നമ്മുടെ മക്കൾ പുതിയ പാട്ടുകൾ (സങ്കീ. 43:3) പാടും.

''Love your children the most when they least deserve it'' അദ്ധ്യാപികയാവാൻ പുറപ്പെട്ടപ്പോൾ അദ്ധ്യാപകനായ പിതാവ് നല്കിയ വലിയ ഉപദേശം. അതെ കാണാതായ ഒരാടിനെ തേടി വന്ന സൃഷ്ടാവിന്റെ പാത പിന്തുടർന്നുകൊണ്ട് മനുഷ്യരെ മനുഷ്യരായികാണാൻ നമുക്ക് മക്കളെ പഠിപ്പിക്കാം. സമസൃഷ്ടികളെ സ്നേഹിക്കുന്നതിലൂടെ ദൈവത്തെ സ്നേഹിക്കാനും മറ്റുള്ളവരെ ശ്രേഷ്ഠരെന്നെണ്ണുവാനും, തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പാനും, നാളെത്തേക്കായി ഭാരപ്പെടാതിരിക്കാനും, മറ്റുള്ളവരെ വിധിക്കാതിരിക്കാനും, മറ്റുള്ളവർ നിനക്ക് എന്ത് ചെയ്യണമെന്ന് ആഗ്രഹിക്കുന്നുവൊ അത് നീ മറ്റുള്ളവർക്കുചെയ്യുവാനും നമുക്ക് അവരെ പഠിപ്പിക്കാം. ''കടിഞ്ഞാണും മുഖപ്പട്ടയുമില്ലെങ്കിൽ'' ഈ ജീവിത അവസ്ഥ സ്വായത്തമാവുകയില്ലെന്നും ''ബുദ്ധിയില്ലാത്ത കുതിരയെയും കോവർ കഴുതയെയും'' പോലെ ആവാതെ ''നിന്റെ യൗവ്വനകാലത്ത് നിന്റെ സൃഷ്ടാവിനെ ഓർത്തുകൊണ്ട് ''ജീവിക്കാൻ നമുക്ക് നല്ല വഴിവിളക്കുകളാവാം. കയ്യിലിരിക്കുന്ന പളുങ്കു പാത്രങ്ങൾ വീണുടയാതെ സൂക്ഷിക്കാം ജീവിതത്തിന്റെ അഴുക്കു ചാലുകളിൽ ജീവിതം ഹോമിക്കാതെ തെറ്റുകളിൽ പശ്ചാത്തപിക്കാൻ പഠിച്ച്, കുമ്പസാരക്കൂടുകളിൽ ക്ഷമ കണ്ടെത്തി, പരിശുദ്ധാത്മാഭിഷിക്തരായി, നിർമ്മലമായ ഒരു ഹൃദയം സൃഷ്ടിക്കണമേയെന്നു സൃഷ്ടാവിനോടും യാചിച്ചു കൊണ്ട് നമ്മുടെ ഹൃദയമാകുന്നതൊഴുത്ത് അടിച്ചു വൃത്തിയാക്കി അവിടെ ഉണ്ണിയീശോയ്ക്കായി സ്ഥലം ഒരുക്കാം. അപ്പോൾ അത്യുന്നതനായ ദൈവത്തിന്നു മഹത്വം പാടി, നമ്മിലെ കസ്തൂരിമാനിനെ കണ്ടെത്തി, സ്വപ്നങ്ങളെ യാഥാർത്ഥ്യങ്ങളാക്കി Robert Browning നൊപ്പം ''Grow old along with me the best is yet to be''എന്ന ശുഭാപ്തി വിശ്വാസത്തോടെ 2018 നെ വരവേല്ക്കാം.



# മലങ്കരയുടെ ഒലീവ് മരം

മലങ്കര സഭയുടെ
ഗുരുനാഥനേ
മാനവ സ്നേഹത്തിൽ
പ്രിയ താതനേ
മഹനീയസഹനത്തിൻ
സന്യാസ വീഥിയിൽ
മനസ്സാകെ സമർപ്പിച്ച
മുനി വര്യനേ

പ്രാർത്ഥന പലഭാഷ
തന്നെയാണെങ്കിലും
പ്രാണന്റെ സംഗീത-
മൊന്നു തന്നെ
അങ്ങ് സമർപ്പിച്ച
പുനരൈക്യ മൊഴികളോ
അദ്വൈത സിദ്ധാന്ത
ധാര തന്നെ

വിശ്വാസമലർ തന്നിൽ
പല ഗന്ധമെങ്കിലും
ഈ വിശ്വമേശുവിൻ
വനിക തന്നെ
കനിവായ് പിതാവിന്റെ
കനി നേടുമെങ്കിലോ
കനവിൽ ഒലീവിന്റെ
ശാന്തി തന്നെ



വയലാർ ശരച്ചന്ദ്രവർമ്മ

# പൊതുബോധം വിട്ടുവേണ്ട മതബോധം



ജോണി ലൂക്കോസ്
മാധ്യമ പ്രവർത്തകൻ

സമൂഹമാധ്യമങ്ങളുടെ ആരാധകനോ അഭ്യുദയകാംക്ഷിയോ അല്ലെങ്കിലും അടുത്തിടെ സമൂഹമാധ്യമങ്ങളിൽ പ്രചരിച്ച രണ്ടു കുറിപ്പുകൾ എടുത്ത് എഴുതട്ടെ:

1. ഒരു കാറ്റ്, ഒരു മഴ ഇതുമതി ഹിന്ദുവും മുസ്ലീമും ക്രിസ്ത്യാനിയും അല്ല മനുഷ്യനാണ് വലുത് എന്ന് മനസ്സിലാക്കാൻ. (പശ്ചാത്തലം - ഓഖി ചുഴലിക്കാറ്റ്)

2. നിങ്ങളെ ആരും സ്നേഹിക്കുന്നില്ല, അല്ലെങ്കിൽ സഹായിക്കാനില്ല എന്ന് തോന്നിയാൽ, ഒന്ന് മതം മാറിയാൽ മതി......നിങ്ങളുടെ പഴയ മതക്കാരും പുതിയ മതക്കാരും ചേർന്ന് നിങ്ങളെ സ്നേഹിച്ചു കൊല്ലും. (പശ്ചാത്തലം - ഹാദിയ വിവാദം)

അത്യാഹിതങ്ങൾ ഇല്ലാത്ത സമയത്ത് മനുഷ്യനാകാത്തതും മതം മാറിവരുന്നവരോട് സ്നേഹം കൂടുന്നതും ഒരു സാമൂഹികരോഗത്തിന്റെ ലക്ഷണങ്ങളാണ് - തീവ്രമതബോധം എന്ന പകർച്ചവ്യാധിയുടേത്.

സ്വന്തം സമുദായകർക്കൊപ്പം താമസിക്കുക, കഴിയുമെങ്കിൽ സ്വന്തം മതത്തിന്റെ/സമുദായത്തിന്റെ നിയന്ത്രണത്തിലുളള സ്കൂളുകളിൽ കുട്ടികളെ ചേർക്കുക, വ്യക്തിപരമായ സൗഹൃദങ്ങളിൽ പോലും സങ്കുചിതത്വങ്ങൾ നിഴലിക്കുക, ഭരണകർത്താക്കളുടെ, ജനപ്രതിനിധികളുടെ ജാതി നോക്കുക, ആ കണ്ണിലൂടെ അവരെവിലയിരുത്തുക,അനധികൃതമായിചിലതൊക്കെ നേടിയെടുക്കാനായി ജാതിക്കാർഡ് പ്രയോഗിക്കുക, അതു കിട്ടിയില്ലെങ്കിൽ വിദ്വേഷപ്രചാരണത്തിന് ഒരുമ്പെടുക, ഏറിയും കുറഞ്ഞും എല്ലാ സമൂദായക്കാർക്കിടയിലും തിവ്രമതബോധം എത്ര പ്രതിലോമകരമായാണ് പ്രവർത്തിക്കുന്നത്!

നാലുപേർ ഒന്നിച്ചിരിക്കുമ്പോൾ കൂട്ടത്തിൽ ഒരു മുസ്ലീം ഇല്ലെങ്കിൽ ചർച്ച മുസ്ലീംങ്ങളെപ്പറ്റി. ക്രിസ്ത്യാനി/ഹിന്ദു ഇല്ലെങ്കിൽ അവരെപ്പറ്റി. ഒരർത്ഥത്തിൽ മതസൗഹാർദ്ദമല്ല, സാമൂഹികസൗഹാർദ്ദമാണ് നമുക്കു നഷ്ടപ്പെടുന്നത്. ചേരിതിരിവ് രാഷ്ട്രീയമായിരുന്നെങ്കിൽ എത്ര ഭേദമായിരുന്നു എന്നു തോന്നിപ്പോകുന്നു.

അന്യമതവിശ്വാസത്തെ അംഗീകരിക്കാൻ കഴിയാത്ത കടുത്ത വിശ്വാസം കൊണ്ടാണ് മതവിദ്വേഷം വളരുന്നത് എന്നു വിശ്വസിക്കാൻ കഴിയുന്നില്ല. വിശ്വാസത്തേക്കാൾ അസൂയയാണ് വിദ്വേഷം ഉണ്ടാക്കുന്നത് എന്നു അനുമാനിക്കേണ്ടിയിരിക്കുന്നു. മുൻമ്പ് നമ്മുടേതായിരുന്ന സ്ഥാപനങ്ങൾ ഗൾഫ് പണംകൊണ്ട് മറ്റവർ വാങ്ങിച്ചു, ഇപ്പോൾ പ്രധാനസ്ഥാപനങ്ങളൊക്കെ അവരുടെ കയ്യിലായി എന്നൊക്കെയാണ് പലരും അടക്കം പറയുന്നത്. മറുവശത്ത് ഏതെങ്കിലും വിദേശരാജ്യത്ത് ഉണ്ടായ സംഭവത്തിന്റെ പേരിൽ ഇവിടെ പ്രതിഷേധവും പ്രതികാരവും ഉണ്ടാവുമ്പോൾ പൊതുരംഗത്ത് വർഗീയ ചേരിതരിവ് രൂപപ്പെടുകയാണ്. സാമ്പത്തിക സുരക്ഷിതത്വത്തിനായി പല നാടുകളിലേക്കും കുടിയേറിയ മലയാളി അവിടെനിന്ന് ഇപ്പോൾ സാമൂഹിക അരക്ഷിതാവസ്ഥ ഇറക്കുമതി ചെയ്യാനും തുടങ്ങി. അങ്ങനെ മുൻതലമുറ അണിയാതിരുന്ന പല മതചിഹ്നങ്ങളും നാം എടുത്ത് അണിയുന്നു. എന്നിട്ട് പുരോഗമനത്തെക്കുറിച്ച് പ്രസംഗിക്കുന്നു.

ഏതു മതവിശ്വാസവുമായി ബന്ധപ്പെട്ട ആഘോഷവും എല്ലാവരുടെയും ആക്കുന്നതിൽ മാധ്യമങ്ങൾ മുമ്പ് വലിയ പങ്കുവഹിച്ചിരുന്നു. ഓണമായാലും ക്രിസ്തുമസ്സായാലും റമസാൻ ആയാലും എല്ലാ സിനിമാതാരങ്ങളും എഴുത്തുകാരും ഒന്നുപോലെ ആശംസ നേരുന്നതാണ് മാധ്യമങ്ങളിൽ കണ്ടിരുന്നത്. സമൂഹമാധ്യമങ്ങൾ അതു അട്ടിമറിച്ചു. അജ്ഞാതത്വത്തിന്റെ മറവിലിരുന്ന് ഈ സമൂഹത്തിന്റെ സാമൂഹികതന്തുക്കളെ അവർ തകർത്തുകളഞ്ഞു. മറ്റു സമുദായങ്ങളെ സംബന്ധിച്ച് അവിശ്വാസം ഉണ്ടാക്കാനായി, കേൾക്കുന്നതൊക്കെ അതേപടി വിശ്വസിക്കുന്ന പ്രേക്ഷകരെ സൃഷ്ടിക്കാനാണ് സമൂഹമാധ്യമങ്ങളിലൂടെ പലരും ശ്രമിച്ചത്. എന്റെ വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ എന്റെ സ്വന്തം ആളുകൾ മതി, എന്റെ വെറുപ്പ് അവർ എല്ലാവരും പങ്കിടും ഇതാണ് നയം. മറ്റുളളവരെക്കുറിച്ച് നല്ല അറിവുകൾ കൈമാറേണ്ട ഇടമാണ് ഇങ്ങനെ ദുരുപയോഗിക്കപ്പെടുന്നത്.

ഇപ്പോൾ ഒളിഞ്ഞും തെളിഞ്ഞും പലരും ചോദിക്കുന്ന ഒന്നാണ് ആ സ്ഥാനത്ത് അവരായിരുന്നെങ്കിലോ എന്ന്. എന്നുവച്ചാൽ മറുപക്ഷക്കാരായിരുന്നു ഇത് ചെയ്ത

തെങ്കിൽ മാധ്യമങ്ങൾ അടക്കം മിണ്ടില്ലായിരുന്നു എന്ന് അർത്ഥം. അതിനൊരു മറുചോദ്യം ഉണ്ട്. അവർ അതു ചെയ്യുന്നതിൽ നിങ്ങൾക്കു കുഴപ്പമില്ലേ? അവർ അതു ചെയ്യുന്നത് നല്ലതാണോ?

സാങ്കേതികവിദ്യകൾപോലും എറ്റവുമാദ്യം ഉപയോഗപ്പെടുത്തുന്നത് ശത്രുതയുടെ മൊത്തവിതരണക്കാരാണ്. പിന്നെ, വിശ്വസിക്കാൻ ഇഷ്ടപ്പെടുന്ന മനുഷ്യന്റെ ശുദ്ധഗതിയെ ചൂഷണം ചെയ്യുന്നവരും. പത്രങ്ങൾ പോലും കംപ്യൂട്ടർ വ്യാപകമായി ഉപയോഗിച്ചു തുടങ്ങുന്നതിനു മുമ്പേ കംപ്യൂട്ടർ ജ്യോതിഷം പ്രചാരത്തിലായത് ഓർക്കുക.

ഒരു സാധാരണ ഹിന്ദുവിനോ, മുസ്ലീമിനോ, ക്രിസ്ത്യാനിക്കോ അവരുടെ കൂടപ്പിറപ്പിനെ അല്ലെങ്കിൽ മകളെ സമുദായത്തിനു പുറത്തേക്കു വിവാഹം കഴിച്ചുകൊടുക്കുന്നതിൽ മനോവിഷമം ഉണ്ടാവാം. അതു സ്വാഭാവികമാണ്. കുറേക്കാലം കഴിയുമ്പോൾ ഈ വിഷമമൊക്കെ മാറി അവർ പഴയതുപോലെ സ്വീകാര്യർ ആവുന്നതും സ്വാഭാവികമാണ്. വ്യക്തിപരമായ ഇത്തരം കാര്യങ്ങളിലല്ലാതെ, പൊതുകാര്യങ്ങൾ മതത്തിന്റെ കണ്ണിലൂടെ കാണാറില്ല മലയാളി. ശ്രീകൃഷ്ണവേഷത്തിൽ പ്രേംനസീറോ മമ്മൂട്ടിയോ വന്നാൽ നടന്റെ മതവിശ്വാസം വച്ച് ഒരു ഹിന്ദുവും അതിനെ ചോദ്യം ചെയ്യാറില്ല. ബാബുരാജിന്റെ പാട്ട് മലബാർ സംഗീതമാണ് എന്നു നാം പറഞ്ഞാലും മുസ്ലീം സംഗീതം എന്നു പറയാറില്ല. വൈക്കം മുഹമ്മദ് ബഷീറിന്റെ ദുഷ്ട കഥാപാത്രങ്ങൾക്ക് ഹിന്ദുപേരുകൾ ഇട്ടാലും ബഷീർ മുസ്ലീമായതുകൊണ്ടാണ് എന്നു വ്യാഖ്യാനിച്ചിട്ടില്ല. നമ്മുടെ പള്ളിപ്പെരുന്നാൾ, നമ്മുടെ കാവിലെ ഉത്സവം എന്നൊക്കെയാണ് ഏതു നാട്ടിൻപുറത്തുകാരനും പറയുക. അമ്പലത്തിലെ എഴുന്നെള്ളിപ്പും ചന്ദനക്കുട ഘോഷയാത്രയും ഒക്കെ ഒരേ മനസ്സോടെയാണ് മലയാളികൾ വീക്ഷിച്ചത്.



വിളക്കുകൊളുത്തുന്നതോ, കുറിതൊടുന്നതോ മതവിശ്വാസവുമായി ചേർത്തു വായിക്കുന്ന മലയാളികൾ കുറവാണ്. നിസാരകാര്യങ്ങളിൽ കൊഴിഞ്ഞുപോകുന്നതാണ് സ്വന്തം വിശ്വാസം എന്നു തോന്നുന്നവർക്കുമാത്രമാണ് ഇക്കാര്യത്തിലൊക്കെ ഉത്കണ്ഠ ഉണ്ടായത്.

എന്നാൽ വിദ്വേഷപ്രചരണത്തിനു പൂർവകാല പ്രാബല്യം നൽകുന്ന വിചിത്രാനുഭവങ്ങൾ ഇപ്പോൾ നമ്മുടെ മുന്നിൽ ഉണ്ട്. അടുത്തയിടെ ഒരു വാരികയിൽ വിദ്യാഭ്യാസരംഗത്തെ ക്രൈസ്തവ അജൻഡയെക്കുറിച്ചു വായിച്ചപ്പോഴാണ് ദുർവ്യാഖ്യാനങ്ങൾക്ക് എവിടെ വരെപ്പോകാം എന്നു ചിന്തിച്ചത്. ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ എന്ന ട്രോജൻ കുതിരകൾക്കുള്ളിൽ ക്രൈസ്തവമതബോധനം ഒളിച്ചുകടത്തുകയാണത്രേ. കാശ്മീരിൽ ഉൾപ്പെടെ ക്രൈസ്തവ വിദ്യാലയങ്ങളിലെ മത്സരങ്ങളിൽ പാട്ടിലും ചിത്രം വരയിലുമൊക്കെ ജേതാക്കളാകുന്നവർക്കു യേശുവിന്റെയും കന്യകാമറിയത്തിന്റെയും കൊച്ചു വിഗ്രഹങ്ങൾ സമ്മാനമായി നൽകുന്നു. അങ്ങനെ മക്കളുടെ മനസ്സിലേക്കു മാത്രമല്ല, വീടുകളിലേക്കുകൂടി ക്രൈസ്തവത ഒളിച്ചുകടത്തുന്നു. തീർന്നില്ല, അധ്യാപകരായ കന്യാസ്ത്രികൾ നസ്രാണി പർദയിട്ട് ക്ലാസ്സിൽവന്നിട്ട് മുസ്ലീം പെൺകുട്ടികൾ തട്ടം ധരിക്കുന്നതുപോലും തന്ത്രപൂർവം തടയുന്നു.

ക്രൈസ്തവ വിദ്യാലയങ്ങളിൽ നിന്നു കിട്ടിയ മൂല്യബോധത്തെയും അച്ചടക്കത്തെയും പ്രോത്സാഹനത്തെയും നന്ദിപൂർവം സ്മരിക്കുന്ന ഹിന്ദുക്കളും മുസ്ലീംങ്ങളും ധാരാളമുള്ളപ്പോൾ ഇത്തരം കടുത്ത വ്യാഖ്യാനങ്ങളെയും അവഗണിക്കാവുന്നതേയുള്ളു. എങ്കിലും പൊതുബോധത്തെ മരവിപ്പിക്കുന്ന രീതിയിലേക്കു തീവ്രമതബോധം വളരുന്നല്ലോ എന്നോർക്കുമ്പോൾ സങ്കടപ്പെടാതെ വയ്യ.

ഭൂരിപക്ഷസമുദായമായ ഹിന്ദുക്കളുടെ നീതിബോധത്തിൽ കവിഞ്ഞ ഉറപ്പ് ആവശ്യമില്ലെന്ന ഉറച്ചവിശ്വാസത്തിലാണ് സ്വതന്ത്രഭാരതത്തിൽ തീരെ ചെറിയ ന്യൂനപക്ഷമായിരുന്നിട്ടുകൂടി ക്രൈസ്തവർക്കു സംവരണം വേണ്ടെന്ന നിലപാട് സമുദായനേതാക്കൾ എടുത്തത്. ഇപ്പോൾ ക്രൈസ്തവരിൽ കുറെപ്പേർക്കെങ്കിലും ആ വിശ്വാസം നഷ്ടപ്പെട്ടതുപോലെയാണ്. ആർ. എസ്. എസിനെ അവർ വല്ലാതെ ഭയക്കുന്നതുപോലെ. പക്ഷേ ഭൂരിപക്ഷം ഹിന്ദുക്കളും പ്രതിനിധികരിക്കുന്ന സംഘടനയല്ല ആർ. എസ്. എസ്. എന്ന് ഓർക്കേണ്ടതുണ്ട്.

ആർ. എസ്. എസിനെപ്പോലെ തിവ്രഹിന്ദുനിലപാടുള്ള സംഘടനകളെ ചെറുക്കാൻ ഏറ്റവും മുന്നിൽനിൽക്കുന്നത് ഹൈന്ദവസമുദായത്തിൽ പിറന്ന തികച്ചും മതനിരപേക്ഷനിലപാടുള്ളവർ ആണെന്നതും മറന്നുകൂടാ.

ചില കാര്യങ്ങൾ പറഞ്ഞുകേൾക്കുമ്പോൾ സമുദായങ്ങൾക്ക് ആശങ്കയോ അരക്ഷിതാവസ്ഥയോ ഉണ്ടാവാം. ഉദാഹരണത്തിന് കേരളത്തിലെ ജനസംഖ്യാ അനുപാതത്തിൽ വന്ന മാറ്റം. തിരുവനന്തപുരത്തെ സെന്റർ ഫോർ ഡവലപ്മെന്റൽ സ്റ്റഡീസിലെ ഓണററിഫേല്ലോ ആയ കെ.സി.സക്കറിയ നൽകുന്ന ആധികാരിക വിവരം അനുസരിച്ച് 1961 ൽ കേരളത്തിൽ മുസ്ലീംകളേക്കാൾ 5.6 ലക്ഷം ക്രിസ്ത്യാനികൾ കൂടുതൽ ഉണ്ടായിരുന്നു. 1971 വരെ ജനസംഖ്യയിൽ ക്രിസ്ത്യാനികൾക്കായിരുന്നു മുൻതൂക്കം. എന്നാൽ 1981 ആയപ്പോൾ മുസ്ലീം ജനസംഖ്യ ക്രിസ്ത്യാനികളേക്കാൾ 1.56 ലക്ഷം കൂടുതലായി. ഇപ്പോൾ കേരളത്തിൽ ഹിന്ദുക്കൾ 54.9, മുസ്ലീംങ്ങൾ 26.6, ക്രിസ്ത്യാനികൾ 18.4 ശതമാനമാണ് എന്ന് അദ്ദേഹം പറയുന്നു. ക്രിസ്ത്യാനികളുടേതു മാത്രമല്ല നായർ, നാടാർ, വിശ്വകർമ, ദളിത് ജനസംഖ്യയിലും കാര്യമായ കുറവ് ഉണ്ടായിട്ടുണ്ട്. അതേസമയം ഈഴവ, ലത്തീൻ ക്രൈസ്തവ ജനസംഖ്യ വർദ്ധിക്കുന്നുമുണ്ട്.

ഇത്തരം കണക്കുകൾ അതിന്റെ സാമൂഹികവും സാമ്പത്തികവുമായ കാരണങ്ങൾ കണക്കിലെടുക്കാതെ വിശകലനം ചെയ്ത് മതവൈര്യം വളർത്താൻ ഉപയോഗിക്കുന്നവരുണ്ട്. മുസ്ലീമുകൾ കൂടുതലുള്ള മലബാർ പ്രദേശത്ത് കുടുംബാസൂത്രണമാർഗങ്ങൾ ഫലപ്രദമല്ലാത്തതാണ് ഇന്നത്തെ ജനസംഖ്യ വർദ്ധനയ്ക്ക് ഒരു കാരണമായി സക്കറിയ ചൂണ്ടിക്കാട്ടുന്നത്. അത് എങ്ങനെയായാലും സ്വന്തം ജനസംഖ്യ വർദ്ധിപ്പിക്കാനുള്ള ഒരു സമുദായത്തിന്റെ ശ്രമമായി ഇതിനെ കാണേണ്ടതില്ല. ക്രിസ്ത്യാനികളുടെയും ഹിന്ദുക്കളുടെയും ജനസംഖ്യ കുറഞ്ഞത് അവരെ ആരും നിർബന്ധിച്ച് വന്ധ്യംകരിച്ചിട്ടല്ലല്ലോ. തന്നെയുമല്ല കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ നിലനിർത്തുന്നതിന് യുവജനതയെ ആവശ്യമുണ്ട്. ജനസംഖ്യയിൽ നല്ലൊരു ഭാഗം പ്രായമായവരാകുന്ന സമൂഹത്തിൽ 20നും 35നും ഇടയ്ക്കുള്ള ചെറുപ്പക്കാരുടെ ആവശ്യം ഏറെയുണ്ട്. അവർ യഥാർത്ഥത്തിൽ രാഷ്ട്രത്തിന്റെ ഉൽപാദനക്ഷമതയാണ് കൂട്ടുന്നതെന്ന് തൊണ്ണൂറ്റിമൂന്നുകാരനായ കെ.സി. സക്കറിയ നിരീക്ഷിക്കുന്നുണ്ട്.

ഒമ്പതാം നൂറ്റാണ്ടിൽ മലബാറിലെ തീരദേശഹിന്ദുകുടുംബങ്ങൾ ഒരു അംഗത്തെ മുസ്ലീമാക്കി വളർത്താൻ ശ്രമിച്ചിരുന്നു എന്നു കേട്ടിട്ടുണ്ട്. സമുദ്രം മുറിച്ചുകടക്കുന്നതുപോലെ ഹിന്ദുകൾക്ക് നിഷിദ്ധമായ ചില കാര്യങ്ങൾ ചെയ്യാൻ. കുടുംബത്തിൽ നിന്നുതന്നെ ഒരാൾ ഉണ്ടാകുന്നതിനായിരുന്നു അത്. മുസ്ലീമുകളും ഹിന്ദുക്കളും തമ്മിൽ അക്കാലത്ത് സ്പർധ ഉണ്ടായിരുന്നില്ല. പോർച്ചുഗലിൽ നിന്ന് വാസ്കോ ഡി ഗാമ കോഴിക്കോട് തീരത്ത് എത്തിയപ്പോൾ സാമൂതിരി, ഗാമയെ പറഞ്ഞുവിടാൻ ഒരുമ്പെട്ടത് മുമ്പ് അവിടെയുണ്ടായിരുന്ന അറബി കച്ചവടക്കാരുടെ താൽപര്യത്തെ കൂടി കരുതിയാണ്.

ഇന്ത്യാവിഭജനകാലത്തുപോലും ഇന്ത്യൻ ദേശീയതയ്ക്ക് ഒപ്പം നിൽക്കാൻ തീരുമാനിച്ച സമൂഹമാണ് മുസ്ലീമുകൾ. രണ്ടാം ഇന്ത്യാവിഭജനം എന്നു വിശേഷിപ്പിക്കാവുന്ന തരത്തിൽ ഹിന്ദു മുസ്ലീം ധ്രുവീകരണം രൂപപ്പെട്ടത് ബാബറി മസ്ജിദിന്റെ തകർച്ചയോടെയാണ്. വർഗീയ പ്രീണനനയം മുമ്പും രാഷ്ടീയപാർട്ടികൾ പരീക്ഷിച്ചിട്ടുണ്ടെങ്കിലും 'സെക്കുലർ' ആയ പാർട്ടികൾപോലും 'ഇൻസെക്യൂർ' ആയത് ബാബറി മസ്ജിദ് സംഭവത്തോടെയാണ്. പിന്നീട് ഇങ്ങോട്ട് 25 വർഷം വോട്ടിനുള്ള എളുപ്പവഴിയായി രാഷ്ട്രീയപാർട്ടികൾ മതങ്ങളുടെ സംഘടിതസ്വഭാവത്തെ ഉപയോഗപ്പെടുത്താനാണ് ശ്രമിച്ചത്.

പുതിയകാലത്ത് ദൈവവിശ്വാസം കൂടിയിട്ടുണ്ടെങ്കിലും അതിനു പ്രധാനകാരണം മനുഷ്യനിലുള്ള വിശ്വാസം കുറഞ്ഞതാണ് എന്നു തോന്നാറുണ്ട്. നമ്മുടെ ഭൗതിക ആവശ്യങ്ങൾ നിറവേറ്റാനും നീതിയും ന്യായവും ഉറപ്പുവരുത്താനും രാഷ്ട്രീയസംവിധാനത്തിനു കഴിയും എന്ന വിശ്വാസം ഇപ്പോൾ ഭൂരിഭാഗത്തിനും ഇല്ല. അതുകൊണ്ട് വിശ്വാസം കുറച്ച് അന്ധവുമാണ്. ദൈവമെങ്കിൽ ദൈവം, മതമെങ്കിൽ മതം എന്നിങ്ങനെ. അല്ലെങ്കിൽതന്നെ മിതത്വം മലയാളിക്ക് അത്ര വശമുള്ള കാര്യമല്ല. പ്രണയിച്ചാൽ ആത്മഹത്യ, കുടിച്ചാൽ വഴിയിൽ എന്നതാണ് രീതി. ദൈവത്തിന്റെ പേരിൽ വിവിധ മതവിഭാഗങ്ങൾ തർക്കിക്കുമ്പോൾ ആലോചിച്ചുപോകാറുണ്ട്, ദൈവത്തിന് നമ്മുടെ സംരക്ഷണം ആവശ്യമുണ്ടോ എന്ന്. ആരാധകരുടെ എണ്ണമാണോ ദൈവത്തിന്റെ ശക്തി നിർണയിക്കുന്നത്? ഒരാൾ ജനിച്ച ഭൂപ്രദേശത്തിനും, അതിന്റെ പാരമ്പര്യത്തിനും അധിനിവേശചരിത്രത്തിനുമൊക്കെ പങ്കില്ലേ? മറ്റൊരിടത്ത് ജനിച്ചിരുന്നെങ്കിൽ മറ്റൊരു മതവിശ്വാസി ആകുമായിരുന്നു. അത്രയേയുള്ളൂ കാര്യം.

കഴിഞ്ഞദിവസം ബംഗ്ലാദേശിലെ നോത്ര ദാം സർവകലാശാലയിൽ യുവാക്കളുടെ സമ്മേളനത്തിൽ ഫ്രാൻസീസ് മാർപാപ്പപറഞ്ഞത് എപ്പോഴും ഓർമിക്കുക: മതങ്ങളും സമൂഹവും ചെറുലോകങ്ങളിലേക്ക് ചുരുക്കരുത്. അങ്ങനെയായാൽ നമ്മൾ മാത്രമാണു ശരിയെന്നും ബാക്കിയുള്ളവർ തെറ്റാണെന്നും തോന്നിത്തുടങ്ങും.

നമുക്ക് പരിവർത്തനത്തിനായി പ്രാർത്ഥിക്കാം. മതപരിവർത്തനത്തിനല്ല, മനഃപരിവർത്തനത്തിന്.

# ഓഖി ദുരന്തം ഓർമപ്പെടുത്തുന്ന പാഠങ്ങൾ



**ശ്രീവിദ്യ ശ്രീകുമാർ**
**മാധ്യമ പ്രവർത്തക**

ക്രിസ്തുമസ് - പുതുവൽസര കാലത്തേക്ക് ഒരുങ്ങുമ്പോഴാണ് അപ്രതീക്ഷിതമായി ഓഖി ദുരന്തം കേരളത്തിന്റെ തീരങ്ങളെ ആക്രമിച്ചത്. തിരുവനന്തപുരം തീരത്തായിരുന്നു പ്രഹരം ശക്തമായത്. മരണം നൂറ് കവിയുമെന്ന ആശങ്ക പങ്കുവയ്ക്കുന്ന വർത്തമാനപത്രം മുന്നിൽ വച്ചുകൊണ്ടാണ് മലങ്കരനാദത്തിനുവേണ്ടി ഓഖി ദുരന്തത്തെക്കുറിച്ച് എഴുതുന്നത്.

കേന്ദ്ര ഏജൻസികളും സംസ്ഥാന ഏജൻസികുളും ഓഖി മുന്നറിയിപ്പിന്റെ കാര്യത്തിൽ പഴിചാരുന്നതും മത്സരിക്കുന്നതും ഇനിയും അവസാനിച്ചിട്ടില്ല. വാർത്തകളിൽ നിന്നും വസ്തുതകളിൽ നിന്നും മനസിലാക്കാൻ കഴിയുന്ന സത്യം ഇതാണ്. കടലിൽ ന്യൂന മർദ്ദം രൂപപ്പെടുന്നുണ്ടെന്നും കാറ്റിന് വേഗത കൂടുമെന്നും തിരമാലകൾ ഉയരുമെന്നും മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണമെന്നുമുള്ള മുന്നറിയിപ്പുകൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് നൽകിയിരുന്നു. എന്നാൽ നമ്മുടെ മാധ്യമമേലാളന്മാർ അത് യഥാസമയം ജനങ്ങളിലെത്തിച്ചില്ല. പകരം ദുരന്തശേഷം ആക്രോശിക്കാനുള്ള ആവേശത്തിലാണ് മാധ്യമങ്ങൾ മത്സരിച്ചത്.

ഓഖി ദുരന്തത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഉചിതമായ പുനരധിവാസ പാക്കേജ് നടപ്പിലാക്കാണമെന്ന് തന്നെയാണ് നാടിന്റെ പൊതുവികാരം. തിരുവനന്തപുരത്ത് ബിഷപ്പ് സൂസപാക്യം ഉൾപ്പെടെയുള്ളവർ മുന്നോട്ട് വച്ച പാക്കേജ് നടപ്പിലാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉറപ്പ് നൽകിയിട്ടുണ്ട്. ആ ഉറപ്പ് പാലിക്കപ്പെടുമെന്ന് തന്നെയാണ് പ്രതീക്ഷ. സമരം ചെയ്താലും വഴിതടഞ്ഞാലും മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നഷ്ടമായത് തിരിച്ച് കിട്ടില്ലെന്ന തിരിച്ചറിവ് എല്ലാത്തലത്തിലും ഉണ്ടെന്ന് ഓഖി ദുരന്തത്തിന് ശേഷമുള്ള സാമൂഹിക ഇടപെടലുകളിൽ നിന്ന് വ്യക്തമാണ്.

അപ്പനെ നഷ്ടമായ മക്കൾ, ഭർത്താവിനെ നഷ്ടമായ ഭാര്യമാർ, മകനെ നഷ്ടമായ അമ്മ അങ്ങനെ നീറുന്ന ജനവിഭാഗത്തെയാണ് തിരുവനന്തപുരം തീരത്ത് കാണാൻ കഴിയുക. പൂന്തുറയിലാണ് ഏറ്റവും അധികം വേദന ഓഖി പടർത്തിയത്. വിഴിഞ്ഞത്തും പൊഴിയൂരിലും പുല്ലുവിളയിലും വേദനിക്കുന്ന ഒരുപാട് അമ്മമാരെ നേരിട്ട് കണ്ടെതിന്റെ ദുഃഖം ഇവിടെ മറച്ച് വയ്ക്കുന്നില്ല. ഇനി ഒരു ദുരന്തം ഉണ്ടാകില്ലെന്ന് നമുക്ക് പറയാൻ കഴിയില്ല. എന്നാൽ ദുരന്തത്തിന്റെ വ്യാപ്തി പരമാവധി കുറയ്ക്കാൻ നമുക്ക് കഴിയും. അതിന് സർക്കാരോ സാമൂഹിക സംഘടനകളോ മാത്രം ഉണർന്നതുകൊണ്ട് കാര്യമില്ല. തീരദേശത്തെ ജനത ഒന്നടങ്കം ഉണരണം. ദുരന്തത്തിൽ നിന്ന് അകന്ന് നിൽക്കാൻ കുറെ മുന്നോരുക്കങ്ങൾ തീരദേശവാസികൾ ചെയ്തിരിക്കണം. അടിക്കടി ഉണ്ടാകുന്ന കടൽക്ഷോഭവും തിരയിളക്കവും കുടുംബങ്ങളെ പട്ടിണിയിലേക്കും നിത്യ ദുഃഖത്തിലേക്കും തള്ളിവിടാതിരിക്കാൻ തയ്യാറാകേണ്ടത് സർക്കാരല്ല മറിച്ച് ജനങ്ങളെന്ന് തിരിച്ചറിയണം. ജനങ്ങളുടെ തിരിച്ചറിവുകൾക്കൊപ്പം ഉണർന്ന് പ്രവർത്തിക്കാൻ സർക്കാരിന് കഴിയുകയും വേണം.

ദുരന്തത്തിന്റെ ആഘാതത്തിൽ നിന്നുകൊണ്ട് തന്നെ ഇനിയും ഒരു പ്രകൃതി ദുരന്തം വന്നാൽ അതിനെ എങ്ങനെ നേരിടാമെന്നും ഭവിഷ്യത്തുകൾ എങ്ങനെ കുറയ്ക്കാം എന്നും ചിന്തിക്കേണ്ടത് അനിവാര്യമാണ്.

**എടുക്കേണ്ട മുൻകരുതലുകൾ**

1. മറ്റേതൊരു തൊഴിലും ചെയ്യുന്ന ജീവനക്കാരുടെതെന്ന പോലെ ദിവസവും മത്സ്യബന്ധനത്തിനു പോകുന്ന തൊഴിലാളികളുടെ എണ്ണമോ അവരുടെ മറ്റു വിവരങ്ങളോ കൃത്യമായി രേഖപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. കടലിലേക്ക് പോകുന്ന ഓരോ തൊഴിലാളി



യുടെയും കൃത്യമായ രേഖകൾ ബന്ധപ്പെട്ട വകുപ്പിൽ സൂക്ഷിക്കാനുള്ള നടപടിയുണ്ടാകുക.

2. മത്സ്യബന്ധനത്തിനു പോകുന്നവർക്ക് ഒരു Unique number അടങ്ങുന്ന കാർഡുകൾ വകുപ്പുമായി ബന്ധപ്പെട്ട് നല്കുക. കടപ്പുറങ്ങളിൽ സ്ഥാപിച്ചിട്ടുള്ള outlet കളിൽ കൃത്യമായി swipe ചെയ്ത് അവരുടെ കടലിലേക്കുള്ള പോക്കും വരവും രേഖപ്പെടുത്താൻ വേണ്ട സൗകര്യങ്ങൾ ചെയ്യുക.

3. മത്സ്യബന്ധനത്തിനു പോകുന്ന ബോട്ടുകളിലും വള്ളങ്ങളിലും നിർബന്ധമായും GPS install ചെയ്യുക.

4. എന്തെങ്കിലും അപകടം വന്നാൽ ഉടൻ കടപ്പുറങ്ങളിൽ സ്ഥാപിച്ചിട്ടുള്ള outlet കളിൽ ഇൻഫർമേഷൻ കൈമാറാൻ വേണ്ട മറ്റു സംവിധാനം മത്സ്യബന്ധനത്തിനു പോകുന്ന ബോട്ടുകളിലും വള്ളങ്ങളിലും സ്ഥാപിക്കുക.

5. ഈ സംവിധാനങ്ങളുടെ ആവശ്യകതയെപറ്റി മത്സ്യബന്ധന തൊഴിലാളികൾക്ക് മനസ്സിലാക്കി കൊടുക്കുക എന്നുള്ളതാണ് ഇതിൽ ഏറെ പ്രധാനം. ഇതിനായി മത്സ്യബന്ധന തൊഴിലാളികൾക്ക് അവരുടെ കുടുംബാംഗങ്ങൾക്കും ബോധവൽക്കരണം നല്കുക. തുറമുഖ സ്കൂളുകളിൽ പ്രത്യേക ക്ലാസ്സുകളും മറ്റ് പ്രധാന സ്ഥലങ്ങളിൽ ക്യാമ്പുകളും നടത്തുക.

6. കൃത്യമായി ഈ സംവിധാനങ്ങൾ install ചെയ്ത ബോട്ടുകൾക്ക് മാത്രം Licence നല്കുക. ഓരോ 6 മാസത്തിലും ഇതിന്റെ പുതുക്കൽ ഉറപ്പുവരുത്തുക.

7. കൂടുതൽ ആശയങ്ങൾ ഫലത്തിൽ വരുത്താൻ ദുരന്ത നിവാരണ വിദഗ്ധന്മാരുടെയും കാലാവസ്ഥാ പ്രവാചകരുടെയും മാധ്യമങ്ങളുടെയും പൊതുജനങ്ങളുടെയും ഒത്തു ചേർന്നുള്ള ചർച്ചകൾ നടത്തുക.

8 Geoinformatics മേഖലയിലെ ചുരുങ്ങിയ കാലത്തെ എന്റെ പരിചയത്തിൽ നിന്നും പറയട്ടേ disaster management മായി ബന്ധപ്പെട്ട് rescue, evacuation, preparedness, prevention, rehabilitation , recovery തുടങ്ങിയ വിവിധ തലങ്ങളിൽ Risk zone mapping t]mep-ff Geoinformatsesസങ്കേതങ്ങളെ നമ്മൾ കൂടുതൽ കാര്യക്ഷമമായി പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു.

ദുരന്ത ബാധിതർക്കൊപ്പം ചേർന്നു നില്ക്കാം. ഇനിയും ഒരു ദുരന്തം വരുന്നുവെങ്കിൽ നേരിടാൻ ഒരുക്കമുള്ളവരാകാം.



# വാർദ്ധക്ക്യകാല പരിപാലനയും നിയമപരിരക്ഷയും

ഡോ. തോമസ്കുട്ടി പനച്ചക്കൽ

ആധുനിക സമൂഹം നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയാണ് വൃദ്ധജനങ്ങളുടെ സംരക്ഷണവും പരിപാലനയും. കുടുംബങ്ങളുടെ മെച്ചപ്പെട്ട സാമ്പത്തികസ്ഥിതിയും വൈദ്യശാസ്ത്രരംഗത്ത്, പ്രത്യേകിച്ച് വൃദ്ധജനങ്ങളുടെ രോഗചികിൽസാരംഗത്ത്, ഉണ്ടായ പുരോഗതിയും മനുഷ്യരുടെ പ്രതിശീർഷ ആയുസ്സ് വർധിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഇന്ത്യയിലെ ശരാശരി പ്രതിശീർഷ ആയുസ്സ് 1947 ൽ 32 വർഷം ആയിരുന്നു; എന്നാൽ 2015 ൽ അത് 68.35 വർഷം ആയി ഉയർന്നു. പ്രതിശീർഷ ആയുസ്സിലെ വർദ്ധനവിന് അനുപാതികമായി ജനസംഖ്യയിലെ പ്രായഘടനയ്ക്കും വ്യത്യാസം ഉണ്ടായി. പ്രതിശീർഷ ആയുസ്സിലെ ഉയർച്ച വൃദ്ധജനങ്ങളുടെ എണ്ണം 1961 ൽ ജനസംഖ്യയുടെ 5.6 ശതമാനം ആയിരുന്നത് 2011 ൽ 8.6 ശതമാനം ആയി; 2025 ൽ ഇത് 11 ശതമാനത്തിനുമുകളിൽ ആകുമെന്ന് കണക്കാക്കുകയും ചെയ്യുന്നു. ഇക്കാരണങ്ങളാൽത്തന്നെ, വൃദ്ധജനങ്ങളുടെ സംരക്ഷണവും പരിപാലനയും ഭാവിയിൽ വളരെ ശ്രദ്ധയർഹിക്കുന്ന വിഷയമാണ്.

വൃദ്ധജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വിവിധതലങ്ങളിലാണ്. അവർ കുടുംബത്തില് അനുഭവിക്കുന്ന ഏകാന്തത, ഒറ്റപ്പെടൽ, സാമ്പത്തിക പരാധീനതകൾ ഇവയെല്ലാം പ്രശ്നത്തെ കൂടുതൽസങ്കീർണം ആക്കുന്നു. വൃദ്ധജനപരിപാലനത്തിൽ ഗ്രാമ-നഗര അന്തരം പ്രകടമാണ്. ഗ്രാമങ്ങളുടെ സാമൂഹികഘടനയും കാർഷികമേഖലയുടെ പ്രാമുഖ്യവും താരതമ്യേന മെച്ചപ്പെട്ട പരിചരണവും സംരക്ഷണവും വൃദ്ധജനങ്ങൾക്ക് ഉറപ്പാക്കുന്നുണ്ട്. എന്നാൽ നഗരത്തിന്റെ തിക്കും തിരക്കും നഗരവാസികളുടെ താൻപോരിമയും പലപ്പോഴും വൃദ്ധജനങ്ങളുടെ സ്വസ്ഥതയ്ക്കും സമാധാന ജീവിതത്തിനും വെല്ലുവിളി ഉയർത്തുന്നു.

വൃദ്ധജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെ നമുക്ക് അഞ്ചായി തരം തിരിക്കാം. അവ.

1. ശാരീരികം (Physiological)
2. മാനസികം (Psychological)
3. സാമൂഹികം (Social)
4. വൈകാരികം (Emotional)
5. സാമ്പത്തികം (Financial)

### ശാരീരിക പ്രശ്നങ്ങൾ

ഒരു വ്യക്തി വാർദ്ധക്ക്യത്തിലെത്തുന്നതോടെ ആ വ്യക്തിയുടെ ശാരീരികക്ഷമത ക്രമമായി കുറഞ്ഞു വരുന്നു; പ്രത്യേകിച്ച്, കാഴ്ചശക്തി, ശ്രവണശേഷി, കൈകാലുകളുടെ ചലനശേഷി തുടങ്ങിയവ. ഇവയ്ക്ക്, പാരമ്പര്യ ഘടകങ്ങൾ, ജീവിതചുറ്റുപാടുകൾ, ആഹാരക്രമം തുടങ്ങിയവയെ ആശ്രയിച്ച് ചില ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാമെങ്കിലും പൊതുവേ, വാർദ്ധക്യത്തിലെത്തുന്നവരൊക്കെ, ഈ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരാണ്. അപര്യാപ്തമായ ഭക്ഷണവും വിശ്രമരാഹിത്യവും ആരോഗ്യമുണ്ടായിരുന്ന കാലത്തു ചെയ്തുപോന്ന അമിതാധ്വാനവും വൃദ്ധജനങ്ങളുടെ ശരീരത്തിൽ തിരുത്തപ്പെടാനാവാത്ത ആഘാതം ഉണ്ടാക്കും. എല്ലുകൾക്കും പല്ലുകൾക്കും തേയ്മാനവും കേടുപാടുകളും സംഭവിക്കുക ഈ കാലഘട്ടത്തിൽ സാധാരണയാണ്. ജീവിത ശൈലീരോഗങ്ങളുടെ കടന്നാക്രമണമാണ് ഇക്കൂട്ടർ അനുഭവിക്കുന്ന വേറൊരു ദുരിതം. വർദ്ധിച്ചുവരുന്ന ആരോഗ്യ പരിരക്ഷാചെലവുകൾ ഇവരെ വിണ്ടും ദുരിതത്തിലാഴ്ത്തുന്നു.

### മാനസിക പ്രശ്നങ്ങൾ

മാനസികാവസ്ഥയിൽ കാതലായ മാറ്റങ്ങൾ സംഭവിക്കുന്ന കാലമാണ് വാർദ്ധക്യം. ഓർമക്കുറവും അതിൽ നിന്നും ഉളവാകുന്ന പിരിമുറുക്കവും സാധാരണമാകുന്നു. അധികാരസ്ഥാനങ്ങളിൽ നിന്ന് ഒഴിവാക്കപ്പെടുന്നതും അഭിപ്രായങ്ങൾക്ക് അർഹമായ അംഗീകാരം ലഭിക്കാതെപോകുന്നതും തീരുമാനങ്ങൾ എടുക്കുന്നതിൽ, പ്രത്യേകിച്ച് കുടുംബത്തിലെ കാര്യങ്ങളിൽ പങ്കില്ലാതെ വരുന്നതും താൻ അവഗണിക്കപ്പെടുകയും ചെയുകയാണെന്ന ചിന്ത അവരിൽ ശക്തിപ്പെടുത്തുന്നു. മരണം മൂലം ജീവിതപങ്കാളി വേർപെട്ട് ഏകസ്ഥരായി കഴിയുന്നവർക്ക് ഈ അവസ്ഥ കൂടുതൽ മാനസിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കാനും ഇടയുണ്ട്.

### സാമൂഹികപ്രശ്നങ്ങൾ

വൃദ്ധജനങ്ങൾ സമൂഹത്തിന്റെ ഭാഗം എന്ന സാമൂഹിക കാഴ്ചപ്പാടിനുപകരം ഒഴിവാക്കപ്പെടേണ്ടവരാണെന്നുള്ള ഒരു ധാരണ ഇന്ന് സാമാന്യമായി കാണുന്നുണ്ട്. ഈ സാമൂഹികമായ ഒറ്റപ്പെടൽ വൃദ്ധജനങ്ങൾ നേരിടുന്ന ഒരു പ്രതിസന്ധിയാണ്. സമപ്രായക്കാരായ ബന്ധുകളുടെയും സുഹൃത്തുക്കളുടെയും മരണം ഈ ഒറ്റപ്പെടൽ വർധിപ്പിക്കുന്നു. ശാരീരിക പരിമിതികൾ ആഘോഷ ഇടങ്ങളിൽ എത്തിചേരുന്നതിനും അവയിൽ സജീവമായി പങ്കെടുക്കുന്നത്തിനും പരിമിതികൾ ഉണ്ടാക്കുന്നു. പരിമിതമായ സ്ഥാനങ്ങളിലേക്ക് ഒതുക്കപ്പെടുന്നു എന്ന ചിന്തയും അവർക്ക് ആഘോഷങ്ങളിൽ പങ്കെടുക്കുന്നതിനു വിമുഖത ഉണ്ടാക്കുന്നുണ്ട്. കൂടുതൽ പ്രായം ചെല്ലുമ്പോൾ സ്വന്തം പേരുപോലും നഷ്ടമാകുന്ന അവസ്ഥ ഉണ്ടാകുന്നു. സാധാരണയായി, അവർ അപ്പൂപ്പൻ, അമ്മൂമ്മ, അങ്കിൾ, ആന്റി, അമ്മാമ്മ തുടങ്ങിയ സർവ്വനാമങ്ങളിലേക്ക് മാറ്റപ്പെടുന്നു.

### വൈകാരിക പ്രശ്നങ്ങൾ

ശരീരിക മാനസിക കഴിവുകളുടെ ക്ഷയം വ്യക്തിയെ കൂടുതൽ പരാശ്രയത്തിലേക്ക് നയിക്കുന്നു. ഇത് ഒരു പരിതി വരെ അവരുടെ ആത്മവിശ്വാസം കുറയ്ക്കുന്നു. തലമുറകളുടെ അന്തരം (Generationgap) വൃദ്ധജനങ്ങളെ തീരുമാനങ്ങൾ എടുപ്പിക്കുന്നതിൽ നിന്നും യുവജനങ്ങളെ പിന്തിരിപ്പിക്കുന്നു. ഇത്തരം സമീപനങ്ങൾ തങ്ങളുടെ നിലയിലും വിലയിലുമുള്ള ഇടിവായി അവർ കരുതുകയും അത് അവരുടെ അത്മവിശ്വാസത്തെ വീണ്ടും കുറയുവാൻ ഇടയാക്കുകയും ചെയ്യുന്നു. ഇവയൊക്കെയും വൃദ്ധജനങ്ങളെ വൈകാരികമായി തളർത്തുന്ന കാരണങ്ങളാണ്.

### സാമ്പത്തിക പ്രശ്നങ്ങൾ

വൃദ്ധജനങ്ങളെ സംബന്ധിച്ചടത്തോളം സാമ്പത്തിക പ്രശ്നങ്ങൾ വളരെ ഗൗരവം ഉള്ളതാണ്. ഉദ്യോഗസ്ഥരായിരുന്നവർ ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിക്കുന്നതോടെ പ്രതിമാസവരുമാനത്തിൽ കുറവ് വരുന്നു. കുടുംബത്തിന്റെ മുഴുവൻ സാമ്പത്തിക സ്രോതസ്സായിരുന്ന വ്യക്തി ക്രമേണ സാമ്പത്തിക ആവശ്യങ്ങൾക്കായി മറ്റുള്ളവരെ ആശ്രയിക്കേണ്ടതായി വരുന്നു. തന്നെയുമല്ല, ആരോഗ്യപരിപാലനത്തിനും രോഗചികിത്സയക്കുമായി അവർക്ക് കൂടുതൽ പണം ആവശ്യമായി വരുമ്പോൾ വിഷയം കുടുതൽ ഗൗരവം ഉള്ളതാകുന്നു. വൃദ്ധഭവനങ്ങളിലും മറ്റു പരിപാലനകേന്ദ്രങ്ങളിലും എത്തിപ്പെടുന്നവരുടെസ്ഥിതി കുറച്ചുകൂടി പരിതാപകരമാണ്. വൃദ്ധജനങ്ങളെ പരിപാലിക്കുന്നതിനുള്ള സാമ്പത്തിക പരാധീനതയുടെ പേരിൽ അവരെ നടതള്ളുന്ന (Grand Dumping) പ്രവണത ഇന്നു സാധാരണയായിക്കൊണ്ടിരിക്കുന്നു.

### വൃദ്ധജനങ്ങൾക്കുള്ള നിയമപരിരക്ഷ

ഇന്ത്യൻ ഭരണഘടന 41-ാം വകുപ്പ് അനുസരിച്ച് ഒരു ഇന്ത്യൻ പൗരന് തൊഴിലില്ലായ്മ, വാർധക്യം, പരാധീനത തുടങ്ങിയ അവസ്ഥയിൽ പൊതു ഖജനാവിൽ

നിന്നും സഹായം നൽകണം എന്ന് ശുപാർശ ചെയ്യുന്നു. 'ഹിന്ദുദത്തെടുക്കൽ, പരിപാലന നിയമം 1956' (The Hindu Adoption and Maintenance Act 1956) ന്റെ 20 (3) പ്രകാരം ഒരാൾക്ക് പ്രായമായവരോ അവശരോ ആയ മാതാപിതാക്കളെയും അവിവാഹിതരായ സഹോദരിമാരെയും സംരക്ഷികുന്നതിനുള്ള ബാദ്ധ്യത ഉണ്ട്.

ക്രിമിനൽനടപടിക്രമ (Criminal Procedure Code) ത്തിന്റെ 125-ാം വകുപ്പ് അനുസരിച്ച് മാതാപിതാക്കൾക്ക് അവരുടെ മക്കളിൽ നിന്ന് സംരക്ഷണം (Maintenance) ലഭിക്കുന്നതിനുള്ള അവകാശം ഉണ്ട്. 2007 ൽ കേന്ദ്ര സർക്കാർ പാസാക്കി നടപ്പാക്കിയ The Maintanence and Welfare of Parents and Senior Citizens Act 2007 (മാതാപിതാക്കളുടെയും വൃദ്ധജനങ്ങളുടെയും പരിപാലന സംരക്ഷണനിയം - 2007) വൃദ്ധജന പരിപാലനരംഗത്തെ വളരെ ശ്രദ്ധേയമായതും സമഗ്രവുമായ ഒരു നിയമം ആണ്. ഇവിടെ മാതാപിതാക്കൾ എന്ന നിർവചനത്തിൽ, സ്വന്തം മാതാപിതാക്കൾ ദത്തെടുത്തവർ, രണ്ടാനമ്മ, രണ്ടാനഛൻ (Own parents, adoptive parents, step father or mother) എന്നിവരെ ഉൾപ്പെടുത്തിയിരിക്കുന്നു. വൃദ്ധജനത്തിന്റെ നിർവചനത്തിൽ, ഇന്ത്യൻ പൗരന്മാരായ 60 വയസ്സു അതിനു മുകളിലുമുള്ളവർ ഉൾപ്പെടുന്നു. ബന്ധു (relative) എന്നത് നിർവ്വചിച്ചിരിക്കുന്നത്, സന്തതികളില്ലാത്ത വൃദ്ധജനത്തിന്റെ സ്വത്തുക്കളിൽ പിന്തുടർച്ചാവകാശമുള്ളവരെന്നാണ്. സംരക്ഷണം (maintenance) എന്ന വാക്കിലൂടെ നിയമം വിവക്ഷിക്കുന്നത് അവർക്ക് ആവശ്യമായ ആഹാരം, പാർപ്പിടം വസ്ത്രം, വൈദ്യപരിരക്ഷ ചികിത്സ എന്നിവയാണ്.

ഒരു സാധാരണ ജീവിതം നയിക്കുന്നതിന് ആവശ്യമായവ സ്വന്തം വരുമാനത്തിൽ നിന്നോ വസ്തുവകകളിൽ നിന്നോ ലഭിക്കാത്ത മുതിർന്ന പൗരൻ, ബന്ധപ്പെട്ടവരിൽ നിന്ന്, അതായത്, മക്കൾ അഥവാ, ചെറുമക്കൾ, അഥവാ ബന്ധുക്കളിൽ നിന്ന് അവ ലഭ്യമാകുവാനുള്ള അവകാശം ഈ നിയമം ഉറപ്പുവരുത്തുന്നു. ഇത്തരത്തിൽ അവകാശമുള്ളവർക്ക് പരിപാലന ലഭിയ്ക്കുന്നില്ലെങ്കിൽ അവർക്കു നേരിട്ടോ, അവർക്ക് അതിനു കഴിവില്ലെങ്കിൽ മറ്റു വ്യക്തികൾക്കോ സംഘടനകൾക്കോ, അതിനായി രുപീകരിച്ചിട്ടുള്ള ട്രൈബ്യൂണലിനെ സമീപിയ്ക്കാം. പ്രസ്തുത ട്രൈബ്യൂണലിന് സ്വയം കേസെടുക്കുവാനും അധികാരം ഉണ്ട്. ഒരു സിവിൽ കോടതിയിലെ ഒന്നാം ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ അധികാരം ട്രൈബ്യൂണലിന് ഉണ്ട്. മുതിർന്ന പൗരന് പരിപാലനയ്ക്ക് ആവശ്യമായ തുക, ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കി നൽകുന്നതിന് ട്രൈബ്യൂണലിന് അധികാരം ഉണ്ട്.

മാതാപിതാക്കളുടെയും വൃദ്ധജനങ്ങളുടെയും പരിപാലന സംരക്ഷണനിയമം- 2007 ന്റെ സുപ്രധാനമായ ഒരു വകുപ്പാണ്, വസ്തുവിന്റെ കൈമാറ്റം സംബന്ധിച്ചുള്ളത്. കൈമാറ്റം വഴി വസ്തു ലഭിച്ച ആളിൽ നിന്ന് കൈമാറ്റം നടത്തിയ മുതിർന്ന പൗരൻ തനിക്ക് ആവശ്യമായ പരിരക്ഷ ലഭിക്കുന്നില്ലെങ്കിൽ പ്രസ്തുതവസ്തുകൈമാറ്റം അസാധുവായി തീരും.

വൃദ്ധജനങ്ങളെ ഉപേക്ഷിക്കുന്നവർക്കുള്ള ശിക്ഷ ഈ നിയമത്തിന്റെ മറ്റൊരു പ്രധാന വകുപ്പാണ്. വൃദ്ധജനങ്ങളെ പരിരക്ഷിക്കാതെ ഉപേക്ഷിക്കുന്ന ബന്ധപ്പെട്ട ആളിന് മൂന്നുവർഷം വരെ തടവോ അയ്യായിരം രൂപ പിഴയോ രണ്ടുംകൂടിയോ ശിക്ഷ ലഭിയ്ക്കുവാൻ നിയമത്തിൽ വ്യവസ്ഥ ഉണ്ട്.

റിവേർസ് മോർട്ട്ഗേജ് (Reverse Mortgage) വൃദ്ധജനങ്ങൾക്ക് സ്വന്തം സമ്പാദ്യത്തിലൂടെ ആർജ്ജിച്ച ഭവനം പണയപ്പെടുത്തുന്നതിനും പണയത്തുക അവരിൽ നിന്ന് ഈടാക്കാത്തതുമായ സമ്പ്രദായം ആണിത്. ഒരു മുതിർന്ന പൗരൻ ഇത്തരത്തിൽ ഒരു ഭവനം പണയപ്പെടുത്തുമ്പോൾ ആ ആളിന്റെ അവകാശിയ്ക്കാണ് തിരിച്ചടവിനുള്ള ബാധ്യത. അവകാശി തിരിച്ചടവുനടത്തുന്നില്ലെങ്കിൽ പണയം വച്ച ആളിന്റെ മരണശേഷം പ്രസ്തുത ഭവനം പണയം നൽകിയ ബാങ്കിന്റെ സ്വന്തമായി തീരുന്ന സമ്പ്രദായം ആണിത്.

**ഉപസംഹാരം**

വൃദ്ധജനപരിപാലനയ്ക്ക് ഇന്ന് സജീവമായ ശ്രദ്ധ ലഭിയ്ക്കുന്നു എന്നതു തന്നെ വളരെ ആശാവഹമാണ്. മാതാപിതാക്കളുടെയും വൃദ്ധജനങ്ങളുടെയും പരിപാലനയ്ക്കായ് ഇന്ത്യ 2007 ൽ നടത്തിയ നിയമനിർമ്മാണം അങ്ങേയറ്റം പ്രശംസനീയവും മാതൃകാപരവുമാണ് എന്നതിന് സംശയം ഇല്ല. എന്നാൽ കേവലം നിയമനിർമ്മാണം എന്നതിനപ്പുറം, സാമൂഹികമായ അവബോധവും ധാർമ്മികമായ മുന്നേറ്റവും രൂപീകരിയ്ക്കുകയാണ് ആവശ്യം. വൃദ്ധരായ മാതാപിതാക്കളും മറ്റു വൃദ്ധജനങ്ങളും സമുഹത്തിന്റെ അവിഭാജ്യഘടകമാണെന്നും നാം കൈവശപ്പെടുത്തി അനുഭവിക്കുന്ന എല്ലാ സൗഭാഗ്യങ്ങളും അവരുടെ വിയർപ്പിന്റെ വിലയാണെന്നും അവരുടെ സംരക്ഷണം നമ്മുടെ ഔദാര്യമല്ല, മറിച്ച്, അവരുടെ അവകാശമാണെന്നുള്ള അവബോധം എല്ലാവരിലും ഉണ്ടാകേണ്ടതാണ്.

# പ്രമേഹം, അറിയേണ്ടതെല്ലാം.



**Dr. Sabeer A Rasheed**
**Trivandrum, Mob.: 09249998025**

ഒരു കാലത്ത് സമ്പന്നരുടെ ഇടയിൽ കുടുതലായി കണ്ടുവന്നിരുന്ന ജീവിത ശൈലി രോഗങ്ങളായ പ്രമേഹം, അമിത രക്തസമ്മർദ്ദം, അമിതവണ്ണം, ദുർമേദസ്സ് എന്നിവ ഇന്ന് സമ്പന്നനോ, ദരിദ്രൻ എന്നോ, നഗരവാസിയെന്നോ, ഗ്രാമവാസിയെന്നോ വ്യത്യാസമില്ലാതെ പ്രായഭേദമില്ലാതെ പടർന്നു പിടിയ്ക്കുകയാണ്. ലോക രാഷ്ട്രങ്ങളിൽ ചൈന കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പ്രമേഹ രോഗികൾ ഉള്ളത് നമ്മുടെ ഇന്ത്യയിലാണ്. ഇന്റർനാഷണൽ ഡയബറ്റിസ് ഫെഡറേഷൻ (**IDF**) ഏറ്റവും പുതിയ കണക്കുപ്രകാരം ലോകത്ത് 415 മില്ല്യൻ ജനങ്ങൾ പ്രമേഹബാധിതരാണ്. 2040 ആകുമ്പോഴേക്കും 642 മില്ല്യൻ ആകും എന്നാണ് കണക്കുകൾ തെളിയിക്കുന്നത്.

ഇന്ത്യയിൽ പ്രത്യേകിച്ച് കേരളത്തിൽ ഏകദേശം 50 ശതമാനം മരണങ്ങൾക്കും കാരണം ജീവിതശൈലി രോഗങ്ങളാണ്. പുതു തലമുറയിലെ യുവതി യുവാക്കളുടെ ജീവിതശൈലിയിൽ വന്ന പ്രകടമായ മാറ്റമാണ് ഇതിന് പ്രധാന കാരണം, മദ്യപാനം പുകവലി, വ്യായാമക്കുറവ്, അനാരോഗ്യകരമായ ആഹാരരീതി, അലസത എന്നിവയാണ് മുൻപന്തിയിൽ നിൽക്കുന്ന കാരണങ്ങൾ. ജീവിതശൈലി രോഗങ്ങളുടെ സങ്കീർണതകൾ വർഷങ്ങൾ കഴിയുംതോറും വർദ്ധിച്ചു വരുന്നു.

മാറുന്ന ലോകവും, ജീവിത രീതികളും, മനുഷ്യ ജീവിതത്തെ വളരെയധികം സ്വാധീനിക്കുകയും, വിശ്രമമില്ലാത്ത ഒരവസ്ഥയിലേക്ക് കൊണ്ട് എത്തിക്കുകയും ചെയ്യുന്നു. ജനങ്ങൾ ഇന്ന് പേടിയോടെ നോക്കി കാണുന്നത് മാരകങ്ങളായ ക്ഷയം, മലേറിയ, എയ്ഡ്സ് എന്നിവയെക്കാൾ ജീവിതശൈലി രോഗങ്ങളായ പ്രമേഹം, അമിതവണ്ണം, അമിത രക്തസമ്മർദ്ദം ദുർമേദസ്സ്, ഹൃദയാഘാദം, പക്ഷാഘാതം എന്നിവയെയാണ്. ലോക ജനസംഖ്യ കുടുന്നതിനനുസരിച്ച് ജീവിതശൈലി രോഗങ്ങൾ ബാധിക്കുന്നവരുടെ എണ്ണം കുടുന്നു.

നമ്മുടെ പരിസ്ഥിതിയിലും, ജീവിത സാഹചര്യത്തിലും പൊതുവെ ഉണ്ടായ മാറ്റം നമ്മുടെ ജീവിതത്തിലും കടന്നു കയറിയതാണ് ജീവിതശൈലി രോഗങ്ങൾ ഇത്രയധികം വ്യാപിക്കാൻ കാരണമായത്. കൊഴുപ്പേറിയതും വറുത്തു പൊരിച്ചതുമായ മാംസാഹാരങ്ങളുടെ കുടുതൽ ഉപയോഗം വ്യായാമകുറവ്, പുകവലി, മദ്യപാനം എന്നിവ എടുത്തു പറയേണ്ട ചില മാറ്റങ്ങൾ ആണ്.

ജീവിതശൈലിരോഗങ്ങൾ മറ്റ് രോഗങ്ങളിൽ നിന്ന് വളരെയധികം വ്യത്യാസപ്പെട്ടിരിക്കുന്നു. നമ്മുടെ ജീവിതരീതി, ജീവിത സാഹചര്യങ്ങൾ, ഭക്ഷണക്രമം, ഉറക്കക്കുറവ്, മാനസിക പിരിമുറുക്കം എന്നിവ ചിട്ടയായി ക്രമീകരിക്കുകയാണെങ്കിൽ ജീവിതശൈലി രോഗങ്ങളുടെ വ്യാപനം ഫലപ്രദമായി തടയാവുന്നതാണ്. വളരെ കാലത്തെ അനാരോഗ്യകരമായ ജീവിത രീതികളാണ് ജീവിതശൈലി രോഗങ്ങളുടെ ഉത്ഭവത്തിന് കാരണം. ഒരിക്കൽ വന്നു കഴിഞ്ഞാൽ പൂർണ്ണമായും ചികിത്സിച്ചു ഭേദമാക്കാൻ കഴിയാത്ത രോഗങ്ങളാണിവ.

**ജീവിതശൈലി രോഗങ്ങൾ**

**1. അമിതവണ്ണം**

നമ്മുടെ ജീവിതശൈലിയിൽ വന്ന മാറ്റത്തിന്റെ ഭാഗമാണ് അമിതവണ്ണം. അമിതവണ്ണത്തിന്റെ പ്രധാന കാരണങ്ങളിൽ പാരമ്പര്യം മാത്രമല്ല, അലക്ഷ്യമായ ജീവിതരീതിയും, അനാരോഗ്യകരമായ ഭക്ഷണക്രമവും കുടി പങ്കുവഹിക്കുന്നുണ്ട്.

ഒരു വ്യക്തിയുടെ പൊണ്ണത്തടി നിർണ്ണയിക്കുന്ന ഘടകങ്ങളാണ് BMI (Body Mass Index) യും ഇടുപ്പ് വണ്ണം (Waist circumference)

| BMI (kg/m2 ) | |
|---|---|
| 18.5 - 22.9 | Normal |
| 23 - 24.9 | Overweight |
| 25 - 29.9 | Obesity grade I |
| 30 - 34.9 | Obesity grade II |
| >35 | Obesity grade III |

**2. അമിത രക്തസമ്മർദ്ദം**

ജോലി ഭാരം, മാനസിക പിരിമുറുക്കം, പുകവലി, വ്യായാമമില്ലായ്മ എന്നിവ അമിത രക്തസമ്മർദ്ദത്തിന് കാരണമാകുന്നു. Bp:-120/80 mmhg ൽ താഴെ ആണെങ്കിൽ സാധാരണ നിലയിൽ ആണെന്നു പറയാം.

**3. ദുർമേദസ്സ്**

വ്യായാമക്കുറവ്, അനാരോഗ്യകരമായ ആഹാരരീതി, എന്നിവ കാരണം രക്തത്തിലെ കൊഴുപ്പ് അമിതമായി വർധിക്കുന്നു ഇതിൽ പ്രധാനമായും ചീത്ത കൊളസ്ട്രോൾ (LDL)അളവ് മുന്നിട്ട് നിൽക്കുന്നു എന്നതാണ്. ഇത് ഹൃദയധമനികളിൽ അടിഞ്ഞുക്കൂടുകയും ഹൃദയ രോഗങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു.




**4. പ്രമേഹം**

രക്തത്തിലെ പഞ്ചസാരയുടെ അളവ് ക്രമാതീതമായി വർദ്ധിക്കുന്ന അവസ്ഥയാണ് പ്രമേഹം.

പ്രമേഹം പ്രധാനമായും നാല് തരത്തിലാണുള്ളത്

1. ടൈപ്പ് 1
2. ടൈപ്പ് 2
3. ഗർഭകാല പ്രമേഹം
4. മറ്റ് വിഭാഗങ്ങൾ

ജീവിതശൈലിരോഗങ്ങൾ നിയന്ത്രിച്ചു നിർത്തുവാൻ സഹായിക്കുന്ന കാര്യങ്ങൾ

പ്രമേഹം, അമിതവണ്ണം, ദുർമേദസ്സ്, അമിത രക്തസമ്മർദ്ദം എന്നീ ജീവിതശൈലി രോഗങ്ങളെക്കുറിച്ച് അഗാധജ്ഞാനം ഉണ്ടാകുക എന്നതാണ്. എന്താണ് ജീവിതശൈലി രോഗങ്ങൾ, രോഗം വന്ന വഴി, എങ്ങനെ അത് നിയന്ത്രിക്കാം, എന്തെക്കെയാണ് അതിന്റെ സങ്കീർണതകൾ, എന്നിവയെക്കുറിച്ച് നമുക്കോരോരുത്തർക്കും പൂർണമായ ബോധ്യം ഉണ്ടായിരിക്കണം.

ജീവിതശൈലി രോഗങ്ങളെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ മാറ്റി ശരിയായ ബോധവത്കരണം സമൂഹത്തിന് കൊടുക്കേണ്ടത് അത്യാവശ്യമാണ്. ഈ രോഗങ്ങൾ ദീർഘകാലരോഗങ്ങൾ ആണെന്നും, നിരന്തരമായ ശ്രദ്ധയും കരുതലും രോഗം നിയന്ത്രണവിധേയമാക്കാൻ ആവശ്യമാണെന്നും നാം അറിയണം.

ജീവിതശൈലി രോഗങ്ങളുടെ ആവിർഭാവത്തിന്റെ ഒരു സുപ്രധാനഘടകം എന്നത് അനാരോഗ്യകരമായ ഭക്ഷണരീതിയാണ്. ചിട്ടയായ ഭക്ഷണക്രമീകരണത്തിലൂടെ നമുക്ക് ജീവിതശൈലി രോഗങ്ങളെ ഒരു പരിധിവരെ അകറ്റി നിർത്താം മൈദ, റവ, പൂരിതകൊഴുപ്പുകൾ, ട്രാസ്ഫാറ്റുകൾ, പേസ്ട്രി ബർഗ്ഗർ, പിസ, പൊറോട്ട, പഫ്സ് ഫാസ്റ്റ് ഫുഡ് എന്നിവയുടെ ഉപയോഗം പരമാവധിക്കുറച്ച് ഭക്ഷ്യനാരുകൾ കുടുതൽ അടങ്ങിയ മുഴുധാന്യങ്ങൾ പച്ചക്കറികൾ എന്നിവ പരമ്പരാഗത രീതിയിൽ പാചകം ചെയ്ത് കഴിയ്ക്കുന്നത് ജീവിതശൈലി രോഗങ്ങൾ വരാതെ ഒരു പരിധിവരെ തടയും

വ്യായായമക്കുറവ് ജീവിതശൈലി രോഗങ്ങളിലേക്ക് നയിക്കുന്ന പ്രധാന കണ്ണിയാണെന്ന് നേരത്തെ പറഞ്ഞതാണ്. ചിട്ടയായ വ്യയാമം, മരുന്നിന്റെ ഫലം ചെയ്യും. വ്യായാമം ഇല്ലാതെ ജീവിതശൈലി രോഗങ്ങൾക്ക് നിയന്ത്രണമില്ല. ശരീരത്തിൽ നിയന്ത്രണമില്ല. ശരീരത്തിൽ അമിതമായി അടിഞ്ഞു കുടിയ കൊഴുപ്പ് എരിച്ച് കളയാനും, അമിതഭാരവും, അമിത വണ്ണവും കുറയ്ക്കുവാനും വ്യായാമത്തിലൂടെ സാധിക്കുന്നു. ഠ2 പ്രമേഹരോഗികളിൽ വ്യായാമം ചെയ്യുന്നതുവഴി ഇൻസുലിന്റെ ഉത്പാദനം കൂടുവാൻ സഹായിക്കുന്നു. പതിവായി വ്യായാമം ചെയ്യുന്നുള്ള വഴി ബി.പി, കൊളസ്ട്രോൾ എന്നിവ കുറയ്ക്കുന്നത് വഴിയായി ശരീരത്തിനെ ഉന്മേഷം ഉള്ളതാക്കുവാൻ സഹായിക്കുന്നു.

ജീവിത ശൈലി രോഗങ്ങൾ ദീർഘകാലരോഗങ്ങൾ ആയതിനാലും സങ്കീർണ്ണതകൾ വലുതായതിനാലും ജീവിതശൈലിയിൽ മാറ്റം വരുത്തുന്നതിനോടൊപ്പം ഔഷധങ്ങളും ചികിത്സയും അത്യാവശ്യമാണ്. ഡോക്ടറിന്റെ നിർദ്ദേശാനുസരണമായിരിക്കണം ചികിത്സ നടത്തേണ്ടത്. പ്രമേഹം പോലെയുള്ള ജീവിതശൈലി രോഗങ്ങളിൽ വ്യായാമത്തോടൊപ്പം നിർദ്ദേശിച്ചിട്ടുള്ള ഔഷധങ്ങളും കൃത്യമായി കഴിക്കേണ്ടതാണ്.

ഇന്ന് എല്ലാ തൊഴിൽ മേഖലകളിലും പഠന മേഖലകളിലും മത്സരങ്ങളാണ്. ഇത് പുതുതലമുറയ്ക്ക് മാനസിക പിരിമുറുക്കം കുട്ടുന്നു. അതിനാൽ മത്സരബുദ്ധി കുറച്ച് മറ്റുള്ളവരോടൊത്ത് സന്തോഷകരമായി ഇരിക്കുവാൻ സമയം കണ്ടെത്തുക.

ജീവിതശൈലി രോഗങ്ങൾ സമൂഹത്തെ നയിക്കുന്ന മറ്റൊരു ഘടകമാണ് ഉറക്കമില്ലായ്മ, തിരക്കേറിയ ജീവിതം, മാനസിക പിരിമുറുക്കം, സോഷ്യൽ മിഡിയകളുടെ കടന്നുകയറ്റം, പുകവലി, മദ്യപാനം എന്നീ ശീലങ്ങൾ ഉറക്കമില്ലായ്മയിലേക്ക് നയിക്കുന്നു. 7-8 മണിക്കുർവരെ ഉറങ്ങേണ്ടത് അത്യാവശ്യമാണ്. എന്നാൽ ഇന്നത്തെ യുവതലമുറയ്ക്ക് ഇത് പലപ്പോഴും സാധിക്കാതെ വരുകയും അവർ ജീവിതശൈലി രോഗങ്ങളിലേക്ക് എത്തിപ്പെടുകയും ചെയ്യുന്നു.

# ബോൺ നതാലേ



**മോൺ. മാത്യൂ മനക്കരക്കാവിൽ**
**വികാരി ജനറാൾ, മേജർഅതിഭദ്രാസനം,**
**തിരുവനന്തപുരം**

ക്രിസ്തുമസ് ദൈവസ്നേഹത്തിന്റെ ആചരണമാണ്. മനുഷ്യകുലത്തോട് ദൈവം കാട്ടിയ വലിയ സ്നേഹമാണ് കർത്താവായ യേശുക്രിസ്തു. കാലിത്തൊഴുത്ത് മുതൽ കാൽവരിവരെ പുത്രനായ ഈശോ കടന്ന് പോയതും പിതാവായ ദൈവത്തിന്റെ സ്നേഹം നിമിത്തമാണ്. തന്റെ ഏകജാതനെ നൽകുവാൻ തക്കവണ്ണം ദൈവം ഈ ലോകത്തെ അത്രമാത്രം സ്നേഹിച്ചു. നമ്മുടെ ക്രിസ്തുമസ് ആഘോഷങ്ങൾ സ്നേഹം പങ്കിടുന്ന അവസരങ്ങളായി മാറട്ടേ. ജാതിമത വർഗ്ഗ വ്യത്യാസമില്ലാതെ സർവ്വലോകത്തിനും വേണ്ടി ലഭിച്ച സന്തോഷത്തിന്റെ സദ്വാർത്ത സ്നേഹത്തോടെ പങ്കുവയ്ക്കുവാൻ നമുക്ക് സാധിക്കട്ടേ. ഏവർക്കും ക്രിസ്തുമസ് പുതുവത്സരാശംസകൾ.



**മോൺ. എസ്. വർഗ്ഗീസ്**
**വികാരി ജനറാൾ, മാർത്താണ്ഡം ഭദ്രാസനം**

അശാന്തിയുടേയും വേദനയുടേയും മദ്ധ്യേ പ്രത്യാശയുടെ ശാന്തിഗീതവുമായി ഉണ്ണിയിശോ നമ്മുടെ ഹൃദയങ്ങളിൽ ജനിക്കുമ്പോൾ ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം എന്ന ആദിമഗാനം സാർത്ഥകമാകും. സന്മനസ്സുകൾക്ക് കൊണ്ട് സമ്പന്നമായ സമൂഹം കെട്ടിപ്പടുക്കുവാൻ നമ്മുടെ ക്രിസ്തുമസ് ആഘോഷങ്ങൾ നമ്മെ സഹായിക്കട്ടേ....സന്മമനസ്സ്, ശാന്തി, സന്തോഷം, സമാധാനം എന്നിവയെല്ലാം ദൈവത്തിന്റെ വരദാനങ്ങളാണ്. ദൈവം കൂടെയുണ്ടെങ്കിൽ മാത്രമേ ഇവ അനുഭവിക്കാൻ നമുക്ക് കഴിയുകളള്ളൂ. നമ്മെ സ്വന്തമാക്കുവാനായി വന്ന ദൈവത്തെ നമുക്കും സ്വന്തമാക്കാം. ദൈവാനുഗ്രഹം ഏവർക്കും നേരുന്നു.



**മോൺ. ജോസ് വെൺമാലോട്ട്**
**വികാരി ജനറാൾ, മാവേലിക്കര ഭദ്രാസനം.**

സ്നേഹം മണ്ണിൽ മനുഷ്യനായി പിറന്നതിന്റെ പുണ്യവും പേറി മറ്റൊരു പുതുവർഷം കുടി ആഗതമായിരിക്കുന്നു. മനുഷ്യകുലത്തിന്റെ രക്ഷയ്ക്ക് വേണ്ടി കുരിശിൽ യാഗമായ ദൈവപുത്രൻ നമ്മുടെ ജീവിതങ്ങളിൽ നന്മയുടേയും സംപ്രീതിയുടേയും പുത്തൻ പുലരികൾ സമ്മാനിക്കട്ടേ എന്ന് പ്രാർത്ഥിച്ച് കൊണ്ട് ഏവർക്കും ക്രിസ്തുമസ് പുതുവത്സരാശംസകൾ നേരുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടേ.



**മോൺ. ജോൺ തുണ്ടിയത്ത്**

**മുഖ്യവികാരി ജനറാൾ, പത്തനംതിട്ട ഭദ്രാസനം**

ലോകത്തിന്റെ പാപങ്ങൾ മോചിക്കുവാനായി ദൈവം മനുഷ്യനായ ദിനത്തിന്റെ അനുസ്മരണയാണ് ക്രിസ്തുമസ്. പിറക്കാൻ ഇടംതേടിയ ഒരു ദൈവപുത്രന്റെ ചരിത്രമാണ് ക്രിസ്തുമസ്. മനുഷ്യനെതേടി സ്വർഗ്ഗം വിട്ടിറങ്ങി ദൈവപുത്രൻ വരുമ്പോൾ, ആ ദൈവത്തിന് പിറക്കാൻ പോലും ഇടം കിട്ടുന്നില്ലായെന്നത് വേദനാജനകമാണ്. രണ്ടായിരം വർഷങ്ങൾ പിന്നിട്ടപ്പോഴും ഈ ദൈവപുത്രൻ ജനിക്കാനായി ഇടംതേടുന്നു. ഇന്നത്തെ നമ്മുടെ ക്രിസ്തുമസ് ആഘോഷങ്ങളിൽ Card, Carol, Cake, Crib, Christmas Service എന്നിവയൊക്കെ കൊണ്ട് സമ്പന്നമാണ്. എന്നാൽ മിക്കപ്പോഴും മറ്റൊരു ''C'' നാം മറന്ന് പോകാറുണ്ട് ''Christ.'' ജനിക്കാൻ ഇടം തേടുന്നവനെ സ്വന്തമാക്കി നമ്മുടെ ക്രിസ്തുമസ് ആഘോഷങ്ങൾ ക്രിസ്തുവുള്ള ആഘോഷങ്ങളാക്കി മാറ്റാം. ഏവർക്കും ക്രിസ്തുമസ് പുതുവത്സരാശംസകൾ.

---



**മോൺ. ജോസഫ് കുരുമ്പിലേത്ത്**

**വികാരി ജനറാൾ, പത്തനംതിട്ട ഭദ്രാസനം**

ഈജിപ്തിലെ അടിമത്വത്തിൽ നിസ്സഹായരായി കണ്ണീരൊഴുക്കിയ ഇസ്രായേൽ ജനത്തിന്റെ വിടുതലിനായി ദൈവം മോശയെ അയച്ചു. കാലാകാലങ്ങളിൽ ദൈവം പ്രവാചകൻമാരേയും അയച്ച് തന്റെ ജനത്തിന്റെ കണ്ണീരൊപ്പി. കാലത്തിന്റെ പൂർണ്ണതയിൽ തന്റെ ഏകജാതനായ യേശുക്രിസ്തുവിലൂടെ ദൈവം ലോകത്തെ രക്ഷിച്ചു. കർത്താവിന്റെ ജനനമറിയിച്ച് മാലാഖ പറഞ്ഞു; ''ഇതാ സകലജനത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്ത നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ ജനിച്ചിരിക്കുന്നു. അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ ദൈവകൃപ നിറഞ്ഞവർക്ക് സമാധാനം. ദൈവത്തിൽ ശരണം ഗമിക്കുന്നവർക്ക് ദൈവം നൽകുന്ന ദാനങ്ങളാണ് സന്തോഷം, സമാധാനം, സ്നേഹം. ഈ ദൈവീകദാനങ്ങളാൽ ലോകത്തെ പ്രകാശിപ്പിക്കുവാൻ ക്രിസ്തുമസ് നമ്മെ സഹായിക്കട്ടേ.

---



**മോൺ. ചെറിയാൻ താഴമൺ**

**വികാരി ജനറാൾ, തിരുവല്ല ഭദ്രാസനം**

ക്രിസ്തുമസ്സ് എന്ന ആചരണത്തെ ഇന്ന് കച്ചവടക്കാർ അപഹരിച്ച് ആഘോഷമാക്കി മാറ്റിയിരിക്കുന്നു. ക്രിസ്തുമസ്സ് നക്ഷത്രങ്ങളുടെ വലിപ്പം, ദീപങ്ങളുടെ എണ്ണം, ക്രിസ്മസ്സ്ട്രീയുടെ ഉയരം, അലങ്കാരങ്ങളുടെ കമനീയത, പുൽക്കൂടിന്റെ പുറംമോടി, ഗായകസംഘത്തിന്റെ പ്രകടനം എല്ലാം മത്സരഇനങ്ങളായിരിക്കുന്നു. പട്ടണങ്ങളും, പാതയോരങ്ങളും, ആഘോഷങ്ങളും ആരവങ്ങളും കൊണ്ട് ഉണ്ണി കരയുന്നത്പോലും കേൾക്കാൻ സാധിക്കാതെയായിരിക്കുന്നു ഈ സാഹചര്യത്തിൽ ആഘോഷങ്ങളോട് അകലം പാലിക്കുക, ആരവങ്ങളോട് വിടപറയുക. കാരണം, ക്രിസ്തുമസ്സിൽ ക്രിസ്തുവിനെ നമുക്ക് ''മിസ്സ്'' ആകുവാൻ പാടില്ല. ഏവർക്കും ക്രിസ്തുമസ് പുതുവത്സരാശംസകൾ.

---



**മോൺ. മാത്യൂ അറമ്പൻകുടി**

**മുഖ്യവികാരി ജനറാൾ, ബത്തേരി ഭദ്രാസനം**

ദൈവം മനുഷ്യനാകുവാൻ മനസ്സായതിന്റെ ഓർമ്മയായ ക്രിസ്തുമസ് എളിമയുടെ ആഘോഷമാണ്. അനുദിന ജീവിതത്തിൽ ചെറുതാകലിന്റെ അനുഭവങ്ങളിലൂടെ നടന്ന് നീങ്ങുമ്പോൾ, നമ്മുടെ യാത്രയ്ക്ക് കരുത്ത് പകരുന്ന തിരുന്നാളാണ് ക്രിസ്തുമസ്. ഈ തിരുന്നാൾ നമുക്ക് നൽകുന്ന സമ്മാനം ക്രിസ്തുവിനെ തന്നെയാണ്. ക്രിസ്തുവിനെ ഹൃദയത്തിൽ ജനിപ്പിച്ച് അനേകരുമായി പങ്കുവയ്ക്കുവാൻ നല്ലവനായ ദൈവം നമ്മെ സഹായിക്കട്ടേ......


---



**മോൺ. തോമസ് കാഞ്ഞിരമുകളിൽ**

**വികാരി ജനറാൾ, ബത്തേരി ഭദ്രാസനം**

അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി. ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സാമാധാനം. ആദ്യത്തെ കാരൾ ഗീതമായി മാലാഖമാരുടെ ഈ സ്തുതിപ്പിനെ നമുക്ക് നോക്കിക്കാണാം. ഈ പുണ്യതിരുന്നാൾ ആചരിക്കുമ്പോൾ ഹൃദയത്തിൽ സന്മനസ്സുള്ളവരായി നമുക്ക് വർത്തിക്കാം. ക്രിസ്തുമസിന്റെ സന്ദേശം ദൈവം നമ്മെ സ്നേഹിക്കുന്നു എന്നതാണ്. പരസ്പരം സ്നേഹിച്ച് കൊണ്ട്, ദൈവസ്നേഹം പങ്കിടുന്ന അവസരങ്ങളായി നമ്മുടെ ക്രിസ്തുമസ് ആചരണങ്ങൾ മാറട്ടേ. സമാധാനത്തിന്റേയും സന്തോഷത്തിന്റേയും കരുണയുടേതുമായിട്ടുള്ള നല്ല ക്രിസ്തുമസ് ഏവർക്കും നേരുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടേ.



### മോൺ. വർഗ്ഗീസ് കുന്നുംപുറത്ത്

**വികാരി ജനറാൾ, മൂവാറ്റുപുഴ ഭദ്രാസനം**

ഓരോ തിരുപ്പിറവിയും ലോകരക്ഷകന്റെ ഇഹലോക ജീവത്യാഗത്തിന്റെ ഓർമ്മപ്പെടുത്തലാണ്. ആ പുണ്യസ്മരണയുടെ സ്നേഹഗീതികൾ നനവാർന്ന ഓർമ്മകൾക്ക് സാന്ത്വനവും, വരുവാനുള്ള നാളുകൾക്ക് പ്രത്യാശയുമായി ഭവിക്കട്ടേ. ബേത്‌ലേഹേമിൽ രണ്ടായിരം വർഷങ്ങക്ക് മുൻപ് തെളിഞ്ഞ നക്ഷത്രം നിങ്ങളുടെ ജീവിതങ്ങൾക്കും വഴികാട്ടിയാവട്ടേ. ഏവർക്കും ക്രിസ്തുമസ് പുതുവത്സരാശംസകൾ.



### മോൺ. എൽദോ പുത്തൻകണ്ടത്തിൽ

**വികാരി ജനറാൾ, പുത്തൂർ ഭദ്രാസനം**

ചരിത്രസംഭവമായ യേശുവിന്റെ ജനനത്തിരുന്നാൾ ഒരിക്കൽ കൂടി നാം ആഘോഷിക്കുമ്പോൾ നമ്മുടെ ക്രിസ്തുമസ് ആചരണം വഴിയായി ആത്മീയ ചിന്തകൾ നമ്മിൽ നിറയട്ടേ. ഏത് ജീവിതാവസ്ഥയിൽ കഴിയുന്ന വരായാലും നല്ല മനസ്സിനുടമകളായി, ദൈവകൃപ ലഭിച്ചവരായി, ക്രിസ്തുവിന്റെ സമാധാനം അനുഭവിക്കുന്നതിനും, സന്തോഷമായി ജീവിക്കുന്നതിനും അത് മറ്റുള്ളവർക്ക് കൈമാറുന്നതിനും ഉണ്ണിയേശു ഏവരേയും അനുഗ്രഹിക്കട്ടേയെന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു.



### മോൺ. ഡാനിയേൽ കുഴിത്തടത്തിൽ

**മുഖ്യവികാരി ജനറാൾ, ഗുഡ്ഗാവ് ഭദ്രാസനം.**

ഉണ്ണീശോയുടെ തിരുപ്പിറവി നൽകുന്ന സ്നേഹത്തിന്റേയും സാമാധാനത്തിന്റേയും സന്ദേശവുമായി ഭക്തിസാന്ദ്രമായ ഒരു ക്രിസ്തുമസ്കൂടി ആഗതമാവുകയാണ്. ഈ ജനനസ്മരണ ദൈവജനത്തിന് ഭൂമിയിൽ വഴികാട്ടിയായി വർത്തിക്കുവാനും, കുരിശിലെ ത്യാഗം ഓർമ്മപ്പെടുത്താനും ഇടയാക്കട്ടേ. പുത്തൻ ഉണർവും, സ്നേഹസാന്ദ്രമായ വിശ്വാസവും പ്രദാനം ചെയ്ത് പ്രപഞ്ചനാഥൻ ലോകമാകുന്ന പുൽക്കൂട്ടിൽ ജനിക്കുന്ന ഈ മനോഹരനിമിഷത്തിൽ ഏവർക്കും ക്രിസ്തുമസ് പുതുവത്സരാശംസകൾ.



### മോൺ. ഷാജി മാണികുളം

**വികാരി ജനറാൾ, ഗുഡ്ഗാവ് ഭദ്രാസനം**

ക്രിസ്തുമസ് കാത്തിരിപ്പിന്റെ കാലമാണ്. പുത്രനായ യേശുവിന്റെ ജനനം ജീവിതത്തിൽ സാധ്യമാകുന്നതിനായി നാമും ഇന്ന് കാത്തിരിക്കണം. കാത്തിരിപ്പിന്റെ പിന്നിൽ സ്നേഹം ഉണ്ട്. സ്നേഹമുള്ളവർക്ക് മാത്രമേ കാത്തിരിക്കാൻ സാധിക്കുകയുള്ളൂ. രക്ഷകന്റെ ജനനം ആഘോഷിക്കാനായി നാം ഒരുങ്ങുമ്പോൾ രക്ഷകന് വേണ്ടി കാത്തിരിക്കാനായി നമുക്ക് സാധിക്കട്ടേ ഏവർക്കും ജനനത്തിരുനാളിന്റെ അനുഗ്രഹങ്ങൾ നേരുന്നു.



### മോൺ. ജോസ് കോന്നാത്തുവിള

**പ്രഥമ വികാരി ജനറാൾ, പാറശ്ശാല ഭദ്രാസനം**

തകർന്ന മനസ്സുകൾക്ക് പുതുജീവൻ പകരുന്ന തിരുന്നാളാണ് ക്രിസ്തുമസ് രക്ഷകനെ കാത്തിരുന്ന ലോകത്തിന് ദൈവം രക്ഷിതാവായിത്തീർന്ന സന്തോഷ സുദിനം. ലോകത്തിന്റെ രക്ഷ മുന്നിൽ കണ്ടുകൊണ്ട് ദൈവം തന്റെ ഏകജാതനെ പാപമോചനത്തിനായി നൽകുകയാണ്. ഇനി നാം അനാഥരല്ല, തകർന്നവരല്ല, നമ്മെ രക്ഷിപ്പാനായി ഒരു രക്ഷകൻ, കർത്താവായ യേശുക്രിസ്തു ഇന്നു പിറന്നിരിക്കുന്നു. യേശുവിന്റെ സാന്നിദ്ധ്യം അനുഭവിക്കുന്നവരായി ജീവിക്കാൻ നമുക്ക് സാധിക്കട്ടെ. ഏവർക്കും ക്രിസ്തുമസ് പുതുവത്സരാശംസകൾ.



### മോൺ. വർഗ്ഗീസ് മറ്റമന

**വികാരി ജനറാൾ, കട്കി- പൂനെ എക്സാർക്കേറ്റ്**

ക്രിസ്തുമസ് നമുക്ക് സ്വപ്നം കാണുവാനുള്ള അവകാശമാണ് പ്രധാനം ചെയ്യുന്നത്. ലോകപട്ടിണി പാവങ്ങളിൽ ഏതാണ്ട് പകുതിയോളം നിവസിക്കുന്ന ഇന്ത്യയിൽ എല്ലാവർക്കും ഭക്ഷണം ലഭ്യമാക്കുന്ന ഒരു രാഷ്ട്രത്തെ സ്വപ്നം കാണുവാൻ, ദുരന്തങ്ങളിൽ അകപ്പെട്ട കുടുംബങ്ങൾക്കും, വ്യക്തികൾക്കും പ്രത്യാശയുടെ ഒരു ഭാവിയെ സ്വപ്നം കാണുവാൻ, അടുത്ത വീട്ടിൽ താമസിക്കന്നവരെ ജാതിയുടെയും മതത്തിന്റേയും പ്രത്യേയശസ്ത്രങ്ങളുടെയും വേർതിരിവുകൾക്കപ്പുറത്ത് സ്വന്തം സഹോദരനാണെന്ന യാഥാർത്ഥ്യത്തെ സ്വപ്നം കാണുവാൻ, തെരുവിലിറങ്ങി നടക്കുമ്പോൾ വെറുപ്പിന്റേയും പകയുടേയും അവസ്ഥയില്ലാത്ത തെരുവോരങ്ങളെ സ്വപ്നം കാണുവാൻ, ട്രാഫിക്ക് സിഗ്നലുകളിൽ ഭിക്ഷാപാത്രവുമായി വരുന്ന കുഞ്ഞുങ്ങളില്ലാത്ത കവലകളെ സ്വപ്നം കാണുവാനുമാണ് ഈ ക്രിസ്തുമസ് നമുക്ക് അവസരം നൽകുന്നത്. ഏവർക്കും ക്രിസ്തുമസ് - പുതുവത്സരാശംസകൾ.

# നവാഭിഷിക്തർക്ക്

## ബത്തേരി രൂപതയുടെ പ്രാർത്ഥനാശംസകൾ



Fr. David Alingal
Cheeral



Fr. Geevarghese Madathil
Cheengeri



Fr. Varghese Panthappillil
Uppatty



Fr. Abraham Ashariparambil
Kammathy



Fr. Job Puthuparambil
Karuvarakundu





Fr. Eldho Kanjiramalyil
Korome



Fr. Varghese Kaniyaparambil
Kelakam

മലങ്കരനാദം
RHYTHM OF FAITH
Registered
KERMAL 15375/11/1/2013-TC
Ministry of Information and Broadcasting

മലങ്കരനാദം വായനക്കാർക്ക്

## ക്രിസ്തുമസ്
## പുതുവത്സരാശംസകൾ



Published by The Director, Communication Media, Diocese of Bathery
Catholic Bishops House, Sulthan Bathery, Wayanad, Kerala, Email: frphilipbty@gmail.com